2013
# ബിലീവേഴ്സ് ജേണൽ
ഡിസംബർ 10 | ക്രൈസ്തവ ലോകത്തെ വേറിട്ട ശബ്ദം... | വാല്യം 06 ലക്കം 23
RNI. NO. KERMAL/2008/26530 | POSTAL Reg. No. KL/TLA 225/2012 - 14 | Annual Subscription Rs.150/- | Pages:12




# കൃപയുടെ സുവിശേഷം എന്ന പേരിൽ നൂതന ദുരുപദേശം പ്രചരിക്കുന്നു

പാശ്ചാത്യ ആത്മീയതയുടെ ചുവടുപിടിച്ച്, അവർ പരിത്യജിച്ചതും ഉപരിപ്ലവവുമായ പുതുപ്രവണത ആത്മീയതയ്ക്ക് കേരളത്തിൽ ചുവടുറപ്പിക്കുവാനുള്ള ശ്രമങ്ങൾക്ക് ഒന്നരപതിറ്റാണ്ടുകളുടെ ചരിത്രമുണ്ട്. എം. എ. വർഗീസ്, അനിസൺ, ജോൺതാരു, മനുമേനോൻ, തങ്കു, തോമസ് കുട്ടി തുടങ്ങിയ ആളുകളായിരുന്നു ഇവിടെ അതിന്റെ മൊത്തവ്യാപാരികൾ. ഇവരിൽ തങ്കു ബ്രദർ തന്നെയാണ് തന്റെ ആത്മീയ ബിസിനസ്സ് സാമ്രാജ്യത്തിൽ തരക്കേടില്ലാതെ മുന്നേറിയത്. വ്യാജസിദ്ധനായ സന്തോഷ് മാധവന്റെ പുകൾപെറ്റ അറസ്റ്റും തോക്കുസ്വാമി മുതൽ പ്രാദേശിക ആൾ ദൈവങ്ങൾ വരെ നിയമ നടപടി നേരിടേണ്ടി വന്ന ഘട്ടത്തിൽ തങ്കു ബ്രദറിന്റെ സ്വർഗ്ഗീയ വിരുന്നും പ്രതിസന്ധി നേരിട്ടു. ആധുനിക ബിസിനസ്സ് തന്ത്രങ്ങൾ തന്റെ ആത്മീക പ്രവർത്തനങ്ങളിൽ സന്നിവേശിപ്പിച്ച തങ്കുവിന്റെ ഭൂതകാലം ഒരു ബിസിനസ്സിലും വിജയിക്കാത്തതും സാമ്പത്തിക തകർച്ചയുടേതായിരുന്നെങ്കിൽ സ്വർഗ്ഗീയ വിരുന്ന് ഇൻഡസ്ട്രി മുടക്കുമുതലില്ലാത്തതും പരസ്യങ്ങൾകൊണ്ടു മാത്രം നിലനിൽക്കുന്നതുമാകയാൽ പരീക്ഷണം മോശമായില്ല. നേരിയ ഇടിച്ചിൽ ഇപ്പോൾ ബിസിനസ്സിലുണ്ടെങ്കിലും കനത്ത തകർച്ചയൊന്നും തങ്കുവിന്റെ വിപണിക്ക് നേരിടേണ്ടി വന്നിട്ടില്ല. അക്കാലത്ത് തങ്കുവിനെ അനുകരിച്ച് നിരവധി ബ്രദറന്മാർ രംഗത്തെത്തി. ഇതിൽ ഡാമിയനും ഭാര്യ ക്ഷമാ ഡാമിയനുംപെടും. ഇവരുടെ ശൈലി സ്വീകരിച്ച് കുടുംബമായി കളത്തിലിറങ്ങുന്നത് ചെറുകിട ബ്രദറന്മാരും ശീലമാക്കിയിട്ടുണ്ട്.

ക്രിസ്തുവിന്റെ ക്രൂശുമരണം പരാജയമായിരുന്നുവെന്ന് പുത്തൻ തിയോളജി തങ്കു രൂപപ്പെടുത്തിയിട്ടും ഈ കൾട്ട് തലവനെ ചുമക്കാൻ ചില പെന്തക്കോസ്ത് മാധ്യമങ്ങൾപോലും തയ്യാറായിയെന്നത് എതിർക്രിസ്തുവിന്റെ സ്വാധീനശക്തിക്ക് തെളിവാണ്.

ഇതിനുപിന്നാലെ തങ്കുയിസത്തിന്റെ പെന്തക്കോസ്ത് ഭാഷ്യങ്ങളായി ചമഞ്ഞ ചില കുട്ടിദൈവങ്ങളെ നിർണ്ണായകമായ ഒരു തീരുമാനത്തിലൂടെ ഐ. പി. സി.യും ചർച്ച് ഓഫ് ഗോഡും ശാരോനും വിലക്ക് ഏർപ്പെടുത്തി പടിക്കുപ്പുറത്താക്കി. രണ്ടു വശത്തും നിന്ന് മെയ്യ് വഴക്കം കാട്ടിയ കെ. എ. ഏബ്രഹാമിന് പ്രസംഗവേദികളിൽ നിന്നും സ്വന്തം പ്രസ്ഥാനമായ ശാരോൻ പോലും അവഗണിച്ചു. സജിത്ത് കണ്ണൂർ, ജോൺ ലോറൻസ്, ബിജി അഞ്ചൽ മുതൽപേരും ഊരുവിലക്കുനേരിട്ട പ്രസംഗകരായി അറിയപ്പെട്ടു.

ഗ്രീക്കാണ് ഹീബ്രുവാണ് എന്നൊക്കെയുള്ള വ്യാജേന ലോകത്ത് ഒരു ഭാഷയിലും ഇല്ലാത്ത ചില വാക്കുകൾ പുലമ്പി തന്റേതായ അർത്ഥം നൽകി ജനങ്ങളിൽ മാസ്മരിക സുഖം ജനിപ്പിക്കുന്ന രീതിയാണ് ജോൺ ലോറൻസിന്റേതെങ്കിൽ ആന്ത്രാക്സ് ഭേദമാക്കൽ, എച്ച്. ഐ. വി. പോലുള്ള മാരകരോഗങ്ങളുടെ ഉടനടിയുള്ള സുഖപ്പെടുത്തൽ ഇതൊക്കെയാണ് സജിത്തിന്റെ അവകാശവാദങ്ങൾ. ഇവരുടെ പുതിയ പ്രസ്ഥാനം കൃപയുടെ സുവിശേഷം എന്ന പേരിൽ ബൈബിൾക്കൊണ്ട് തെളിയിക്കാനാവാത്ത വേദവിപരീതങ്ങളെ വേദികളിലേക്ക് എഴുന്നെള്ളിക്കുകയാണ്.

## അനിൽ കൊടിത്തോട്ടം

കൃപയുടെ സുവിശേഷം എന്ന പ്രയോഗം ബൈബിളിലുള്ളതാണ്. അതുതന്നെയാണ് തങ്ങൾ പറയുന്നത് എന്ന് വരുത്തിത്തീർക്കാൻ ഇവറ്റകൾ ശ്രമം നടത്തുന്നുവെങ്കിലും വസ്തുത അങ്ങനെയല്ല. ഈ പേരിൽ പ്രഥമദൃഷ്ട്യാ അപകടം ഒന്നും തോന്നുന്നില്ലായിരി

09

## ചർച്ചാ സമ്മേളനങ്ങൾ സംഘടിപ്പിക്കുന്നു

കൃപയുടെ സുവിശേഷം എന്ന പേരിൽ കടുത്ത ദുരുപദേശം ഇന്ന് ഇവിടെ പ്രചരിക്കുകയാണ്. ഇതു സംബന്ധമായി വിശ്വാസികളെ ബോധവൽക്കരിക്കേണ്ടതിനായി ക്രൈസ്തവ എഴുത്തുകാരുടെയും പത്രപ്രവർത്തകരുടെയും കൂട്ടായ്മയായ പെന്തക്കോസ്തൽ പ്രസ് കൗൺസിലിന്റെ ചുമതലയിൽ ചർച്ചാ സമ്മേളനങ്ങൾ നടത്തപ്പെടുന്നു.

**സ്ഥലം ചർച്ച് ഓഫ് ഗോഡ്, ഹാൾ കുമ്പനാട്.**
**സമയം 2014 ജനുവരി 8 ബുധൻ, 10am - 4pm**

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക
പാസ്റ്റർ ജെ. ജോസഫ് 9447455820, പാസ്റ്റർ രാജൂ ആനിക്കാട് 9446187207

ചർച്ച ആരംഭിക്കുന്നു

# എന്താണ് കൃപയുടെ സുവിശേഷം?

**കൃപയുടെ സുവിശേഷം എന്നു കേൾക്കുമ്പോൾ അപകടം ഒന്നുമില്ലെങ്കിലും ഈ പേരിൽ കടുത്ത ദുരുപദേശമാണ് ഒരു കൂട്ടം ആളുകൾ ഇവിടെ പ്രചരിപ്പിക്കുന്നത്. ഇവരുടെ പഠിപ്പിക്കലുകൾ എന്താണെന്ന് വായനക്കാരുടെ അറിവിലേക്കായി രേഖപ്പെടുത്തുന്നു. ദൈവജനത്തെ ബോധവൽക്കരിക്കേണ്ടതിനായി ഇത് സംബന്ധമായി ചർച്ച ഇവിടെ ആരംഭിക്കുന്നു. വായനക്കാരുടെ പ്രതികരണം അറിയിക്കുക.**

1. കൃപയും നിയമവും പരസ്പരം വിരുദ്ധമാണ്. {A.D. 85-160 ജീവിച്ചിരുന്ന മാർഷൻ ഈ വിശ്വാസം പഠിപ്പിച്ചിരുന്നു- പൗലോസ് അപ്പോസ്തലനെ സത്യവിശ്വാസത്തിന്റെ ആശ്രയിക്കാവുന്ന ഉറവിടമായി കണക്കാക്കിയ മാർഷൻ, ക്രിസ്തു കൊണ്ടുവന്ന രക്ഷയുടെ സന്ദേശം മനസ്സിലാക്കിയ ഒരേയൊരു അപ്പോസ്തലൻ പൗലോസായിരുന്നെന്ന് മാർഷൻ കരുതി.}

2. കൃപ ഏകപക്ഷീയവും ന്യായരഹിതവുമാണെന്ന് പഠിപ്പിക്കുന്നു. (ദൈവീകനീതി മാനുഷിക നീതിപോലെയല്ല എന്നു മനസ്സിലാക്കുന്നില്ല....വിശ്വാസത്തിന്റേയും അനുസരണയുടേയും പ്രാധാന്യം കുറച്ചു കാണിക്കുന്നു.

3. ക്രിസ്തീയത ആദ്യംമുതൽ അവസാനം വരെ സൗജന്യമാണ് എന്ന് പഠിപ്പിക്കുന്നു.(സ്വർഗ്ഗരാജ്യം ഒരു ക്ഷേമരാഷ്ട്രം പോലെയാണ് എന്ന് പഠിപ്പിക്കുന്നു.

4. വിശ്വാസികൾ പാപക്ഷമ ചോദിക്കേണ്ടതില്ല.

5. മോശെയും ക്രിസ്തുവും വിരുദ്ധനിലപാടുകളാണ് പഠിപ്പിച്ചത്.

6. നിയമം ദുഷ്ടരെ കുറ്റം വിധിക്കുന്നു അതുകൊണ്ട് ക്രിസ്തു നിയമത്തെ നീക്കം ചെയ്തിരിക്കുന്നു.

7. നിയമത്തെക്കുറിച്ച് പഠിപ്പിക്കുന്നത് ജനത്തെ പാപം ചെയ്യാൻ പ്രേരിപ്പിക്കുന്നു അതിനാൽ അവ സഭകളിൽ പരമാവധി ഒഴിവാക്കണം.

8. നീതീകരണം എന്നദാനം നമ്മൾ പാപി ആയിരിക്കുന്ന അവസ്ഥയിൽ നല്കിക്കൊണ്ടിരിക്കുന്നു.

9. ക്രിസ്തുവിന്റെ ക്ഷമ വ്യവസ്ഥകളില്ലാത്തതാണ്.

10. പഴയനിയമത്തിൽ ദൈവം നിത്യമായി കോപിച്ചിരിക്കുന്നു. എന്നാൽ പുതിയനിയമത്തിൽ ദൈവം നിത്യമായി സന്തോഷിക്കുന്നു.

11. ദൈവം രാഷ്ട്രങ്ങളുടെ ദുഷ്ടതയ്ക്ക് അവയെ ശിക്ഷിക്കില്ല.

12. ദൈവം ജനങ്ങളേയും, നഗരങ്ങളേയും, രാഷ്ട്രങ്ങളെയും ശിക്ഷിച്ചാൽ ദൈവം യേശുവിനോട് ക്ഷമ ചോദിക്കേണ്ടിവരും.

13. വിശ്വാസികളെ അവരുടെ പാപത്തിന് ശിക്ഷിക്കുകയില്ല.

14. നമ്മൾ പാപം ചെയ്യുന്നത് അവസാനിപ്പിക്കുന്നില്ല....എന്നാൽ ദൈവം നമ്മുടെ ഈ അവസ്ഥയിൽ തൃപ്തനാണ്.

15. ദൈവത്തെ നാം കൂടുതൽ അറിഞ്ഞതുകൊണ്ട്

03

## സാക്ഷി



കൃപയുടെ സുവിശേഷകർ ദുരുപദേശം പ്രചരിപ്പിക്കുന്നു

*മുപ്പതുവെള്ളിക്കാശിന് പ്രാണനാഥനെ ഒറ്റിക്കൊടുത്ത യൂദാ ഇവരേക്കാൾ എത്രയോ ഭേദം*

# ചർച്ച് ഓഫ് ഗോഡ് കൗൺസിൽ ഇലക്ഷനിൽ യുവതരംഗം
# ഭരണവിരുദ്ധ വികാരം ശക്തം

**മുളക്കുഴ:** ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് കൗൺസിലിലേക്കുള്ള തെരഞ്ഞെടുപ്പിൽ യുവസ്ഥാനാർത്ഥികൾക്ക് അനുകൂല തരംഗം. ജനുവരി 7- ന് സഭാആസ്ഥാനത്ത് നടക്കുന്ന തെരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥികളുടെ വൻപട തന്നെയാണ് രംഗത്തെത്തിയിരിക്കുന്നത്. വളരെ നിർണ്ണായകമായ തെരഞ്ഞെടുപ്പാണ് ഇത്തവണ നടക്കുന്നത്. കൂടുതൽ സീനിയർ ശുശ്രൂഷകൻമാരും യുവാക്കളും മാറ്റുരയ്ക്കുന്ന തെരഞ്ഞെടുപ്പിൽ തീപാറുന്ന മത്സരമായിരിക്കും നടക്കാൻ പോകുന്നത്. ജനുവരിയിൽ നടക്കുന്ന പ്രിഫറൻസ് ബാലറ്റിന് മുന്നോടിയായുള്ള ഈ തെരഞ്ഞെടുപ്പിനെ സെമിഫൈനൽ മത്സരമായിട്ടാണ് പലരും നോക്കി കാണുന്നത്. സ്റ്റേറ്റ് ഓവർസീയർക്കെതിരെയുള്ള ഭരണവിരുദ്ധ തരംഗം ഈ തെരഞ്ഞെടുപ്പിൽ പ്രതിഫലിക്കാനാണ് സാധ്യത. ഓവർസീയറുടെ നിലപാടുകളെ ആശയപരമായി എതിർക്കുന്നവരുടെ ഒരു ചേരി രൂപപ്പെട്ടുവരുന്നുണ്ട്. ഓവർസീയറെ പ്രത്യക്ഷമായോ പരോക്ഷമായോ പിന്തുണയ്ക്കുന്നവരെ ബഹിഷ്ക്കരിക്കാനുള്ള ശ്രമത്തിലാണ് ശുശ്രൂഷകൻമാർ. ഓവർസിയറുടെ സ്പോൺസേർഡ് സ്ഥാനാർത്ഥികളായ ചില കുറ്റിച്ചൂലുകൾക്കെതിരെ പ്രതിഷേധം ശക്തമാകാൻ സാധ്യതയുണ്ട്. കഴിഞ്ഞ തെരഞ്ഞെടുപ്പുകളിൽ ജനം ചവച്ചുതുപ്പിയ ചില കളങ്കിതർ ഇപ്രാവശ്യവും ഒരു കൈ പരീക്ഷിക്കുന്നുണ്ട്, വിവാഹമോചനം, പുനർവിവാഹം, ആഭരണധാരണം, ന്യൂജനറേഷൻ കോപ്രായങ്ങളോടുള്ള നിലപാട്, അവിഹിതമായ സമ്പത്ത് ആർജിക്കൽ എന്നീ വിഷയങ്ങൾ കൃത്യമായ നി

04

ബിലീവേഴ്സ് ജേണൽ

പത്രാധിപ സമിതി

രക്ഷാധികാരി
റവ. ജോർജ്ജ് വി. മേക്കാട്ട്

ചീഫ് എഡിറ്റർ
പാസ്റ്റർ സാംകുട്ടി മാത്യു

മാനേജിംഗ് എഡിറ്റർ
എം.വി. ഫിലിപ്പ്

ഗൾഫ് എഡിറ്റർ
പാസ്റ്റർ ബിജു ജോയി

കോർഡിനേറ്റർ
പാസ്റ്റർ കെ. ജെ. മാത്യു

മലബാർ കോർഡിനേറ്റർ
പാസ്റ്റർ സജി നെടുങ്കണ്ടം

ബിലീവേഴ്സ് ജേണൽ
വാർഷിക വരിസംഖ്യ
ഇന്ത്യയിൽ: 150 രൂപ
യു.എസ്.എ. & കാനഡ: $ 40
യു.കെ: £ 20
ഗൾഫ് രാജ്യങ്ങൾ: 1500 രൂപ

വരിസംഖ്യ അയയ്ക്കേണ്ട വിലാസം
ബിലീവേഴ്സ് ജേണൽ
P.O.Box:31
Manjadi .P.O.,
Thiruvalla - 689 105
Kerala, India

Mob: 9447368795 (INDIA)

E- mail
beljourn@gmail.com

Website
www.beljourn.in
www.bjournal. Org

# കൃപയുടെ സുവിശേഷം അപകടം തിരിച്ചറിയുക




ഞങ്ങൾ പെന്തക്കോസ്തുകാരല്ല. ഞങ്ങൾ കൃപയുടെ സുവിശേഷകർ എന്ന പേരിൽ കേരളത്തിലെ ഒരുപറ്റം സുവിശേഷകരുടെ ഫോട്ടോ ഫേസ്ബുക്കിൽ പ്രചരിച്ചപ്പോൾ അത് വലിയ ഒരു അപകടത്തിന്റെ മുന്നറിയിപ്പാണെന്ന് തോന്നിയില്ല. തുടർന്ന് പല ക്രൈസ്തവ മാധ്യമങ്ങളും കൃപയുടെ സുവിശേഷകർക്കെതിരെ രംഗത്ത് വന്നു. ഇപ്പോൾ ഇക്കൂട്ടർ ക്യാൻസർപോലെ പെന്തക്കോസ്ത് പ്രസ്ഥാനങ്ങളെ കൃപയുടെ സുവിശേഷം എന്ന പേരിൽ വിഴുങ്ങുവാൻ ശ്രമിക്കുന്നു. കൃപയുടെ സുവിശേഷം എന്നു കേൾക്കുമ്പോൾ അപകടം തോന്നില്ലെങ്കിലും വിശുദ്ധവേദപുസ്തകത്തിന്റെ പഠിപ്പിക്കലുകളുടെ അന്തസത്തയ്ക്കു യോജിക്കാത്തതാണ് ഇവരുടെ പഠിപ്പിക്കലുകൾ. കഴിഞ്ഞദിവസം ഞങ്ങളുടെ ഓഫീസിൽ കണ്ടുമുട്ടിയ ഒരു ഹൈന്ദവ വ്യക്തി പറഞ്ഞകാര്യങ്ങൾ കേട്ടപ്പോൾ ഞെട്ടിപ്പോയി. ഈ വ്യക്തി പ്രാർത്ഥനയ്ക്കായി ചങ്ങനാശ്ശേരിയിലുള്ള സജിത്ത് ജോസഫിന്റെ ആരാധനയ്ക്കായി ചെന്നു. കർതൃമേശയുമായി തന്റെ അടുക്കൽ എത്തിയ ആളോട് തനിക്ക് ഇതെടുക്കാമോ എന്നു ചോദിച്ചപ്പോൾ കർത്താവിനോട് ചേരാൻ താത്പര്യമുള്ള ആർക്കും എടുക്കാം എന്ന മറുപടിയാണത്രെ കിട്ടിയത്. രക്ഷിക്കപ്പെടാത്ത, സ്നാനം ഏൽക്കാത്ത ഈ വ്യക്തി രണ്ട് ആഴ്ചകളിൽ കർതൃമേശ എടുത്തത്രെ. ഞങ്ങളുടെ അന്വേഷണത്തിൽ അത് അവിടുത്തെ മാത്രമല്ല മിക്ക റാഡിക്കൽ ഗ്രേയ്സ് ആരാധനക്കാരുടേയും ഇടയിൽ പതിവാണ്. ഇവർ വളരെ വാചാലമായി സംസാരിക്കുന്നു. പെന്തക്കോസ്ത് പ്രസ്ഥാനങ്ങളെ കുറ്റം പറയുന്നു, ഉപദേശങ്ങൾ പഠിപ്പിക്കുന്നില്ല. ജനങ്ങളെ അയച്ചുവിടുന്നു. ജീവിതത്തിൽ ഒന്നും മാറേണ്ടതില്ലാത്തതിനാൽ ജനം പിന്നാലെയെത്തുന്നു. ബൈബിൾ കോളേജുകളിൽ പഠിക്കുന്നതിനെ പരിഹസിക്കുന്ന ഇക്കൂട്ടർ സ്വയം പുകഴ്ചയായി പറയുന്നത് ഇക്കൂട്ടരിൽ പൊതുവായിട്ടുള്ളത് ഞങ്ങൾ എവിടേയും പോയി പഠിച്ചില്ല എന്നതാണ്. അങ്ങനെ പഠിച്ചിട്ടില്ല എന്നതിന്റെ ഏറ്റവും വലിയ ഗുണവും ഈ കൃപയുടെ സുവിശേഷകരിൽ കാണുവാനുണ്ട്. അതെന്താണെന്നു വച്ചാൽ അറിവില്ലാത്തതിനാൽ തന്നെ വചനത്തെ ഏതുനിലയിലും വ്യാഖ്യാനിക്കാം. പൊട്ടത്തരങ്ങളും ദുരുപദേശങ്ങളും വിളിച്ചുകൂവാം. വളയത്തിലൂടെ ചാടാൻ പ്രയാസപ്പെടണം. വളയമില്ലെങ്കിൽ എങ്ങനേയും ചാടാമല്ലോ.

AD 85-160-ൽ ജീവിച്ചിരുന്ന മാർഷൻ ആണത്രേ ഈ ദുരുപദേശം ആദ്യമായ് പ്രചരിപ്പിച്ചത്. വിശ്വാസികൾ പാപക്ഷമ ചോദിക്കേണ്ടതില്ലെന്നും യേശുക്രിസ്തു സഭയെ അഭിസംബോധന ചെയ്തിട്ടില്ലെന്നും പൗലോസ് മാത്രമേ അത് ചെയ്തിട്ടുള്ളൂവെന്നും അതിനാൽ പൗലോസിന് മാത്രമേ പ്രമാണം പ്രബോധനം ഇവ ഉണ്ടാക്കാനുള്ള അവകാശമുള്ളത്രേ. പഴമൊഴി പറയുന്നതുപോലെ ഉടയവനെ പിടിച്ചുകെട്ടുന്ന കാലം എന്നല്ലാതെ എന്തു പറയാൻ. ദൈവം രാഷ്ട്രങ്ങളുടെ ദുഷ്ടതയ്ക്ക് അവയെ ശിക്ഷിക്കില്ല. വിശ്വാസികളെ അവരുടെ പാപത്തിന് അവരെ ശിക്ഷിക്കയില്ല, ഒരിക്കൽ രക്ഷിക്കപ്പെട്ടാൽ രക്ഷ നഷ്ടപ്പെടില്ല ഇങ്ങനെ ധാരാളം അബദ്ധങ്ങളും അപകടകരവുമായ പഠിപ്പിക്കലാണ് ഇക്കൂട്ടർ നടത്തുന്നത്. ഇവർ ഇത്രയധികം അപകടകരമായ നിലയിൽ മുന്നേറുമ്പോഴും ഏറ്റവും ദുഃഖകരമായ യാഥാർത്ഥ്യം നമ്മുടെ പലസഭകളിലും ഇവർക്ക് വേദി കൊടുക്കുന്നു. നമ്മുടെയിടയിലെ പലപ്രസിദ്ധരായ പ്രസംഗകരും നേതാക്കളും ഇവരോടൊപ്പം വേദി പങ്കിടുന്നു. പെന്തക്കോസ്തിന്റെ ആദ്യകാലങ്ങളിൽ ദുരുപദേശങ്ങളെ ഖണ്ഡിക്കുന്ന പ്രസംഗ പരമ്പര തന്നെയുണ്ടായിരുന്നു. വചനം പഠിപ്പിക്കുന്നവരായിരുന്നു പിതാക്കൻമാർ. ഇന്നാകട്ടെ നേതൃത്വം അനങ്ങാപ്പാറനയം സ്വീകരിച്ചിരിക്കുന്നു. പെന്തക്കോസ്തിന്റെ പഠിപ്പിക്കലുകളും ഉപദേശങ്ങളും തന്നെയാണ് എന്നും വേദപുസ്തകത്തോട് നീതി പുലർത്തുന്നത് എന്നതിൽ തർക്കമില്ല. എന്നാൽ അധികാരമോഹികളും ദ്രവ്യാഗ്രഹികളും ജഢികരുമായ നേതാക്കൻമാരുടെ കൈപ്പിടിയിലാണ് മിക്ക പെന്തക്കോസ്ത് പ്രസ്ഥാനങ്ങളും, മദ്യപാനികൾ,, വ്യഭിചാരികൾ, ഗുണ്ടായിസം നടത്തുന്നവർ, തട്ടിപ്പുകാർ ആത്മീയതയുടെ മറവിൽ വൻ ബിസിനസ്സ് നടത്തുന്നവർ, സിനിമാരംഗത്തുവരെ പണം മുടക്കുന്നവർ ഇങ്ങനെ തട്ടിപ്പുകാരായ നേതാക്കൻമാർ പെരുകുന്നു. ഇക്കൂട്ടർക്ക് ഇത്തരം ദുരുപദേശങ്ങൾ വളരെ പ്രീയംതന്നെ. കാരണം ന്യായവിധിയില്ല എന്ന് കേൾക്കുന്നതാണല്ലോ ഇക്കൂട്ടർക്കും ഒരാശ്വാസം.

കൃപയുടെ സുവിശേഷത്തിലെ അപകടം ജനം തിരിച്ചറിയണം. ഇതിനെക്കുറിച്ചുള്ള നിങ്ങളുടെ പ്രതികരണം ഞങ്ങളെ അറിയിക്കുക.

വിധിയും വിചാരണയും

# ഒരു പ്രസംഗകാലവും, പിന്നെ പ്രസംഗ മോഷ്ടാക്കളും



രാജു ആനിക്കാട്

ബൈബിൾ വളരെ പ്രാധാന്യം നൽകി പറഞ്ഞിട്ടുള്ള ഒരു ധാർമ്മിക തത്വമാണ് മോഷ്ടിക്കരുതെന്നുള്ളത്. അത് ഏന്തൊക്കെയാണെന്ന് രേഖപ്പെടുത്തിയിട്ടില്ല. മറ്റുള്ളവരുടെ അധീനതയിലും അവരുടെ അവകാശത്തിലുമിരിക്കുന്നത് അപഹരിച്ച് സ്വന്തമാക്കുന്നതൊക്കെ മോഷണത്തിന്റെ പരിധിയിൽപ്പെടുത്താം നമ്മുടെ സാധാരണ വ്യാഖ്യാന ശാസ്ത്രം അനുസരിച്ച് സ്ഥാവര ജംഗമ സ്വത്തുക്കളുടെ അപഹാരമാണ് അപരാധം എന്നുതോന്നും വിധമാണ് കാര്യങ്ങൾ മുമ്പോട്ട് പോകുന്നത്. ഒരാളുടെ ബൗദ്ധിക, വൈജ്ഞാനിക സ്വത്തുക്കളുടെ അപഹരണം മോഷണത്തിന്റെ ഉയർന്ന നിലവാരമാണെന്ന് ചിന്തിക്കാത്തതാവാം ഈ രംഗത്ത് അടിച്ചുമാറ്റം തകൃതിയായി നടക്കുന്നതിന്റെ കാരണം. ഈ പരിപാടി കുറ്റകരമായ ധാർമ്മിക വീഴ്ചയാണെന്ന് നമ്മുടെ ഉന്നതന്മാർ പലരും മനസിലാക്കുന്നില്ല.

സമീപകാലത്തെ പ്രസംഗകരുടെ ഇടയിലെ ഒരു പ്രധാന പ്രശ്നമാണ് പ്രസംഗം അടിച്ചുമാറ്റൽ. മുൻകാലത്തും ഈ പരിപാടി അല്പസ്വൽപ്പമൊക്കെ നടന്നിട്ടുണ്ടെങ്കിലും ഇപ്പോഴാണ് ശ്രദ്ധിക്കപ്പെടുന്ന നിലയിൽ ഈ പ്രവണത കളംപിടിച്ചത്. സുവിശേഷ പ്രഭാഷകരംഗം വളരെ സജീവമായിട്ടുണ്ട്. ഒരു പ്രസംഗകാലം കേരളത്തിൽ തന്നെ നൂറുകണക്കിന് യോഗങ്ങളാണ് നടക്കുന്നത്. ഇവിടങ്ങളിലൊക്കെ പ്രസംഗിക്കാൻ വളരെ ചുരുക്കം ആളുകളാണ് നമുക്കുള്ളത്. അവരിൽ തന്നെ പേരും പ്രശസ്തിയുമുള്ളവർ വിരലിലെണ്ണാവുന്നവർ. ഇക്കാരണംകൊണ്ടാവാം പ്രസംഗ മോഷ്ടാക്കളിൽ പ്രമുഖൻമാർ തന്നെയാണ് മുൻനിരയിൽ. ഇതേക്കുറിച്ച് നാം ഗൗരവമായി ഇപ്പോഴെ ചിന്തിച്ച് തുടങ്ങിയില്ലെങ്കിൽ കേരളത്തിൽ ജീവിക്കാൻ പറ്റാണ്ടാവും.

ആരും ജനിക്കുമ്പോഴേ സർവ്വജ്ഞന്മാരല്ല. പഠന ഗവേഷണങ്ങളിലൂടെയാണ് എല്ലാവരും പണ്ഡിത പട്ടം നേടുന്നത്. ഗ്രന്ഥങ്ങളും ക്ലാസ്സുകളും പ്രഭാഷണങ്ങളുമെല്ലാം ഈ വൈജ്ഞാനിക വളർച്ചയ്ക്ക് വളമേകുന്ന ഘടകങ്ങളാണ്. ഉത്തമനായ പ്രഭാഷകനും സൈദ്ധാന്തികന്മാരും ഇത്തരം വൈജ്ഞാനിക സ്രോതസ്സുകളെല്ലാം അവരുടെ ചിന്തയ്ക്ക് മൂർച്ച കൂട്ടാൻ ഉപയോഗിക്കുന്നുമുണ്ട്. വായിക്കാതെയും കേൾക്കാതെയും പഠിക്കാതെയും ആർക്കും ഈ ബൗദ്ധീക സമൂഹത്തോട് സമർത്ഥമായി സംവദിക്കാൻ സാധിക്കില്ല. പൊതു സമൂഹത്തോട് പ്രസംഗിക്കുന്ന ആളുകൾ ഓരോനിമിഷവും കണ്ണും കാതും തുറന്നുപിടിച്ച് സമൂഹത്തിൽ നിന്നു പഠിക്കേണ്ടവരാണ്. അതുതന്നെ മറ്റുള്ളവർക്ക് പകർന്നു കൊടുക്കാൻ നാം ബാദ്ധ്യസ്ഥരുമാണ്. അതിലൊന്നും ഗുരുതരമായ ഒരു തെറ്റു പറയാനില്ല. എന്നാൽ നമ്മുടെ ഇടയിലെ പ്രശ്നം അതല്ല. മറ്റുള്ളവൻ ആയാസപ്പെട്ട് സമ്പാദിച്ച വിവര വൈജ്ഞാനിക സമ്പത്ത് അനായാസം അടിച്ചുമാറ്റി വേദികളിൽ തിളങ്ങാൻ ചിലർ ശ്രമിക്കുന്നു എന്ന ലജ്ജാവഹമായ പ്രശ്നമാണ്. ഇത് അധ്വാനിക്കാതെ സമ്പാദിക്കാനുള്ള ആധുനിക സമൂഹത്തിന്റെ ബാധയുടെ ഭാഗമായി കാണേണം. മുതൽ മുടക്കാതെ ലാഭം കൊയ്യുന്നവരുടെ രീതിയാണിത്. ക്രൈസ്തവരുടെ സദാചാരത്തിന്റെ അടിത്തറ ഇളക്കുന്ന അപമാനമാണിത്. ഇതിനെ സഹിക്കാൻ ആത്മാഭിമാനമുള്ളവർക്കാവില്ല. അതുകൊണ്ട് നമ്മുടെ ഇടയിലെ പ്രശസ്തരായ പ്രസംഗ മോഷ്ടാക്കൾ പുനർ വിചിന്തനം നടത്തേണ്ടിയിരിക്കുന്നു.

ഒരു പ്രസംഗം മോഷണമാകുന്നതെപ്പോഴാണ്. നല്ല ഗ്രന്ഥങ്ങൾ വായിച്ചു പഠിച്ച് അത് ശ്രോതാക്കൾക്ക് നൽകുന്നതിൽ തെറ്റുപറയാനൊക്കില്ല. കാരണം ഗ്രന്ഥകാരൻ അത് സമൂഹത്തിനുവേണ്ടി നൽകിക്കഴിഞ്ഞതാണ്. അതിന്റെ പിതൃത്വം അദ്ദേഹത്തിനാണെങ്കിലും അതിന്റെ പ്രചാരണം ആർക്കും നിർവ്വഹിക്കാം. ഏറ്റവും കുറഞ്ഞത് നാം അത് വായിക്കുവാനും ധ്യാനിക്കുവാനുമെങ്കിലും അധ്വാനിക്കുന്നുണ്ടല്ലോ. വേണമെങ്കിൽ ഗ്രന്ഥത്തിന്റെ പേരുകൂടി പറഞ്ഞാൽ പിന്നെ ഒരു പ്രശ്നവുമില്ല. അതുകൊണ്ട് ഗ്രന്ഥങ്ങളിൽ നിന്നു പഠിച്ചു പറയുന്ന ഒരു പ്രസംഗം മോഷണമാകുന്നില്ല.

എന്നാൽ വായിച്ചും പഠിച്ചും ഗവേഷണം നടത്തിയും മണിക്കൂറുകൾ ചെലവഴിച്ച് ദൈവത്തിൽ നിന്നും പ്രാപിച്ച് പറയുന്ന ഒരു പ്രസംഗം വള്ളി പുള്ളി വിടാതെ പകർത്തിയെടുത്ത് വേദികൾത്തോറും പറഞ്ഞു നടന്ന് പണമുണ്ടാക്കുന്നത് മോഷണമാണ് . ഇവരെ പ്രസംഗ മോഷ്ടാക്കൾ എന്നു വിളിക്കാം. വാഴക്കുല മോഷ്ടാവ്, ഭണ്ഡാര മോഷ്ടാവ്, പണ്ഡ മോഷ്ടാവ് എന്നിവരെപ്പോലെതന്നെ ഇവരും മോഷണക്കാരാണെന്ന് സാരം.

ഒരാളുടെ പ്രസംഗം കേട്ടിട്ട് അതിൽനിന്നു പോയിന്റുകളോ ആശയങ്ങളോ പകർത്തിപറയുന്നത് മോഷണമല്ല. അത് ഈ പ്രസംഗം നമ്മെ സ്വാധീനിച്ചു എന്നതിന്റെ തെളിവു കൂടെയാണ്. കൂട്ടത്തിൽ ഒരു കടപ്പാടു കൂടെ രേഖപ്പെടുത്തിയാൽ പ്രശ്നം തീർന്നു. എന്നാൽ ഇന്നത്തെ സ്ഥിതി അതല്ല. നമ്മുടെ ചില പ്രമുഖ കൺവൻഷൻ പ്രസംഗകർ ഒരു പ്രസംഗകാലത്ത് ഗോദയിലേക്ക് ഇറങ്ങുന്നതിന് മുമ്പ് ഒരു ദീർഘ ഉപവാസ യജ്ഞം നടത്താ

09

അറിയിപ്പ്

ബിലീവേഴ്സ് ജേണലിൽ വരുന്ന ലേഖനങ്ങളിലെയും പതിവു പംക്തികളിലെയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്വം എഴുത്തുകാർക്കുമാത്രമാണ്.

പത്രാധിപർ

വേദ പഠനം

# ഇടയ ലേഖനങ്ങൾ
## (The Pastoral Epistles)

ഭാഗം: ഒന്ന്

– തുടർച്ച–



എഡിസൺ തോമസ്
വേങ്ങൂർ, 9961336353

**അദ്ധ്യായം 1**

**മുഖവുര: അഭിവാദനം, വാ: 1–2**

വിദ്യാസമ്പന്നനായ പൗലോസ് വിശ്വാസത്തിൽ നിജപുത്രനായ തിമോഥെയോസിന് ലേഖനം എഴുതുമ്പോൾ അന്നത്തെ ആചാരരീതിയിലാണ് ഈ കത്ത്/ലേഖനം എഴുതുന്നത്. രാഷ്ട്രീയപരമായി റോമാ സംസാക്കാരവും ആചാരങ്ങളും അനുഷ്ഠാനങ്ങളും യവനവും നിലനിന്നിരുന്ന കാലഘട്ടത്തിലാണ് ഈ ലേഖനം എഴുതുന്നത്. അന്നു ലെറ്റർ എഴുതുമ്പോൾ എഴുതുന്ന വ്യക്തിയുടേയും ആർക്ക് എഴുതുന്നുവോ അവരുടെ പേരും ലേഖനത്തിൽ തുടക്കത്തിൽ തന്നെ പരാമർശിക്കുമായിരുന്നു. ആയതുപോലെ ഈ ലേഖനവും അങ്ങനെ വന്ദനം ചൊല്ലിയാണ് എഴുതുന്നത്. യേശുക്രിസ്തു രക്ഷിതാവും തിമെ: 2:3, 4:10, തിമോ 1:3,2:10,3:4,എഫോ :5:23, ഫിലി :3:20, 2 തിമോ 1:4, 2:13, 3:6 നമ്മുടെ പ്രത്യാശയും എന്ന് വ്യക്തമായി പ്രസ്താവിച്ചുകോണ്ടാണ് ലേഖനം എഴുതുന്നത്. കൂടാതെ താൻ യേശുക്രിസ്തുവിന്റെ അപ്പോസ്തലൻ എന്നു കൂടി സ്ഥിരീകരിക്കുകയാണ്. കർത്താവിന്റെ ശുശ്രൂഷ തുടരാൻ നിയോഗിക്കപ്പെട്ടവരാണ് അപ്പോസ്തലൻമാർ. മാർക്കെ 3:14, ലൂക്കോ : 6:12 – 13 ,യോഹ:15:27 പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്നവരാണ് അവർ. ,യോഹ :14:25 – 26, 16:12–13.

അപ്പോസ്തലൻ എന്ന വാക്കിനു ഗ്രീക്കിൽ അപ്പോസ്തലോസ് (Apostolos) എന്ന പദമാണ് ഉപയോഗിച്ചിരിക്കുന്നത്. സുറിയാനി ഭാഷയിൽ ശ്ളീഹ എന്നും വിളിക്കുന്നു. അപ്പോസ്തലൻ എന്നതിന്റെ അർത്ഥം " അയയ്ക്കപ്പെട്ടവൻ" അല്ലെങ്കിൽ ഒരു അധികാരിക്കു പകരം അതേ അധികാരത്തോടെ അയയ്ക്കപ്പെട്ടവൻ. വ്യക്തമായി പറഞ്ഞാൽ ഒരു രാജാവ് ഉദ്യോഗസംബന്ധമായി തനിക്ക് പോകുവാൻ കഴിയാത്ത കാലത്ത് തനിക്ക് പകരമായി ഉദ്യോഗസ്ഥൻമാരിൽ ആരെയെങ്കിലും തന്റെ അധികാരത്തോടെ അയയ്ക്കുന്നതാണ് ഈ പദം കൊണ്ട് ഉദ്ദേശിക്കുന്നത്.

**ആരാണ് അപ്പോസ്തലൻമാർ**

**I. തിമൊഥെയോസിന്റെ മറ്റൊരു വിഷയ വിഭജനം :**

I. അഭിവാദനം 1:1 –3

II. ദൈവസഭ 1:3 –3:13

- A. അതിന്റെ ഉപദേശം : 1:3 – 20
- B. അതിന്റെ ആരാധന, 2: 1 –15
- C . അതിന്റെ ഭരണക്രമം,3:1–13

II. തിമൊഥെയോസിന്റെ ശുശ്രൂഷ : 3:14– 6:19

- A. നടപ്പ് (വ്യക്തിപരം) 3:14– 4:16
- B. ശുശ്രൂഷ (ഔദ്യോഗികം)5:1–6:19

**ഉപസംഹാരം 6:20–21**

(കടപ്പാട്)

**സഭ ദൈവത്തിന്റെ ആലയം (ഭവനം) എന്ന നിലയിലുള്ള വിഭജനം**

| | |
|---|---|
| 1. പ്രവേശനമുറി | 1:1– 15 |
| 2. പ്രർത്ഥനാമുറി | 2:1–2,8,10 |
| 3. ശുശ്രൂഷാമുറി | 3:1–15 |
| 4. പ്രസംഗമുറി, | 4,6,12 |
| 5. സംഭരണ മുറി, | 5:17–18 |
| 6. സാമ്പത്തികമുറി, | 6:8–10,17–19 |

(കടപ്പാട്)

കർത്താവായ യേശുക്രിസ്തുവിന്റെ പരസ്യശുശ്രൂഷാകാലത്ത് തന്നോടുകൂടെ സഹവസിക്കുവാനും തന്റെ ആജ്ഞകൾ പാലിക്കുവാനും ഉപദേശങ്ങൾ പഠിപ്പിക്കുവാനും അത് പ്രചരിപ്പിക്കുവാനും അവനെ സഹായിക്കുവാനുമായി ചിലരെ ശിഷ്യരായി തിരഞ്ഞെടുത്തു, നേരം വെളുത്തപ്പോൾ അവൻ ശിഷ്യൻമാരെ അടുക്കെ വിളിച്ചു, അവരെ 12 പേരെ തിരഞ്ഞെടുത്തു. അവർക്ക് അപ്പോസ്തലൻമാർ എന്ന് പേർ വിളിച്ചു. ലൂക്കോ 6:12 – 13 . കർത്താവിന്റെ അപ്പോസ്തലൻമാരിൽ പന്ത്രണ്ടു പേർ അല്ലാതെ പതിമൂന്നുപേർ ഉണ്ടായിരുന്നില്ല. യേശുക്രിസ്തു തിരഞ്ഞെടുത്ത അപ്പോസ്തലൻമാരുടെ യോഗ്യതകൾ.

A. യേശുക്രിസ്തുവിനാൽ തിരഞ്ഞെടുക്കപ്പെട്ടവരും അയയ്ക്കപ്പെട്ടവരും ആയിരിക്കണം., മാർക്കെ 10:2, ലൂക്കോ :6:13, മത്താ :28: 18–20 ,യോഹ:13:18, 15:16,19 ഗലാ:1:6.

B. യേശുക്രിസ്തുവിന്റെ പുനരുത്ഥാന സാക്ഷികളായിരിക്കണം. അപ്പോ.പ്ര.1:8,22, 1കൊരി : 9:1, 15:8 ഗല: 1:12 എഫെ: 3:2–8, 1 യോഹ:1:1 –3.

C. പുതിയനിയമസഭയുടെ വെളിപ്പാടുകൾ സ്വീകരിച്ചവനായിരിക്കണം. എഫെ :3:5, മത്താ:10:20, യോഹ:14:26, 15:26, 1കൊരി: 2:10–13, 7:40, 1 തെസ്സ:4:8

D. സുവിശേഷം പ്രസംഗിച്ച് സഭകൾ സ്ഥാപിച്ചവനായിരിക്കണം. എഫെ: 2:20, അ: പ്ര: 26: 16 –18, 2 തിമോ: 4:7–8

E. ശുശ്രൂഷസമയങ്ങളിൽ അത്ഭുതങ്ങളും അതിശയങ്ങളും നടന്നു ശുശ്രൂഷ ചെയ്തവനായിരിക്കണം, മത്താ :10:1,8, അ:പ്ര:2:43, 3:2, 5:18–19, ഗലാ:2:8.

പ്രസ്തുത യോഗ്യതകളുടെ അടിസ്ഥാനത്തിൽ പൗലോസ് അപ്പൊസ്തലനായിരുന്നുവോ? അതെ, തീർച്ചയായും, ചില വേദഭാഗങ്ങൾ ശ്രദ്ധിക്കുക, 1 കൊരി: 9:1, 15:9, ഗലാ.1:1, 2 കൊരി. 12:11, 2 തിമോ. 1:11.

1. ക്രിസ്തുവിനെ കണ്ടവനാണ്, അ. പ്രവ. 1:22, 1 കൊരി. 15:8
2. ക്രിസ്തുവിനാൽ സുവിശേഷം പ്രസംഗിക്കുവാൻ നിയോഗിക്കപ്പെട്ടവനാണ്, അ. പ്രവ. 9: 6,15
3. മറ്റുള്ള അപ്പൊസ്തന്മാരെക്കാൾ അധികം പുതിയ നിയമസഭയിലെ മർമ്മങ്ങളെയും സത്യങ്ങളെയും വെളിപ്പാടുകളെയും സ്വീകരിച്ചവനാണ്, എഫെ.3:1–6.
4. യിസ്രായേലിനു പുറത്തുള്ള സ്ഥലങ്ങളിലും സഭകൾ സ്ഥാപിച്ചവനാണ്, റോമ. 16:4
6. പുതിയനിയമ പുസ്തകങ്ങളിൽ പകുതിയില

09

യാത്രാവിവരണം –1

# ഒരു ദുബായ് യാത്രയുടെ ഓർമ്മയ്ക്ക്

സാംകുട്ടി മാത്യു



ലോകത്തിലെ ഏറ്റവും ഉയരം കൂടിയ കെട്ടിടമായ ബുർജ് ഖലീഫാ

രാത്രി 8.30 തിരുവനന്തപുരത്തേക്കുള്ള എയർ ഇന്ത്യ എക്സ്പ്രസ് യാത്രക്കൊരുങ്ങിക്കഴിഞ്ഞു. 40 ദിവസത്തെ യു. എ. ഇ. വാസത്തിനു ശേഷമുള്ള മടക്കയാത്ര. വിൻഡോ സീറ്റിൽ പുറത്തെകാഴ്ചകൾ കാണുവാനുള്ള താൽപര്യത്തോടെ ഇരുന്നു. വലിയ ബഹളങ്ങളൊന്നുമില്ലാതെ വിമാനം റൺവേ വിട്ട് ലക്ഷ്യത്തിലേക്കുയർന്നു. വർണ പ്രപഞ്ചമൊരുക്കി ദുബായ് കൂടുതൽ സുന്ദരിയായിരിക്കുന്നു. അംബരചുംബികളായ ബഹുനില മന്ദിരങ്ങളുടെ എണ്ണം വളരെ കൂടിയിരിക്കുന്നു. ലോകത്തിലെ ഏറ്റവും ഉയരംകൂടിയ കെട്ടിടമായ ബുർജ്ജ്ഖലീഫയെ വലം വെച്ച് വിമാനം ഉയരത്തിലേക്ക് പൊങ്ങികൊണ്ടിരുന്നു. കുറച്ചു മുമ്പോട്ടു പോയിവീണ്ടും മടങ്ങി തന്റെ യാത്രാപഥത്തിലെത്തിയ വിമാനം വളരെ ഉയരത്തിലെത്തിയിരുന്നു. ഇപ്പോൾ ബുർജ്ജ് ഖലീഫയെന്ന ഭീമൻ കെട്ടിടം താഴെ പ്രകാശം ചൊരിഞ്ഞു നിൽക്കുന്നു. ബുർജ്ജ് ഖലീഫയുടെയും ദുബൈ നഗരത്തിന്റെയും ഈ ആകാശക്കാഴ്ച ഏതു ശിലാഹൃദയന്റെ മനസിലും കവിത വിരിയിക്കും. ദുബായ് ആകെ മാറിയിരിക്കുന്നു, ഇവിടുത്തെ സഭകളും.

13 വർഷങ്ങൾക്കുശേഷം വീണ്ടും യു. എ. ഇ.യിലേക്കുള്ള യാത്രയിൽ ആകാംഷ വളരെയായിരുന്നു. സഹോദരീ പുത്രനായ ഗ്ലാഡി വിസ അയച്ചു തന്നപ്പോഴും ഒരു യാത്രക്കായി താൽപര്യം മനസിൽ ഉണ്ടായിരുന്നില്ല. സ്നേഹിതരുടെ സ്നേഹപൂർവ്വമായ ക്ഷണം സ്വീകരിക്കുമ്പോൾ ബിലീവേഴ്സ് ജേണലിന്റെ പ്രചാരം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം ആയിരുന്നു മനസിൽ. ദുബായിൽ വിമാനമിറങ്ങിയപ്പോൾ മാതൃസഹോദരീപുത്രന്മാരായ ജൂബിയും ജെബിയും സ്വീകരിക്കാനെത്തിയിരുന്നു. തുടർന്ന് ജെബിയുടെ ഭവനത്തിലെത്തി വിശ്രമിച്ചു. പിറ്റേന്ന് ദുബയ് ബസ്സ്റ്റാൻഡിൽ നിന്നും അബുദബിയിലേക്ക്ബസിൽ ഒരു യാത്ര. വിമാന യാത്രപോലെ സുഖകരമായ യാത്ര. നമ്മുടെ എയർപോർട്ടുപോലെ സൗകര്യങ്ങളുള്ള അബുദബി ബസ് സ്റ്റാൻഡിലിറങ്ങുമ്പോൾ ഒരു പതിറ്റാണ്ടിനിപ്പുറം ഈ രാജ്യത്തിനു വന്നമാറ്റം വിസ്മയത്തോടെ നോക്കിക്കാണുകയായിരുന്നു. അവിടെനിന്നും സഹോദരീപുത്രനായ ഗ്ലാഡിയുടെ കാറിൽ യാത്ര ചെയ്യുമ്പോൾ പിന്നെയും വിസ്മയം മുമ്പിൽ. മുപ്പത് കിലോമീറ്റർ അകലെ മുസഫയിലേക്കാണ് പോകുന്നത് എന്നറിഞ്ഞപ്പോൾ ആകെ വിഷമം തോന്നി. കാരണം 14 വർഷങ്ങൾക്കു മുമ്പ് പാസ്റ്റർ എം. സി. ചാക്കോ എന്ന പോലീസ് ചാക്കോച്ചായനുമൊത്ത് മുസഫയിൽ പോ



ബുർജ് ഖലീഫാ രാത്രിക്കാല കാഴ്ച

യ ഓർമ്മയാണിപ്പോഴും. അവിടെവിടെയായി ഉയർന്നു നിൽക്കുന്ന ഫാക്ടറി കെട്ടിടങ്ങളും, തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന ക്യാമ്പുകളും മാത്രമുള്ള മുസഫ. ഒപ്പം എങ്ങും മണലാരണ്യങ്ങളും. എന്നാൽ ഇന്നത്തെ യാഥാർത്ഥ്യം തികച്ചും വിഭിന്നം. വിശാലമായ വീഥികൾ. അംബരചുംബികളായ കെട്ടിടങ്ങൾ, മനോഹരമായ പാർപ്പിടങ്ങൾ, വലിയ വ്യാപാര ശാലകൾ, ഒപ്പം നക്ഷത്ര ഹോട്ടലുകളും. ഒരു പതിറ്റാണ്ടുകൊണ്ട് മുസഫ എന്ന മരുഭൂമി മനോഹരിയായ പട്ടണമായി മാറിയിരിക്കുന്നു. വിശ്രമത്തിനായും താമസത്തിനുമായി മുസഫ അലോഫ്റ്റ് ഹോട്ടലിലെ ഉദ്യോഗസ്ഥനും സയൺ ഐ. പി. സി. മെമ്പറുമായ കുമ്പനാടു സ്വദേശിയായ ജേക്കബ് ബ്രദറിന്റെ വീട്ടിലേക്ക്. ചില മാസങ്ങൾക്കുമുമ്പ് മാത്രം പെന്തക്കോസ്ത് വിശ്വാസത്തിലേക്കു വന്നതാണ് ഇദ്ദേഹത്തിന്റെ കുടുംബം. തന്റെ പിതാവുമായി ഹൃദ്യമായ സ്നേഹബന്ധം പുലർത്താൻ എനിക്ക് കഴിഞ്ഞിട്ടുണ്ട്. (തുടരും..)

01

## എന്താണ് കൃപയുടെ സുവിശേഷം?....

നാം കൂടുതൽ കണക്കുബോധിപ്പിക്കുവാൻ ബാദ്ധ്യസ്ഥനല്ല. സത്യം വ്യക്തമായി അറിഞ്ഞിട്ടും പരാജയപ്പെട്ടത് കൊണ്ട് നാം കൂടുതൽ ശിക്ഷിക്കപ്പെടില്ല. കൂടുതൽ വിചാരണയോ കഷ്ടതയോ അനുഭവിക്കേണ്ടിവരികയില്ല.

16. ദൈവത്തിന്റെ വചനമല്ല ക്രിസ്തുവിന്റെ വചനമാണ് വിശ്വാസത്തെ ഉൽപാദിപ്പിച്ചുന്നത്.
17. ദൈവത്തിന്റെ വചനവും ക്രിസ്തുവിന്റെ വചനവും തമ്മിൽ യോജിച്ചു പോകുന്നില്ല.
18. ക്രിസ്ത്യാനികൾക്ക് ക്ഷമിക്കപ്പെടാത്ത പാപം ചെയ്യാൻ കഴിയില്ല.
19. ഒരിക്കൽ രക്ഷിക്കപ്പെട്ടാൽ എന്നെന്നേക്കും രക്ഷിക്കപ്പെട്ടു.
20. യേശുവിന്റെ പഠിപ്പിക്കലുകൾ സ്വീകരിക്കേണ്ടതില്ല കാരണം അവ പഴയ നിയമത്തിന്റെ ഭാഗമാണ്. പുതിയ നിയമം ആരംഭിക്കുന്നത് യേശുവിന്റെ പീഡാനുഭവത്തിന്റെ ആരംഭം മുതലാണ്.....
21. സുവിശേഷങ്ങളിൽ നിന്ന് നമ്മൾ പ്രമാണങ്ങളോ പ്രബോധനങ്ങളോ സ്വീകരിക്കേണ്ടതില്ല....കാരണം യേശു മരണത്തിൽ നിന്ന് ഉയർത്തപ്പെട്ട ശേഷമുള്ള പ്രമാണങ്ങൾ മാത്രമേ നാം സ്വീകരിക്കേണ്ടതുള്ളൂ.
22. യേശു സഭയെ അഭിസംബോധന ചെയ്തിട്ടില്ല. പൗലോസ് മാത്രമേ സഭയെ അഭിസംബോധന ചെയ്തിട്ടുള്ളൂ, ആയതിനാൽ പൗലോസിനു മാത്രമാണ് പ്രമാണം. പ്രബോധനം ഉണ്ടാക്കാനുള്ള അവകാശം.

(കടപ്പാട്)

ചോദ്യോത്തര വേദി

# നമ്മെ സമ്പന്നരാക്കുന്ന യേശു



ജോർജ്ജ് ഫിലിപ്പ് തെക്കേക്കര

**ചോദ്യം:** ദൈവം ഞങ്ങളെ ഞങ്ങളുടെ നാട്ടിൽ ഉയർത്തി വലുതാക്കി എന്ന് പല ന്യൂ ജനറേഷൻ സഭാ നേതാക്കളും തങ്ങളുടെ പ്രസംഗത്തിൽ പറയുന്നത് കേട്ടിട്ടുണ്ട്. എന്നാൽ വർഷങ്ങളായി ഈ നേതാക്കന്മാർക്ക് ദശാംശം കൊടുക്കുന്ന അവരുടെ സഭാംഗങ്ങളിൽ പലരും ഭൂമിയിൽ ഉയരാതെ, ആവശ്യത്തിന് ഭക്ഷണവും, വെള്ളവും, വീടും ഇല്ലാതെയിരിക്കുന്നു. ഈ അന്തരത്തെക്കുറിച്ച് താങ്കളെന്തു പറയും?

സണ്ണി, ഹരിപ്പാട്

**ഉത്തരം:** സ്വന്തം പേരിൽ വീടും സ്ഥലവും ആവശ്യത്തിന് ഭക്ഷണവും ശുദ്ധജലവും ബാങ്കിൽ അൽപം സമ്പാദ്യവും ഉള്ളവർ ലോകത്തിൽ 8 ശതമാനമേ ഉള്ളൂ. അതായത് 700 കോടി ജനങ്ങളിൽ 56 കോടി ജനങ്ങളെ സുഭിക്ഷമായി ജീവിക്കുന്നുള്ളൂ. **കർത്താവിനെ അറിഞ്ഞു ജീവിക്കുന്നതോടുകൂടി, ദുശീലങ്ങളൊക്കെ ഇല്ലാതാകുന്നതോടുകൂടി, സമാധാനവും സന്തോഷവും ആരോഗ്യവും ഭൗതീക നന്മകളും കൂടുതലായി വിശ്വാസികൾക്ക് ഉണ്ടാകാറുണ്ട്.** എന്നാൽ ഭൂമിയിൽ ഉന്നതനാകുവാൻ വേണ്ടിയാണ് യേശുവിനെ രക്ഷകനും കർത്താവുമാക്കി ആരെങ്കിലും വെച്ചിരിക്കുന്നതെങ്കിൽ അവൻ ലോകത്തിലുള്ള സകല മനുഷ്യരിലും അരിഷ്ടനത്രേ എന്നാണ് ദൈവവചനം (1കൊരി 15:19). ലോകത്തിൽ ഉന്നതരായ പലരും കർത്താവായ യേശുവിനെ സേവിച്ചതുകൊണ്ടല്ല ഔന്നത്യത്തിൽ നിൽക്കുന്നത്. താഴ്മയും വിനയവുമുള്ള, കുടുംബത്തെയും, നാട്ടുകാരെയും അനാഥരെയും സ്നേഹിക്കുന്ന ലോകപ്രശസ്തനും, ഇദ്ദേഹത്തിന്റെ ഒരു കൈയ്യൊപ്പിനു വേണ്ടി ജനലക്ഷങ്ങൾ കാത്തുനിൽക്കാൻ തയാറുമായ ക്രിക്കറ്റ് ഇതിഹാസം **സച്ചിൻ തെണ്ടുൽക്കർ** എല്ലാ വൈകുന്നേരങ്ങളിലും ക്ഷേത്രത്തിൽ പോയി ഗണപതി വിഗ്രഹത്തെ വണങ്ങും. സായിബാബയുടെ ഭക്തനുമാണ് സച്ചിൻ (വാർത്ത: വനിത, ജനുവരി 15, 2011).

എസ്.എസ്.എൽ.സി., പ്രീഡിഗ്രി, എഞ്ചിനിയറിംഗ് ബിരുദം, ബിരുദാനന്തര ബിരുദം, ഐ.എ.എസ്. തുടങ്ങിയ എല്ലാ പരീക്ഷകൾക്കും ഒന്നാം റാങ്ക് കരസ്ഥമാക്കിയ ഒരു വ്യക്തി മാത്രമേ ഇൻഡ്യയിലുള്ളൂ. അത് **രാജു നാരായണസ്വാമി**യാണ്. അദ്ദേഹത്തിന്റെ സകല പരീക്ഷാവിജയങ്ങൾക്കും കാരണം ചങ്ങനാശ്ശേരി കാവിൽ ഭഗവതിയുടെ ശക്തിയാണെന്ന് അദ്ദേഹം പറയുന്നു. ഇൻഡ്യയിലെ ഒന്നാമത്തെ സമ്പന്നനായ മുകേഷ് അംബാനി ഗുരുവായുരിലെത്തി കൃഷ്ണപ്രീതിക്കായി തുലാഭാരം നടത്തിയിരുന്നു (മംഗളം 27/11/2010). ഫ്രാൻസിലെ പ്രസിഡന്റ് **നിക്കോളാസ് സർക്കോസിയും ഭാര്യ കാർലാബ്രൂണിയും** ഇൻഡ്യയിൽ വന്നപ്പോൾ സന്താനലബ്ധിക്കുവേണ്ടി ഫത്തേപ്പൂർ സിക്രിയിലെ സൂഫിവര്യൻ ഷെയ്ഖ് സലിം ചിസ്തിയുടെ അനുഗ്രഹം തേടി (മംഗളം 6/12/2010).

ലോകത്തിലെ ഒന്നാമത്തെ സമ്പന്നനായ **ബിൽഗേറ്റ്സിന്റെയും** മുൻ അമേരിക്കൻ വിദേശകാര്യ സെക്രട്ടറി **കൊണ്ടലിസ റൈസി**ന്റെയും പ്രതിനിധികൾ, ഹനുമാന്റെ അനുഗ്രഹത്തിനുവേണ്ടി മലപ്പുറത്തെ ആലത്തിയൂർ ഹനുമാൻ കാവിൽ വന്നിരുന്നു (മലയാള മനോരമ 11/9/2005). മറ്റുള്ള സമ്പന്നരുടെ ആത്മീയ വീക്ഷണത്തെക്കുറിച്ച് വിവരിക്കുവാൻ സ്ഥലം അനുവദിക്കുന്നില്ല. **ലോകത്തിൽ അതിസമ്പന്നരായ ആദ്യത്തെ പതിനായിരം വ്യക്തികളിൽ ആരും സത്യദൈവവും നിത്യജീവനുമായ യേശുവിനെ ആശ്രയിക്കുന്നവരല്ല.**

എനിക്കറിയാവുന്ന ഒരു കത്തോലിക്കാ പുരോഹിതൻ (ഇപ്പോഴദ്ദേഹം വേറൊരു അകത്തോലിക്കാ സഭയിലെ പുരോഹിതനാണ്) സ്വന്തം വാസസ്ഥലത്തിനടുത്ത് വലിയ ഒരു ഹാൾ പണിതിട്ടിട്ടുണ്ട്. എല്ലാ വെള്ളിയാഴ്ചയും അവിടെ ഉപവാസ പ്രാർത്ഥനകളുണ്ട്. പത്ര പരസ്യം കൊടുക്കുന്നതുകൊണ്ട് ജനങ്ങൾ ധാരാളം വരും. പലവിധ ബുദ്ധിമുട്ടുകളുമായി വരുന്ന ജനങ്ങളെകൊണ്ട് അദ്ദേഹം ഉപവസിപ്പിക്കുകയും ധാരാളം സ്തുതിഗീതങ്ങൾ പാടിക്കുകയും, നിലവിളിപ്പിക്കുകയും ചെയ്യിക്കാറുണ്ട്. ചിലർക്ക് വിടുതൽ കിട്ടാൻ 12 വെള്ളിയാഴ്ചകളിലെ ഉപവാസം വേണമെന്ന് അദ്ദേഹം പറയും. ഓരോ വ്യക്തിയുടെയും പ്രാർത്ഥന ദൈവം കേൾക്കുന്നതുകൊണ്ടും, ദൈവത്തിന്റെ കരുണകൊണ്ടും ആർക്കെങ്കിലും രോഗസൗഖ്യമോ ഭൗതീക അനുഗ്രഹങ്ങളോ ഉണ്ടായാൽ, അദ്ദേഹത്തിന്റെ ദിവ്യത്വം കൊണ്ടാണന്ന് പുരോഹിതൻ അവകാശപ്പെടും. ദശാംശം നിർബന്ധമായും അദ്ദേഹത്തിന് കൊടുത്തിരിക്കണം. ഇല്ലെങ്കിൽ, ഉണ്ടായ അനുഗ്രഹം മാറി ശാപമുണ്ടാകുമെന്ന് ഭീഷണിപ്പെടുത്തും. ഇപ്പോൾ അദ്ദേഹം പണക്കാരനായി ധാരാളം റബർ തോട്ടങ്ങളും എല്ലാവിധ സുഖസൗകര്യങ്ങളോടുകൂടിയ ബംഗ്ലാവും പണിതു. സ്വന്തം സുരക്ഷിതത്വത്തിന് ഗുണ്ടകളും കടിക്കുന്ന പട്ടികളുമുണ്ട്. തലങ്ങും വിലങ്ങും നോക്കാതെ സ്റ്റേജിൽ വെച്ച് അനേകം വ്യക്തികൾക്ക് രോഗശാന്തി പ്രഖ്യാപിച്ച ഇദ്ദേഹം, തന്റെ മക്കൾക്ക് ഒരു ചെറിയ ജലദോഷം ഉണ്ടായാൽ ഉടനെ തന്നെ വിദഗ്ദ ഡോക്ടറുടെ സേവനം തേടും. ഈ പുരോഹിതന്റെ സാമ്പത്തിക തന്ത്രങ്ങളുപയോഗിക്കുന്ന പല ശ്രൂശ്രൂഷകരും ഉണ്ട്. ഈ രീതി ആര് അവലംബിച്ചാലും അവർ ഭൗതീകമായി വിജയിക്കും. ആത്മീയ ശുശ്രൂഷ ഒരു വ്യവസായമായി കാണാനുള്ള തന്റേടം വേണമെന്നു മാത്രം. കർത്താവിനെ സ്നേഹിക്കാതെയും അനുസരിക്കാതെയും കർത്താവിന്റെ നാമം ഉപയോഗിച്ചാൽ അത്ഭുതം നടക്കുമെന്ന് വചനം പറയുന്നു. **....നിന്റെ നാമത്തിൽ വളരെ അത്ഭുതങ്ങൾ ഞാൻ പ്രവർത്തിച്ചില്ലയോ എന്ന് പലരും ആ ദിവസം എന്നോട് ചോദിക്കും..... (മത്തായി: 7:22,23)**

സ്വർഗ്ഗീയ വിഷയങ്ങളിൽ സമ്പന്നനാകാൻ വേണ്ടിയാണ് കർത്താവ് നമ്മെ രക്ഷിച്ചിരിക്കുന്നത് (ലൂക്കോസ്: 12:16-21). കർത്താവ് പറഞ്ഞു: "പുഴുവും തുരുമ്പും നശിപ്പിക്കാതെയും കള്ളന്മാർ കയറി മോഷ്ടിക്കാതെയുമിരിക്കുന്ന സ്വർഗ്ഗത്തിൽ നിക്ഷേപം സ്വരൂപിച്ചുകൊൾവിൻ. നിന്റെ നിക്ഷേപം എവിടെയായിരിക്കുന്നുവോ, അവിടെയായിരിക്കും നിന്റെ ഹൃദയം" (മത്തായി: 6:19-21).

അപ്പൊസ്തലന്മാർ പറഞ്ഞു: സഹോദരന്മാരേ - ഞങ്ങൾ നിങ്ങൾക്ക് കാണിച്ചു തന്ന മാതൃക അനുസരിച്ച് ജീവിക്കുന്നവരെ പരിശോധിച്ചറിയുവിൻ.... അനേകർ ക്രിസ്തുവിന്റെ ക്രൂശിന്റെ ശത്രുക്കളായി ജീവിക്കുന്നുവെന്ന് ഇപ്പോൾ കരഞ്ഞു കൊണ്ട് പറയുന്നു. അവരുടെ ചിന്ത ഭൂമിയിലെ കാര്യങ്ങളിലാകുന്നു....അവരുടെ ദൈവം അവരുടെ ഉദരമാകുന്നു. എന്നാൽ നമ്മുടെ പൗരത്വം സ്വർഗ്ഗത്തിൽ ആകുന്നു. അവിടെ നിന്ന് കർത്താവായ യേശു രക്ഷിതാവായി വരുമെന്ന് നാം ആകാംക്ഷയോടെ കാത്തിരിക്കുന്നു. (ഫിലിപ്പ്യർ 3:17-20). അതുകൊണ്ട് ഭൂമിയിലുള്ളവയല്ല, ഉയരത്തിലുള്ളവ തന്നെ ചിന്തിക്കുവിൻ (കൊലെസ്യർ 3:2).

ബൈബിൾ വെളിപ്പെടുത്തുന്ന ഭക്തന്മാരധികവും ധനവാന്മാരായിരുന്നില്ല. അപ്പൊസ്തലനായ പൗലോസും സഹപ്രവർത്തകരും കൂടാരപ്പണി ചെയ്ത് ജീവിക്കേണ്ടി വന്നത് വിശ്വാസ വചനങ്ങൾ ഏറ്റു പറയാഞ്ഞതു കൊണ്ടാണോ? (ഫിലിപ്പ്യർ 4:11-13; 1 കൊരി. 4:11; അപ്പൊ. പ്രവ. 18:3). പഴയനിയമ വിശുദ്ധന്മാർ പലരും അലഞ്ഞു തിരിയേണ്ടി വന്നത് വിശ്വാസക്കുറവുകൊണ്ടാണോ? (ഏബ്രായർ 11:34). ഈ ലോകത്തിൽ ആർക്കെങ്കിലും ഭൗതീക നന്മകൾക്ക് കുറവുണ്ടെങ്കിലും ആത്മീയമായി സമ്പന്നരാകണം എന്ന് കർത്താവാഗ്രഹിക്കുന്നു (വെളിപ്പാട് 2:9). യാക്കോബ് 2:5 ഇപ്രകാരം രേഖപ്പെടുത്തുന്നു: "പ്രിയ സഹോദരന്മാരെ, കേൾക്കുവീൻ: ദൈവം ലോകത്തിൽ ദരിദ്രരായവരെ വിശ്വാസത്തിൽ സമ്പന്നരും തന്നെ സ്നേഹിക്കുന്നവർക്ക് വാഗ്ദത്തം ചെയ്ത രാജ്യത്തിന്റെ അവകാശികളുമാക്കേണ്ടതിനു തിരഞ്ഞെടുത്തില്ലയോ?"

ദൈവീക സമാധാനവും ദൈവീക ജ്ഞാനവും ദൈവീക സന്തോഷവും സമൃദ്ധിയായി തരാമെന്ന് പുതിയ നിയമത്തിൽ വാഗ്ദാനമുണ്ട്. **ഭൗതീക സമ്പത്ത് ധാരാളമായി തരാമെന്ന് ഒരു വാഗ്ദാനവും കർത്താവോ അപ്പൊസ്തലന്മാരോ നൽകിയിട്ടില്ല.** ക്രിസ്തീയ സഭയുടെ 2000 വർഷത്തെ ചരിത്രത്തിൽ ഈ തലമുറയിലെ അത്യാഗ്രഹികളായ ചില നേതാക്കളല്ലാതെ വേറാരും കർത്താവിനെ വിശ്വസിക്കുന്നതോടുകൂടി കവിഞ്ഞൊഴുകുന്ന ഭൗതിക അനുഗ്രഹവും കൂടെയുണ്ടാകുമെന്ന് വചനം വികലമായി വ്യാഖ്യാനിച്ച് പഠിപ്പിച്ചിട്ടില്ല. എന്നാൽ ചിലർക്ക് ധാരാളമായി സമ്പത്ത് ഉണ്ടാകാറുണ്ട്. "യഹോവയുടെ അനുഗ്രഹത്താൽ ഉണ്ടായ സമ്പത്തിന്റെ കൂടെ കഷ്ടതയുണ്ടാകാറില്ല" (സദൃശ്യ. 10:22, സ്വതന്ത്രപരിഭാഷ).താരതമ്യപ്പെടുത്തലും, മത്സരവും, ക്രിസ്തീയതയല്ലാത്തതിനാൽ ആരും അങ്ങനെയുള്ളവരെ ഓർത്ത് വിഷമിക്കേണ്ട. **എന്നാൽ ഏതെങ്കിലും ക്രിസ്തീയ നേതാവ് ശുശ്രൂഷയിൽ വന്നശേഷം വ്യക്തിപരമായി ഭൗതീക സമ്പത്ത് ധാരാളമായി സമ്പാദിച്ചിട്ടുണ്ടെങ്കിൽ അദ്ദേഹം സഹവിശ്വാസികളെയോ, സമൂഹത്തെയോ, അദ്ദേഹത്തെ സഹായിക്കുന്നവരെയോ, ഗവൺമെന്റിനെയോ വഞ്ചിച്ചിട്ടുണ്ട്. അല്ലെങ്കിൽ യഥാർത്ഥമായും സഹായം അർഹിക്കുന്നവർക്കുവേണ്ടി പിരിച്ചെടുത്ത ധനം അദ്ദേഹം അവർക്ക് വിതരണം ചെയ്തിട്ടില്ല. ആരെയെങ്കിലും വഞ്ചിക്കാതെ ക്രിസ്തീയ ശുശ്രൂഷ കൊണ്ട് വ്യക്തിപരമായി ധാരാളം പണമുണ്ടാക്കാനാകില്ല.**

കർത്താവിനെ ആത്മാർത്ഥമായി സ്തുതിക്കണമെങ്കിൽ, വിശ്വാസികളുടെ ആവശ്യങ്ങൾക്ക് തക്ക സമയത്ത് കർത്താവിന്റെ കരം ഉണ്ടായേ പറ്റൂ. അതുണ്ടാകാറുണ്ട്. അതുകൊണ്ടാണ് ഭൗതികനന്മകൾ കുറഞ്ഞ സാക്ഷികളുടെ ഒരു വലിയ സമൂഹം ആദിമ നൂറ്റാണ്ടിൽ നിലനിന്നിരുന്നത്. ഇന്നും നിലനിൽക്കുന്നത്.

"സകലവിധ തിന്മകളുടെയും അടിസ്ഥാനം പെട്ടെന്ന് ധനികനാകുവാനുള്ള ആഗ്രഹമാണ്. ചില വിശ്വാസികൾക്ക് ഈ ആഗ്രഹമുണ്ടായിട്ട് അതിപരിശുദ്ധമായ വിശ്വാസത്തിൽ നിന്ന് അകലുകയും ബഹുവിധ ദുഃഖങ്ങൾക്ക് അധീനരാകുകയും ചെയ്തിരിക്കുന്നു. അതുകൊണ്ട് പണവും പ്രതാപവും കൂടുതൽ ഉണ്ടായി മറ്റുള്ളവർ തന്നെ ബഹുമാനിക്കണമെന്നുള്ള ആഗ്രഹം മാറ്റി സത്യം, നീതി, ഭക്തി, വിശ്വാസം, സ്നേഹം, ക്ഷമ, സൗമ്യത എന്നിവ പിൻതുടരുക. **ഈ കല്പന കർത്താവിന്റെ പ്രത്യക്ഷത വരെ പിന്തുടരണമെന്ന് ഞാൻ നിന്നോട് ആജ്ഞാപിക്കുന്നു" (1തിമൊ.6:9-14,സ്വതന്ത്ര പരിഭാഷ).**

ദ്രവ്യാഗ്രഹം വിഗ്രഹാരാധനയ്ക്ക് തുല്യമാണ് (എഫെസ്യർ 5:5). ഇന്നല്ലെങ്കിൽ നാളെ ദൈവകോപം അത്യാഗ്രഹികൾക്ക് ഉണ്ടാകും (എഫെസ്യർ 5:6). അതുകൊണ്ട് അത്യാഗ്രഹം കൂടുതൽ ഉള്ളവരിൽ നിന്ന് ഒഴിഞ്ഞ് നിൽക്കുക (എഫെസ്യർ 5:7).

## 01 ചർച്ച് ഓഫ് ഗോഡ് കൗൺസിൽ.....

ലപാട് പുലർത്തുന്നവരാണ് ദൈവസഭയിലെ ശുശ്രൂഷകൻമാർ. ജീവിതത്തിലും ഉപദേശത്തിലും പിശകു സംഭവിച്ചവരെ മുൻ തെരഞ്ഞെടുപ്പുകളിലും ജനം ഒറ്റപ്പെടുത്തിയിട്ടുണ്ട്. നിലവിലിരിക്കുന്ന കൗൺസിലിലെ ചിലരുടെ മോശം പ്രകടനവും ചില സ്ഥാനാർത്ഥികളെ ബാധിക്കാനിടയുണ്ട്. ജയിച്ചുകഴിഞ്ഞാൽ പലർക്കും വ്യക്തിഗത താത്പര്യങ്ങളാണുള്ളത്. വിദേശ സഭകൾ തരപ്പെടുത്താനും വരുമാനമുള്ള സഭകൾ കൈപ്പിടിയിൽ ഒതുക്കാനുമുള്ള വേദിയായി മാത്രം കൗൺസിലിനെ കാണുന്നവരുമുണ്ട്. ഇവർക്കെതിരെ ശക്തമായ എതിർപ്പാണുയരുന്നത്. ദൈവസഭയുടെ പൊതുവായ വികസനം കൗൺസിൽ അംഗങ്ങളുടെ അജണ്ടയിലില്ല. ശുശ്രൂഷകൻമാരുടെ ക്ഷേമം, സുവിശേഷീകരണം, ജീവകാരുണ്യപ്രവർത്തനം, സഭാവളർച്ച എന്നിവയ്ക്കൊന്നും മുൻഗണന നല്കാതെ സ്വന്തം ഇഷ്ടങ്ങൾ നടപ്പിലാക്കാനാണ് പലരുടെ താത്പര്യം. ഇതിനിടെ യുവാക്കൾ തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നത് തടയുന്നതിനുവേണ്ടി നേതൃത്വം നടത്തിയ ശ്രമങ്ങൾക്കെതിരെ യുവാക്കളുടെ പ്രതിഷേധം ഇരമ്പുകയാണ്. നിലവിലിരിക്കുന്ന കൗൺസിലിൽ പുതുമുഖങ്ങൾ വർദ്ധിച്ചതാണ് പ്രശ്നങ്ങൾക്ക് കാരണമെന്ന് ഓവർസിയർ പ്രചരിപ്പിക്കുന്നു. യുവാക്കൾക്കെതിരെ നടത്തുന്ന പ്രചാരണം വില കുറഞ്ഞതാണ്. തനിക്ക് അനുകൂലമായ കൗൺസിൽ ജയിച്ചുവരണമെന്നാണ് ഓവർസിയറുടെ ആഗ്രഹം. ചിലരുടെ ഓർഡിനേഷൻ തടഞ്ഞു വയ്ക്കാനുള്ള ശ്രമവും നടത്തി. 45 വയസ്സിന് മുകളിലുള്ളവരെ ജയിപ്പിച്ചാൽ മതിയെന്ന ചിലരുടെ പ്രചാരണം തിരിച്ചടിയാകാനാണ് സാധ്യത. ദൈവസഭയിലും ശുശ്രൂഷകൻമാരിൽ 70% പേരും യുവാക്കളാണ്. യുവവോട്ടറൻമാരുടെ ഏകീകരണം പല നേതാക്കൻമാരുടേയും കണക്കുകൂട്ടലുകൾ തെറ്റിക്കും. പ്രാദേശികമായ അസന്തുലിതാവസ്ഥ പരിഹരിച്ചുകൊണ്ട് ഹൈറേഞ്ച്, മലബാർ, തെക്കൻ മേഖലകൾക്ക് പരിഗണന നല്കണമെന്ന ആവശ്യം ശക്തമാകുന്നുണ്ട്. എന്തായാലും ദൈവസഭയിലെ ന്യൂജനറേഷൻ രാഷ്ട്രീയം പുതിയ വഴിത്തിരിവിലാണ്.

## ചർച്ച് ഓഫ് ഗോഡ് റൈറ്റേഴ്സ് കുടുംബ സംഗമം

**തിരുവല്ല:** ചർച്ച് ഓഫ് ഗോഡിലെ എഴുത്തുകാരുടെയും പ്രസാധകരുടെയും പത്രാധിപന്മാരുടെയും ഐക്യവേദിയായ ചർച്ച് ഓഫ് ഗോഡ് റൈറ്റേഴ്സ് ഫെലോഷിപ്പ് ഇന്ത്യയുടെ കുടുംബസംഗമം ഡിസംബർ 23,24 (തിങ്കൾ, ചൊവ്വ) തീയതികളിൽ ആങ്ങമൂഴിക്ക് സമീപമുള്ള ചരിത്രപ്രസിദ്ധമായ നിലയ്ക്കൽ എക്യുമെനിക്കൽ സെന്ററിൽ വച്ച് നടത്തും. പ്രസിഡന്റ് പാസ്റ്റർ പി. ജി. മാത്യൂസ് സംഗമം ഉദ്ഘാടനം ചെയ്യും. പത്രപ്രവർത്തകനായ ശ്രീ. വർഗീസ് റ്റി. തോമസ് (മലയാള മനോരമ), മുംബൈ റെയിൽവേ ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പലും പത്രപ്രവർത്തകനായ പ്രൊഫ. ജേക്കബ് തോമസ്, സുവിശേഷകൻ പി. ഐ. ഏബ്രഹാം (കാനം അച്ചൻ) തുടങ്ങിയവർ മുഖ്യ അതിഥികളായി ക്ലാസ്സുകൾ നയിക്കുകയും ദൈവവചനം ശുശ്രൂഷിക്കുകയും ചെയ്യും. 23 തിങ്കളാഴ്ച രാവിലെ 10 മണിക്ക് പ്രോഗ്രാം ആരംഭിക്കും. 24 ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് സമാപിക്കും. ജേർണലിസം ക്ലാസ്സുകൾ, പ്രബന്ധാവതരണം, ചർച്ചകൾ, ധ്യാനയോഗം, താലന്തുകളുടെ അവതരണങ്ങൾ, കുട്ടികൾക്കുള്ള പപ്പറ്റ് ഷോ, ഗെയിമുകൾ, പാട്ടുപരിശീലനം തുടങ്ങിയവ സംഗമത്തിന്റെ ഭാഗമായി നടത്തുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ജനറൽ സെക്രട്ടറി പാസ്റ്റർ ജെ. ജോസഫിനെ ബന്ധപ്പെടേണ്ടതാണ്.

ഫോൺ:9447455820, 9048869944. ഈമെയിൽ: revjjoseph@gmail.com

ലേഖനം

# 'കൃപ'യുടെ ഹോൾസെയിൽ വ്യാപാരികളെ സൂക്ഷിക്കുക!



അനീഷ് കൊല്ലംകോട്

മനുഷ്യന്റെ വൈകാരികതലത്തെ ചൂഷണം ചെയ്ത് ജീവിക്കുന്ന കപട ഭക്തർ എല്ലാ കാലത്തുമുണ്ട്. നമ്മുടെ വിശ്വാസികളിൽ ഭൂരിഭാഗവും വൈകാരികമായി പക്വത പ്രാപിച്ചവരല്ല. അതുകൊണ്ടുതന്നെ ചൂഷണം ചെയ്യപ്പെടാൻ സാധ്യതയേറെയാണ്. ഒരു ശരാശരി വ്യക്തിത്വം ശാരീരിക, മാനസിക, വൈകാരിക, ബൗദ്ധിക, സാന്മാർഗീക, ആത്മിക തലങ്ങളിൽ പക്വത പ്രാപിച്ചിരിക്കണം. ആത്മീകരെന്നഭിമാനിക്കുന്ന പലരും മേൽപ്പറഞ്ഞ എല്ലാ കാര്യങ്ങളിലും വളരെ പുറകിലാണെന്നതാണ് പരമാർത്ഥം.

കഴിഞ്ഞ കുറെ നാളുകളായി കൃപയുടെ ഹോൾസെയിൽ വ്യാപാരികൾ എന്ന നിലയിൽ കുറച്ചുപേർ പെന്തക്കോസ്തുകാരുടെ വേദികളിൽ ദൈവത്തിന്റെ മഹാകൃകയെ അങ്ങേയറ്റം അവഹേളിച്ചു വരികയാണ്. ഞങ്ങൾ പെന്തെക്കോസ്തുകാരല്ല എന്നു അവകാശപ്പെടുന്ന ഇക്കൂട്ടർ പെന്തെക്കോസ്തുകാർ നൽകുന്ന സ്റ്റേജുകളിൽ തന്നെയാണ് ഈ വെല്ലുവിളി ഉയർത്തുന്നത് എന്നതാണ് ഏറെ രസകരം. എന്തായാലും ഇവർ പെന്തെക്കോസ്തുകാരല്ല. മറിച്ച്, ഒരു കടുത്ത ദുരുപദേശത്തിന്റെ വക്താക്കളാണെന്ന സത്യം അവർതന്നെ പുറത്തുവിട്ടിരിക്കുകയാണ്. ഈ സാഹചര്യത്തിൽ പെന്തെക്കോസ്തിലെ ഉപദേശിമാരോട് ഒരപേക്ഷ: ഇനിയും ഇവർക്ക് വേദിയൊരുക്കരുത്. പെന്തെക്കോസ്തിന്റെ അന്തസ്സിന് കളങ്കം ചാർത്തരുത്. ഇവർ പഠിപ്പിക്കുന്ന കൃപയുടെ ഉപദേശം ചെന്നെത്തുന്നത് ബ്രദറുകാരുടെ 'രക്ഷ നഷ്ടപ്പെടില്ല' എന്ന ദുരുപദേശത്തിലാണ് എന്നത് ഈ ലേഖകൻ നേരത്തെതന്നെ ഊഹിച്ചിരുന്നു. ഇപ്പോൾ അവർതന്നെ ആ സത്യം പുറത്തുവിട്ടിരിക്കുന്നു.

'കൃപയുടെ സുവിശേഷകരാണ് ഞങ്ങൾ' എന്നു പറഞ്ഞു നടക്കുന്ന ഇക്കൂട്ടർ അടുത്തിടെയാണ് പെന്തെക്കോസ്തു ഉപദേശങ്ങളെ ചവറ്റുകൊട്ടയിലെറിഞ്ഞത്. പെന്തെക്കോസ്തുകാർക്ക് കൃപയെപ്പറ്റി ഒരു ചുക്കും അറിയില്ല എന്ന മട്ടിലാണ് പ്രസംഗങ്ങൾ. ഒരു പുത്തൻ ട്രെന്റുണ്ടാക്കി തങ്ങളിലേയ്ക്ക് ജനത്തിന്റെ ശ്രദ്ധ കേന്ദ്രീകരിക്കാനുള്ള കേവലം കപടനാടകമാണിതെന്ന സത്യം സാമാന്യ ബുദ്ധിയുള്ളവർക്ക് മനസ്സിലാകുമെങ്കിലും മുകളിൽ സൂചിപ്പിച്ചതുപോലെ ഒരു വിഭാഗം ആളുകൾ ഇവരുടെ വാക്കുകളിൽ ആകൃഷ്ടരാകുന്നുണ്ട് എന്നത് മറച്ചു വയ്ക്കാനുമാവില്ല. അമ്മയെ തല്ലിയാലും തല്ലുന്നവന്റെ കൂടെയുണ്ടാകും ഒരു വിഭാഗം. ആ നിലയിൽ ഇതിനെയും കണ്ടാൽ മതിയാകും. എന്തായാലും അങ്ങോട്ടും ഇങ്ങോട്ടും തട്ടിക്കളിക്കാൻ പെന്തെക്കോസ്തുകാരെപ്പോലെ പറ്റിയ ഒരു വിഭാഗം ലോകത്തെങ്ങുമുണ്ടാകില്ല. കൃപയുടെ മഹത്വം തിരിച്ചറിയാത്ത കേവലം മണ്ടൻമാരാണ് നിങ്ങൾ പെന്തെക്കോസ്തുകാർ, പക്ഷേ ഞങ്ങൾ പെന്തെക്കോസ്തുകാരല്ല എന്നു പറഞ്ഞുകൊണ്ട് കടുത്ത ദുരുപദേശത്തിന് അടിത്തറയിടുമ്പോൾ അതിനെ അന്യഭാഷയുടെ അകമ്പടിയോടെ വരവേൽക്കുന്ന ഇതുപോലൊരു ജാതി വേറെ ഇല്ലതന്നെ.

പൗലോസിന്റെ വാക്കുകളാണ് ഇവരുടെ വേദവാക്യം. മറ്റ് വചനങ്ങളൊന്നും പൗലോസിന്റെ എഴുത്തിനോളം പ്രാധാന്യമുള്ളതല്ല ഇവർക്ക്. എന്തിനേറെ പറയണം, ന്യൂജനറേഷൻ സഭകളെ പോലും പുച്ഛഭാവത്തിലാണ് ഇവർ നോക്കിക്കാണുന്നത്.

പെന്തെക്കോസ്തു സഭയ്ക്ക് അനാവശ്യമായ അനേകം വെച്ചുകെട്ടലുകളും പലതരത്തിലുള്ള പോരായ്മകളും ഉണ്ടെന്നത് ശരിതന്നെ. എന്നാൽ കൃപയുടെ വക്താക്കളായി വിലസുന്ന മോഡേൺ താരങ്ങളായ ഇവർ കൃപയെ, എന്തും ചെയ്യാനാവുന്ന, ആർക്കും ആരേയും ചോദ്യം ചെയ്യാനാവാത്ത ഒരു ലൈസൻസായി പ്രസംഗിച്ച് ദൈവകൃപയുടെ മഹത്വത്തെ കുറയ്ക്കുകയും അങ്ങേയറ്റം പരിഹസിക്കുകയുമാണ് ചെയ്യുന്നത്. ദൈവിക ന്യായവിധിയെ മറച്ചുപിടിച്ച് അതു പ്രസംഗിക്കരുത് എന്ന് വാശിപിടിക്കുമ്പോൾ അവർ ന്യായം വിധിക്കുന്ന ദൈവത്തെ തന്ത്രരൂപേണ ജമനങ്ങളിൽ നിന്ന് മറച്ചുപിടിക്കുകയാണ്. ജനത്തെ നേരായ വഴിയിൽ നടത്താൻ ന്യായവിധിയുടെ ബൈബിൾ ദൃഷ്ടാന്തങ്ങളും ന്യായവിധിയെപ്പറ്റിയുള്ള പഠിപ്പിക്കലുകളും അനിവാര്യമാണ്. എന്നാൽ ഈ സത്യത്തെ സൗകര്യപൂർവ്വം വളച്ചൊടിക്കുന്ന ഇവർ ജനത്തെ വഞ്ചിക്കുകയാണ്. കൃപയെക്കുറിച്ച് വാതോരാതെ സംസാരിക്കുന്നത് കേൾക്കുമ്പോൾ കൃപയെന്തെന്ന് അറിയാവുന്നവർ ഇവർക്കു മുമ്പ് ഉണ്ടായിട്ടില്ല എന്നു തോന്നിപ്പോകും. വചനം ക്രമീകൃതമായി പഠിക്കാനോ ശിഷ്യത്വത്തിന് വിധേയപ്പെടാനോ തയ്യാറാകാത്ത ഇത്തരം അല്പജ്ഞാനികളെ വാചകസർത്തിന്റെ ബലത്തിൽ വേദികൾതോറും കൊണ്ടുനടക്കുന്ന പെന്തെക്കോസ്തു ഉപദേശിമാരേ നിങ്ങൾ ദു:ഖിക്കേണ്ടിവരും, തീർച്ച. പോക്കറ്റു നിറയ്ക്കുക, പ്രശസ്തരാവുക എന്നിവയാണ് ഇവരുടെ പ്രഖ്യാപിത ലക്ഷ്യമെന്നു തോന്നുന്നു.

പാപിയായ മനുഷ്യനെ അവൻ പാപിയായിരിക്കുമ്പോൾ തന്നെ കേവലം വിശ്വാസ പ്രഖ്യാപനത്തിലൂടെ നീതിമാനായി പ്രഖ്യാപിച്ചതിലാണ് കൃപയുടെ മഹത്വം ദർശിക്കാനാവുന്നത്. എന്നാൽ നീതീകരണം പ്രാപിച്ച വ്യക്തിക്ക് ലഭ്യമാകുന്ന ശിഷ്ടായുസ്സ് പഴയതുപോലെ ജീവിക്കാനുള്ളതല്ല. പ്രത്യുത ഏറ്റുപറഞ്ഞ വിശ്വാസ പ്രഖ്യാപനത്തിനനുസൃതമായി ജീവിക്കണം. നീതീകരിക്കപ്പെട്ടവരെ 'സൽപ്രവൃത്തികൾക്കായിട്ട്' സൃഷ്ടിക്കപ്പെട്ടവരെന്നാണ് ബൈബിൾ അഭിസംബോധന ചെയ്യുന്നത്. രക്ഷിക്കപ്പെടുക, രക്ഷ എന്നീ വിഷയങ്ങളെ സംബന്ധിച്ച് സൈദ്ധാന്തികമായി പ്രസംഗിക്കാൻ ഇക്കൂട്ടർക്ക് അറിയില്ല. അറിയാമായിരുന്നെങ്കിൽ ഇവർ ഒരിക്കലും ദൈവീക ന്യായവിധിയെ മറച്ചു പിടിക്കില്ലായിരുന്നു. ഇക്കൂട്ടരുടെ പ്രസംഗം ചെന്നെത്തുന്നത് 'രക്ഷ നഷ്ടപ്പെടുകയില്ല' എന്ന ദുരുപദേശത്തിലേക്കാണെന്നും പ്രസ്തുത ഉപദേശം ജനത്തെ വഴിതെറ്റിക്കും എന്നും ഇവർക്ക് വേദിയൊരുക്കുന്ന പെന്തെക്കോസ്തു ഉപദേശിമാർ ഇനിയെങ്കിലും ഗ്രഹിക്കണം.

വായിൽ വരുന്നത് കോതയ്ക്ക് പാട്ട് എന്ന മട്ടിൽ എന്തും വിളിച്ചുപറഞ്ഞ് നടക്കുന്ന ഇവർ പാവം വിശ്വാസികളുടെ വൈകാരികതലം ചൂഷണം ചെയ്ത് സൽപ്രവൃത്തികളിൽ നിന്നും അകറ്റി കുറ്റകൃത്യങ്ങളിലേയ്ക്ക് നയിക്കുകയാണ്. എന്നെ കർത്താവേ കർത്താവേ എന്നു വിളിക്കുന്ന ഏവനുമല്ല, എന്റെ ഇഷ്ടം ചെയ്യുന്നവനത്രേ...... എന്ന ഗുരുനാഥന്റെ വാക്കുകൾ വിശ്വാസികളുടെ സ്മൃതിപഥത്തിൽ നിന്നും ഒരിക്കലും മാഞ്ഞുപോകരുത്.

ഭാരതത്തിൽ മങ്കി തിയോളജി, ക്യാറ്റ് തിയോളജി എന്നീ രണ്ടു ദൈവശാസ്ത്ര ചിന്തകളുണ്ട്. കുട്ടിക്കുരങ്ങ് തള്ളക്കുരങ്ങിന്റെ പുറത്ത് അള്ളിപ്പിടിച്ച് കിടക്കുന്നതുപോലെ മനുഷ്യർ സൽപ്രവൃത്തികളിലൂടെ ദൈവത്തെ മുറുകെ പിടിക്കണം എന്നതാണ് മങ്കി തിയോളജിയുടെ സാരം. ക്യാറ്റ് തിയോളജിയുടെ സാരാംശമാകട്ടെ, തള്ളപ്പൂച്ച കുട്ടിപ്പൂച്ചയെ കടിച്ചു പിടിച്ചിരിക്കുന്നതുപോലെ ദൈവമാണ് നമ്മെ സൂക്ഷിക്കുന്നത്, നമുക്ക് ഒരു ഉത്തരവാദിത്വവുമില്ല എന്നതാണ്. മേൽ സൂചിപ്പിച്ച രണ്ടു ചിന്താധാരകളും ഭാഗികമായി ശരിയും ഭാഗികമായി തെറ്റുമാണ്. കൃപയുടെ വക്താക്കൾ മേൽപ്പറഞ്ഞ രണ്ടാമത്തെ ചിന്തയായ ക്യാറ്റ് തിയോളജിയുടെ വക്താക്കളാണ്. മനുഷ്യന്റെ ഭാഗത്തുനിന്ന് ചെയ്യേണ്ട കടമകളെ തീർത്തും അവഗണിച്ച് ദൈവം വച്ചിരിക്കുന്ന വ്യവസ്ഥയെ തകിടം മറിച്ച് വിശ്വാസികളിൽ ചിന്താക്കുഴപ്പമുണ്ടാക്കി സൽപ്രവൃത്തികളിൽ നിന്നും അകറ്റി ദൈവത്തിന്റെ കൃപയുടെ പേരുപറഞ്ഞ് യഥാർത്ഥ ദൈവിക ലക്ഷ്യത്തിൽ നിന്ന് ക്രിസ്തു ശിഷ്യരെ തെറ്റിച്ചുകളയുന്ന കപട ആത്മിക വാദികളായ കൃപയുടെ വക്താക്കളെന്ന് വീമ്പുപറയുന്ന ദുരുപദേശകരെ പെന്തെക്കോസ്തിൽ നിന്ന് ആട്ടിപ്പുറത്താക്കാൻ ഇനി ഒട്ടും അമാന്തിക്കരുത്.

ഇന്നു നാം ജീവിക്കുന്നത് കൃപായുഗത്തിലാണെന്നത് ശരി തന്നെ. പക്ഷേ കൃപായുഗത്തിൽ ജീവിച്ച അനന്യാസിനേയും സഫിറയെയും ശിക്ഷിച്ച് ദൈവം ന്യായാധിപനാണെന്ന് മുന്നറിയിപ്പ് കൃപായുഗത്തിൽപോലും ദൈവം ദൃഷ്ടാന്തമായി തന്നിരിക്കുന്നത് കണ്ടില്ലെന്നു നടിക്കരുത്. നാമും അതേ കൃപായുഗത്തിലാണ്. രക്ഷിക്കപ്പെട്ടു എന്ന കാരണത്താൽ എല്ലാം തികഞ്ഞു എന്നു ചിന്തിക്കരുത്. അത് ദൈവത്തിന്റെ മഹാകൃപമൂലം ലഭിച്ചതും നമ്മൾ അർഹിക്കാത്തതുമായ പദവിയാണ്. രക്ഷയുടെ രണ്ടു ഘട്ടങ്ങൾ ഇനിയും പിന്നിടാനുണ്ട്. ഇപ്പോൾ നാം രക്ഷയുടെ രണ്ടാം ഘട്ടത്തിലാണ്. ഇവിടെ ആത്മാവിനെ അനുസരിച്ച് നടക്കാൻ നാം ബാധ്യസ്ഥരാണ്. നമ്മുടെ ദൈവം ദഹിപ്പിക്കുന്ന അഗ്നിയാണ്, തീയിടുവാനത്രേ ഞാൻ വന്നിരിക്കുന്നത്, എന്റെ പിന്നാലെ വരുന്നവൻ കെടാത്ത തീയിൽ ഇട്ട് ചുട്ടുകളയുന്നവനും, തീയിൽ മുക്കി കളയുന്നവനും ആണ് എന്ന് തുടങ്ങിയുള്ള വചനങ്ങൾ പുതിയ നിയമത്തിൽ തന്നെയാണെന്ന സത്യവും നമ്മൾ മറന്നുപോകരുത്.

കൃപായുഗം എന്നത് പാപികൾക്ക് മാനസാന്തരപ്പെടാൻ ദൈവം കനിഞ്ഞ് നൽകിയിരിക്കുന്ന അവസരമാണ്. നാമും കൃപായുഗത്തിനുള്ളിലാണെന്നതും ശരിതന്നെ. എന്നാൽ ദൈവത്തിന്റെ കൃപമൂലം രക്ഷയിലേയ്ക്ക് പ്രവേശിക്കാൻ ഭാഗ്യം ലഭിച്ച നാം വീണ്ടും വീണ്ടും ദൈവകൃപയെ ചൂഷണം ചെയ്യുന്ന തരത്തിലുള്ള പ്രവൃത്തികൾ ചെയ്താൽ ദൈവം വെച്ചുപൊറുപ്പിക്കില്ല എന്നതിന്റെ സൂചനയാണ് കൃപായുഗത്തിലെ അനന്യാസ് സഫീറാ സംഭവം. സത്യത്തിന്റെ പരിജ്ഞാനം ലഭിച്ചശേഷം വീണ്ടും പാപം ചെയ്താൽ ഇനി പാപ

08


## കല്ലുകടി

### പ്രസംഗകരുടെ ഇരട്ടത്താപ്പ്

കൃപയുടെ സുവിശേഷകരെന്ന പേരിൽ ദൈവവചനവുമായി യാതൊരു ബന്ധവുമില്ലാത്ത കാര്യങ്ങൾ തങ്ങൾക്ക് കിട്ടിയ വെളിപ്പാടെന്ന പേരിൽ ഇവിടെ കുറച്ചുപേർ പ്രചരിപ്പിക്കുകയാണ്. വെളിവും വെള്ളിയാഴ്ചയുമില്ലാത്ത കുറച്ചുപേരുടെ വെളിവുകേടുകൾ പ്രദർശിപ്പിക്കാനുള്ള വേദിയായി ഇക്കൂട്ടർ പെന്തക്കോസ്തുകാരുടെ കൺവെൻഷൻ വേദികൾ വരെ ഉപയോഗിക്കുന്നു. ഇവർ പറയുന്നത് ദുരുപദേശമാണെന്നുപോലും തിരിച്ചറിയാതെ ഇവർക്ക് ഏലായിടുന്നവരുടെ കൂട്ടത്തിൽ നമ്മുടെ പല ഉപദേശിമാരുമുണ്ട്. നമ്മുടെ ഉപദേശിമാരിൽ പലർക്കും ശരിയായ ഉപദേശം പോലും അറിയുകയില്ലായെന്നതാണ് വാസ്തവം. ശരിയായ ഉപദേശം അറിയുന്നവർക്കല്ലേ ദുരുപദേശം തിരിച്ചറിയാൻ പറ്റുകയുള്ളൂ.

ഉപദേശ വിശുദ്ധി പറയുന്ന നമ്മുടെ പേരുകേട്ട പല പ്രസംഗകരും ഇക്കൂട്ടരോടൊപ്പമോ അവർ പ്രസംഗിക്കുന്ന കൺവൻഷനുകളിലോ പ്രസംഗകരായി എത്തുന്നു. എന്നിട്ട് ഒരു ഉളിപ്പുമില്ലാതെ കവറും വാങ്ങി പോക്കറ്റിലിട്ട് ഭക്തനായി ചമഞ്ഞ് മടങ്ങി പോകുന്നു. അൽപമെങ്കിലും തൊലിക്ക് പുളിയുള്ളവരാണെങ്കിൽ ഇത്തരക്കാർ പ്രസംഗിക്കുന്ന കൺവൻഷനിൽ ഞാൻ പ്രസംഗിക്കില്ല എന്ന് പറയുവാനുള്ള തന്റേടം ഈ പ്രസംഗകർ കാണിക്കണം. ആർക്കും ഒരു ഗുണവുമില്ലാത്തവരാണ് നമ്മുടെ ചില ഉപദേശ വിശുദ്ധി പ്രസംഗിക്കുന്ന വിദ്വാന്മാരുമെന്ന് പൊതുവേ ഒരു പറച്ചിലുമുണ്ട്. ഇരട്ടത്താപ്പ് അവസാനിപ്പിക്കുന്നത് ഇവർക്ക് നന്ന്.


**അടിക്കുറിപ്പ്:** ദീപസ്തംഭം മഹാശ്ചര്യം നമുക്കും കിട്ടണം പണം.



## ഇറ്റാലിയൻ ഭാഷാ പഠനം

ജേക്കബ് വർഗ്ഗീസ്

തൊടുപുഴ, Mob : 9495380729



29

## LESSON 29

### La Bella Casa - സുന്ദരഭവനം

| | | | |
|---|---|---|---|
| Spesa | Shoping | Bagno | Bath room |
| Cucchaio | Spoon | Tenda | Curtain |
| Stanza | Room | Casa numero | House No. |
| Grande Stanza | Big room | Cucina | Kitchen |
| Piccolo Stanza | Small room | Latte | Milk |
| Portone | Front door | Carello | Trolly |
| Tazza | Cup | Cena | Supper |
| Televisione | Television | Sechio | Bucket |
| Lavatrice | Washing machine | Regalo | Gift |
| Mobilia | Furniture | Frigo | Fridge |
| Camera di letto | Bed room | Finestra | Window |

# ചർച്ച് ഓഫ് ഗോഡ്
# ഇവാഞ്ചലിസം ബോർഡിന് പുത്തനുണർവ്വുമായി

## ഡയറക്ടറുടെ സന്ദേശം



ഈ വലിയ ഉത്തരവാദിത്വം എന്നെ ഏല്പിച്ച സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ. പി.ജെ. ജയിംസിനും സ്റ്റേറ്റ് കൗൺസിലിനും ഹൃദയംഗമമായ നന്ദി അറിയിക്കുന്നു. അർത്ഥവത്തായ സുവിശേഷീകരണം ഭാരതസഭയ്ക്ക് എന്നും ഒരു വെല്ലുവിളിയാണ്. ഒന്നാം നൂറ്റാണ്ടിൽത്തന്നെ ഭാരതത്തിൽ സുവിശേഷം എത്തിയെന്ന് നാം പൊതുവേ വിശ്വസിച്ചു വന്നിരുന്നുവെങ്കിലും ഈ ഉപഭൂഖണ്ഡത്തിൽ ക്രിസ്ത്യാനികൾ ഇപ്പോഴും ഒരു ന്യൂനപക്ഷം മാത്രമാണ്. ഇതിന്റെ പ്രധാനകാരണം നമ്മുടെ പൂർവ്വികൻമാർ യേശുക്രിസ്തുവിനെ അവരവരുടെ സഭകളുടെ നാലു ഭിത്തികൾക്കുള്ളിൽ അടക്കുവാൻ ശ്രമിച്ചു എന്നുള്ളത് മാത്രമല്ല, സഹസൃഷ്ടികളോട് ഈ യേശുവിനെ സാക്ഷിക്കുവാൻ കാര്യമായ ശ്രമങ്ങൾ നടത്തിയില്ല എന്നതുമാണ്. ഈ ശ്രമസാദ്ധ്യമായ ദൗത്യം നിർവ്വഹിക്കുന്നതിനു കഴിഞ്ഞ നാളുകളിൽ വിദേശ മിഷനറിമാർ നടത്തിയ ശ്രമങ്ങൾ തുലോം അപര്യാപ്തമായിരുന്നു. ഈ അടുത്ത കാലങ്ങളിലായി നാമമാത്രമായ സുവിശേഷീകരണ ഉദ്യമങ്ങൾ നടക്കുന്നുണ്ട്. എങ്കിലും ഈ ഉദാത്തമായ ദൗത്യനിർവ്വഹണത്തിന് അവ തികച്ചും അപര്യാപ്തമത്രേ. 21-ാം നൂറ്റാണ്ടിന്റെ സാധ്യതകളിലേക്ക് കുതിക്കുവാൻ മനുഷ്യരാശി ആഗ്രഹിക്കുന്നു. കഴിഞ്ഞകാലങ്ങളിൽ പ്രകടിപ്പിച്ച ആത്മീയ അനാസ്ഥയും അനവധാനതയും ഓർത്ത് അനുതപിക്കുവാനും യേശുവിന് വേണ്ടി മാതൃഭൂമിയെ നേടുന്നതിനായി സമയബന്ധിത സുവിശേഷീകരണ യത്നങ്ങൾ ആവിഷ്ക്കരിക്കുവാനും ഭാരതസഭകൾക്ക് സമയം അതിക്രമിച്ചിരിക്കുന്നു.

സുവിശേഷീകരണം എന്നുള്ളത് പ്രാഥമികമായി, യേശുക്രിസ്തുവാകുന്ന സുവിശേഷത്തെ ദരിദ്രർക്കു പ്രഖ്യാപിക്കുന്നതാണ്. കേരളത്തിലെ ബഹുഭൂരിപക്ഷം വരുന്ന ദരിദ്രർ, ആദിവാസികൾ,ഗോത്രവർഗ്ഗ വിഭാഗങ്ങൾ മറ്റ് അവശത അനുഭവിക്കുന്നവർ തുടങ്ങിയവരെ പുനരുദ്ധരിക്കുവാനുള്ള കർമ്മ പദ്ധതികൾ ആവിഷ്ക്കരിക്കണം. ഇതിന് ആത്മീക- സാമൂഹിക ശാക്തീകരണങ്ങളുടെ സമന്വയം ആവശ്യമാണ്. നൂറു വർഷം പിന്നിട്ട കേരളത്തിലെ ദൈവസഭയ്ക്ക് സഭാവളർച്ചയിൽ ആ കുതിപ്പ് ആവശ്യമാണ്. കേരളത്തിലെ ആദിവാസി മേഖലകൾ, തീരപ്രദേശങ്ങൾ,അതിർത്തിഗ്രാമങ്ങൾ സുവിശേഷകരെ കാത്തിരിക്കുന്നു. പരിമിതികളും എതിർപ്പുകളും അനവധിയുണ്ട്. ഈ വെല്ലുവിളികൾ ഏറ്റെടുത്ത് നൂതനമായ പദ്ധതികൾ ആവിഷ്ക്കരിച്ചുകൊണ്ട് ഇവാഞ്ചലിസം ഡിപ്പാർട്ട്മെന്റ് കർമ്മരംഗത്ത് സജീവമാകുന്നു. സുവിശേഷദർശനമുള്ള ഏവരുടേയും നിർല്ലോഭമായ പിന്തുണ ആവശ്യപ്പെടുന്നു.

ക്രിസ്തുവിൽ
**പാസ്റ്റർ റ്റി. എം. മാമ്മച്ചൻ**

**ഇവാഞ്ചലിസം ഡയറക്ടറായി ചുമതലയേറ്റ പാസ്റ്റർ റ്റി.എം. മാമ്മച്ചന്റെ നേതൃത്വത്തിൽ പിന്നിട്ട മൂന്നു മാസങ്ങളിൽ സുവിശേഷപ്രവർത്തനങ്ങൾക്ക് ആവേശകരമായ തുടക്കം**

## സെക്രട്ടറിയുടെ കത്ത്



പാസ്റ്റർ സജി ജോർജ്ജ്

പാസ്റ്റർ.റ്റി.എം. മാമ്മച്ചന്റെ നേതൃത്വത്തിൽ ഇവാഞ്ചലിസം ഡിപ്പാർട്ട്മെന്റ് ചലനാത്മകമായ പരിപാടികളോടെ പുതിയ ചുവട് വെയ്പ് നടത്തിയിരിക്കുകയാണ്. പിന്നിട്ട 3 മാസങ്ങളിലായി പ്രശംസാവഹമായ പ്രവർത്തനങ്ങളാണ് കാഴ്ച വെച്ചത്. മാറിയ സാമൂഹിക സാഹചര്യത്തിൽ വേറിട്ട പദ്ധതികളാണ് ഇവാഞ്ചലിസം ഡിപ്പാർട്ട്മെന്റ് ആവിഷ്ക്കരിക്കുന്നത്. സമ്മിശ്ര സംസ്ക്കാരം നിലനിൽക്കുന്ന കേരളത്തിൽ സുവിശേഷീകരണം ഒരു വെല്ലുവിളിയാണ്. ഉജ്ജ്വലമായ സുവിശേഷ ദർനവും സാധാരണക്കാരോട് സഹാനുഭൂതിയുമുള്ള ഒരു കർതൃ ദാസനാണ് പാസ്റ്റർ. റ്റി.എം. മാമ്മച്ചൻ. തന്റെ നേതൃത്വത്തിൽ ഇവാഞ്ചലിസം ഡിപ്പാർട്ടുമെന്റ് എണ്ണയിട്ട യന്ത്രംപോലെ പ്രവർത്തിക്കും എന്ന കാര്യത്തിൽ തർക്കമില്ല. ആത്മഭാരമുള്ള സമർപ്പിതരായ ഒരു കൂട്ടം യുവാക്കളാണ് ബോർഡിൽ പ്രവർത്തിക്കുന്നത്. സഭകൾ ഇല്ലാത്ത സ്ഥലങ്ങളിൽ സുവിശേഷീകരണം നടത്തുക. മദ്യത്തിനും മയക്കുമരുന്നിനും എതിരെ ബോധവത്ക്കരണം സംഘടിപ്പിക്കുക, ആത്മഹത്യാ പ്രവർത്തകർക്കെതിരെ ബോധവൽക്കരണം നടത്തുക, ഫിലിം പ്രദർശനം, പരസ്യയോഗങ്ങൾ, കൺവൻഷനുകൾ, ഇവാഞ്ചലിസം സെമിനാർ, ശില്പശാല, ബൈബിൾ വിതരണം, ട്രാക്റ്റ് വിതരണം സൈയിൻ ബോർഡ് സ്ഥാപിക്കുക, ചുവരെഴുത്ത്, ഇവാഞ്ചലിസം എക്സിബിഷൻ, മെഡിക്കൽ ക്യാമ്പുകൾ, കോളനികൾ കേന്ദ്രീകരിച്ച് ആരോഗ്യ സെമിനാർ, സ്വയം തൊഴിൽ പരിശീലനം, ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തുക ഇതെല്ലാം ഇവാഞ്ചലിസം ഡിപ്പാർട്ടുമെന്റിന്റെ ദർശനങ്ങളാണ്.

ഇതിനായി സമർപ്പിതരായ കർത്തൃദാസന്മാരും വിഭവ സമാഹരണവും ആവശ്യമാണ്. സ്വന്തം നാടിന്റെ സമഗ്രമായ സുവിശേഷീകരണവും സഭാവളർച്ചയും ആഗ്രഹിക്കുന്ന ഉദാരമതികളായ അഭ്യുദയകാംക്ഷികൾ ഈ പ്രവർത്തനത്തിൽ പങ്കാളികളാകണമെന്ന് അപേക്ഷിക്കുന്നു.



**സൗജന്യ തയ്യൽ പരിശീലനം**

ഉദ്ഘാടനം പാസ്റ്റർ റ്റി. എം. മാമ്മച്ചൻ, ബ്രദ. ജേക്കബ് ഇട്ടി, പാസ്റ്റർ ഏബ്രഹാം മാത്യു, സി. ഒ. ജോസ്, രാജു യോഹന്നാൻ, പാസ്റ്റർ സന്തോഷ് എന്നിവർ സമീപം



**കൺവൻഷൻ**

പാസ്റ്റർ റ്റി. എം. മാമ്മച്ചൻ



**ഉദ്ഘാടനം**

കല്ലേലി കൺവൻഷൻ, പാസ്റ്റർ സജി ജോർജ്ജ്

## മൂന്നു മാസത്തിനകം നടത്തിയ പ്രോഗ്രാമുകൾ

### കൺവൻഷനുകൾ

**നെയ്യാറ്റിൻകര** ഡിസ്ട്രിക്ടിൽ വെങ്കടമ്പ് സഭയിൽ കൺവൻഷൻ നടത്തി. പാസ്റ്റർ വർഗീസ്, പാസ്റ്റർ ബൈജു എന്നിവർ ഇവിടെ ശുശ്രൂഷിക്കുന്നു.

**പാറശാല** ഡിസ്ട്രിക്ടിൽ വണ്ടിത്തടം സഭയിൽ കൺവൻഷൻ നടത്തി. പാസ്റ്റർ റെജിമോൻ ശുശ്രൂഷകൾക്ക് നേതൃത്വം കൊടുത്തു. പാസ്റ്റർമാരായ റ്റി. എം. മാമ്മച്ചൻ, സജി ജോർജ്ജ് എന്നിവർ ഈ യോഗങ്ങളിൽ പ്രസംഗിച്ചു.

### പുതിയ പ്രവർത്തനങ്ങൾ

**കൊല്ലം ഡിസ്ട്രിക്ടിലെ കാരിക്കുഴിയിൽ കൺവൻഷൻ നടത്തി**

**കരുനാഗപ്പള്ളി** ഡിസ്ട്രിക്ടിലെ കല്ലേലിയിൽ കൺവൻഷൻ നടത്തി. പാസ്റ്റർമാരായ റ്റി. എം. മാമ്മച്ചൻ, സജി ജോർജ്ജ്, ബിനു ജോർജ്ജ്, എം. എൻ. ജോർജ്ജുകുട്ടി എന്നിവർ പ്രസംഗിച്ചു. പാസ്റ്റർമാരായ ബിജുമോൻ ശാമുവേൽ, ഏണസ്റ്റ് എന്നിവർ നേതൃത്വം നൽകി.

**സൗജന്യ തൊഴിൽ പരിശീലനം**

**കൊട്ടാരക്കര** പട്ടാഴി കേന്ദ്രമാക്കി കോളനിയിൽ തയ്യൽ സ്കൂൾ ആരംഭിച്ചു. 55 യുവതികൾ ഇവിടെ പരിശീലനത്തിന് എത്തുന്നു. പഠനം പൂർത്തീകരിക്കുന്നവർക്ക് രജിസ്ട്രേഷൻ ഉള്ള സർട്ടിഫിക്കറ്റുകൾ നൽകുന്നു. പാസ്റ്റർ സന്തോഷും കുടുംബവും ഇവിടെ പ്രവർത്തിക്കുന്നു.

**വേദവിദ്യാർത്ഥിക്ക് സൗജന്യ വിദ്യാഭ്യാസം**

ഏകനായി പെന്തക്കോസ്ത് വിശ്വാസത്തിലേക്ക് വന്ന യുവാവിന് MDIV പഠനത്തിന് മൂന്ന് വർഷത്തെ ഫീസ് നൽകി. ഇവാഞ്ചലിസം ഡിപ്പാർട്ടുമെന്റിന്റെ സംഭാവനയായ 34000 രൂപ സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ പി. ജെ. ജെയിംസ് ബൈബിൾ കോളജ് പ്രിൻസിപ്പാൾ ഡോ. സുജു ജോണിന് കൈമാറി.

## ഭാവി പദ്ധതികൾ

- കേരളത്തിലെ എല്ലാ ഡിസ്ട്രിക്ടുകളിലും പുതിയ പ്രവർത്തന മേഖലകളിൽ കൺവൻഷൻ സംഘടിപ്പിക്കുക.
- ആർ. എഫ്. കുക്ക് ശതാബ്ദി ആഘോഷത്തിന്റെ ഭാഗമായി 100 സഭകൾ ആരംഭിക്കുക
- മലബാർ, ഹൈറേഞ്ച്, തീരദേശം എന്നീ മേഖലകളിൽ ക്രൂസേഡുകൾ നടത്തുക.
- നിർദ്ധനരായ പെൺകുട്ടികൾക്ക് വിവാഹസഹായ പദ്ധതി.
- ഭവന രഹിതരായ കുടുംബങ്ങൾക്ക് ഭവനം നിർമ്മിച്ചു നൽകുക
- അർഹരായ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സഹായം, പഠന സാമഗ്രികൾ എന്നിവ നൽകുക
- വിധവകൾക്ക് സാമ്പത്തിക സഹായം നൽകുക
- സൗജന്യമായി തയ്യൽ മെഷീൻ നൽകുക
- സായാഹ്ന ബൈബിൾ സ്കൂളുകൾ തുടങ്ങുക

(എല്ലാം നിബന്ധനകൾക്ക് വിധേയമായിരിക്കും).

ഡയറക്ടർ, ചർച്ച് ഓഫ് ഗോഡ്, മുളക്കുഴ, ഫോൺ 9747994276/ 9447171222, mamachantm@yahoo.com

# ഡോ.കോര സംസാരിക്കുന്നു



1. കൃപയുടെ സുവിശേഷകർ ന്യായവിധിയില്ലെന്ന് പ്രസംഗിക്കാൻ കാരണം

**- ജയ്സ്, കുമ്പനാട്**

*ന്യായവിധിക്കു യോഗ്യമായ പ്രവർത്തി ചെയ്യുന്നവർ സ്വയം ആശ്വസിക്കുവാനായി കണ്ടെത്തിയ മാർഗ്ഗം ആയിരിക്കുവാനാണ് സാധ്യത*

2. കർത്തൃമേശയിൽ പങ്കെടുക്കാൻ സ്നാനം വേണ്ട, രക്ഷിക്കപ്പെടേണ്ട എന്നൊക്കെ പഠിപ്പിക്കുന്ന സജിത്തിനെക്കുറിച്ച് കോരയുടെ അഭിപ്രായം എന്താണ്.

**- ഷൈജു എറണാകുളം**

*കണ്ണൂരുകാരനല്ലെ വാളും ബോംബുമൊക്കെ പ്രതീക്ഷിക്കാം.*

3. സായ്പിന്റെ ശതാബ്ദി ആഘോഷിച്ച സഭയിൽ പലർക്കും അർഹമായ അലവൻസുകൾ നേതാവ് കൊടുക്കുന്നില്ലെന്ന് പറയുന്നത് കോര അറിഞ്ഞോ?

**- ചെറിയാൻ, മുളക്കുഴ**

*കൂലിക്കാരന്റെ കൂലി കൊടുക്കാത്തവന്റെ ഗതി എന്താകുമെന്ന് ബൈബിളിൽ രേഖപ്പെടുത്തിയിട്ടുണ്ട് ചെറിയാച്ചാ*


4. കൃപയുടെ സുവിശേഷം എന്താണെന്ന് കോര ഒന്നു പറഞ്ഞു തരാമോ? **- മത്തായി, കാഞ്ഞങ്ങാട്**

*കൃപയുടെ ഉറവിടമായ കർത്താവിന്റെ വചനങ്ങളെ കോട്ടിക്കളയുന്ന കൂട്ടരെ മുടിച്ചുകളയാത്തതിനെയാണ് കൃപയുടെ സുവിശേഷം എന്നു പറയാവുന്നതെന്നാണ് കോരയ്ക്ക് തോന്നുന്നത്.*

5. അമേരിക്കയിൽ ഒരു പാസ്റ്റർ തന്റെ സഭയിൽ സന്ദർശനത്തിനെത്തിയ ഐ. പി. സി. നേതാക്കന്മാരെ അവഹേളിച്ചതായി വന്ന വാർത്ത കോര കണ്ടോ? **- സണ്ണി, കുമ്പനാട്**

*ശുംഭൻ, അല്പൻ എന്നല്ലാതെ എന്തു പറയാൻ*

# നിത്യതയിൽ



## സി. എം. ബഞ്ചമിൻ

**സൗത്ത് ഫ്ളോറിഡ:** ഗ്രീൻ മെഡോ ചർച്ച് ഓഫ് ഗോഡ് സഭാവിശ്വാസിയും കൊട്ടാരക്കര വിലങ്ങറ ചരുവിള പുത്തൻ വീട്ടിൽ കുടുംബാംഗവുമായ ബ്രദർ സി. എം. ബഞ്ചമിൻ (76) നവം. 27-ാം തീയതി കർത്താവിൽ നിദ്ര പ്രാപിച്ചു. ഡിസംബർ 3-ാം തീയതി വൈകുന്നേരം 5.30ന് വ്യൂവിംഗും, ഡിസംബർ 4-ാം തീയതി ബുധനാഴ്ച രാവിലെ 9.30ന് ഫ്ളോറന്റ് ലാൻ മെമ്മോറിയൽ ഗാർഡൻ (Forest Lawn Memorial Gardens) സംസ്ക്കാര ശുശ്രൂഷയും നടന്നു. സഹധർമ്മിണി അന്നാമ്മ പനവേലി മാന്തോട്ടം കുടുംബാംഗമാണ്. 30-ൽ പരം വർഷങ്ങളായി സൗത്ത് ഫ്ളോറിഡായിൽ കുടുംബമായി താമസിക്കുന്നു. മക്കൾ: മിനി (ഹൂസ്റ്റൺ), ജേക്കബ് (ഫ്ളോറിഡ), സൂസൻ (ഡാളസ്). മരുമക്കൾ: തോമസ് ജോർജ്ജ് (ഹൂസ്റ്റൺ), ഡോ. റിനു ബഞ്ചമിൻ (ഫ്ളോറിഡ), തോമസ് ബഞ്ചമിൻ (ഡാളസ്സ്). മരുമക്കൾ: തോമസ് ജോർജ്ജ് (ഹൂസ്റ്റൺ), ഡോ. റിനു ബഞ്ചമിൻ (ഫ്ളോറിഡ), തോമസ് ബഞ്ചമിൻ (ഡാളസ്സ്). കൊച്ചുമക്കൾ: സ്റ്റാൻലി, ജോനാഥാൻ, ജസ്റ്റിൻ, ഡേവിഡ് ജേക്കബ് ജൂനിയർ, ഫിലിപ്പ്, അലക്സ്.

# അമേരിക്കൻ വിശേഷം

രാജൻ ആര്യപ്പള്ളിൽ
ചെയർമാൻ



## ഐ. പി. സി. സ്റ്റേറ്റ് കൺവൻഷൻ


നിലമ്പൂരിൽ നടക്കുന്ന ഐ. പി. സി. കേരളാ സ്റ്റേറ്റ് കൺവൻഷന്റെ തൽസമയ സംപ്രേഷണം കണ്ടുകൊണ്ടിരുന്നപ്പോൾ ഹൃദയത്തിൽ തോന്നിയത് ഒരു നഷ്ടബോധമാണ്. കാരണം കേരളത്തിൽ അനുഭവിച്ചിരുന്ന ആത്മീയ കൂട്ടായ്മയുടെ അനുഭവങ്ങൾ എന്നും മധുരമുള്ള ഓർമ്മകളാണ്. ഞങ്ങളുടെ സഭാശുശ്രൂഷകൻ കൂടിയായ പാസ്റ്റർ വി. പി. ജോസ് സ്റ്റേറ്റ് കൺവൻഷനിൽ ശുശ്രൂഷിക്കുന്നുവെന്നതും വലിയ സന്തോഷമായി. കേരളത്തിൽ ഒരു കൺവൻഷൻ സീസൺ ആരംഭിച്ചു കഴിഞ്ഞു. പതിവുപോലെ കുമ്പനാട് കൺവൻഷനിൽ പങ്കെടുക്കുവാൻ മനസ്സ് വെമ്പൽക്കൊള്ളുകയാണ്. നവതി കൺവൻഷനിൽ പങ്കെടുക്കുവാൻ ആകാംക്ഷയോടെ കാത്തിരിക്കുന്ന വിദേശമലയാളികൾ ധാരാളം.

ഇതിനിടയിൽ കേട്ട നെൽസൺ മണ്ടേലയുടെ വിയോഗ വാർത്ത ദുഃഖം ഉളവാക്കി. ഒരു രാജ്യത്തിന്റെ, ഒരു ജനതയുടെ, ഒരു വർഗ്ഗത്തിന്റെ വിമോചനത്തിനായി ജീവിതത്തിൽ ത്യാഗം അനുഭവിച്ച നേതാവ് വിട പറഞ്ഞിരിക്കുന്നു.

മാനവവർഗ്ഗത്തിന്റെ ആകമാനമായ വിമോചനത്തിനായി സ്വർഗ്ഗീയ മഹിമകൾ വെടിഞ്ഞ് ക്രൂശിൽ പ്രാണത്യാഗം ചെയ്ത നമ്മുടെ കർത്താവിന്റെ സ്മരണകൾ കണ്ണീരോടെ അല്ലാതെ എങ്ങനെ ഓർക്കുവാൻ കഴിയും.


IPC ZION, MUSAFFAH, ABUDHABI, UAE
Sunday Worship 7PM - 10 PM /
Thursday Cottage Meeting - 7.30 PM-10 PM
Friday Fasting Prayer - 12 PM - 3 PM
PASTOR P. M. SAMUEL (SAM KOODAL)
Ph: 050 541 9678 / Email: samkoodal@gmail.com

സൂററ്റിൽ ആത്മീയ ആരാധനയ്ക്ക് ബന്ധപ്പെടുക
Pr. Santhosh K Mathew
IPC Prayer Home
73, Ruchi Township
Kavas P.O., Surat, Gujarat
Mob: 8469696069, 9033918101
Email: prsanthoshkm@gmail.com

ജന്മനാട്ടിൽ ഒഴിവുകാല വസതികൾ
www.gjvacations.com
G.J VACATION HOMES
KOTTAYAM
Cochin - Thiruvalla - Aranmula - Trivandrum

Contact: USA + 1914 255 6211 INDIA : 8281275329
email: info@gjvacations.com
What we offer
Fully Furnished House | AC/ Non AC Rooms | Rent a Car & house Boats | Ayurvedic Treatment Centre
Homemade Kerala Food | Swimming Pool | Basket ball Court | Event Management


PASTOR NEEDED
Hebron Christian Church
San Jose - California - USA
Bible based Pentecostal Church seeking a full time Pastor Starting July 2014
- Ordained Minister of a Pentecostal Church
- Spirit filled and spirit led
- Bachelors degree or above in Theology or Biblical Studies
- Previous pastoral and administrative experience
- Ability to minister to youth and adults alike
- Sound Bible teacher and Motivated Evangilist
- Fluent in English and Malayalam
- US Citizen or Permanent Resident
Apply with two references by Jan 10th,2014 to: pastorsearch@hccus.com
For More details visit:
http://www.hccus.com/pastor-search.html or Call 408 454 8514

# തുലാസിന്റെ തട്ടുകൾ തുല്യം നിലനിർത്തിയ ഭാരത രത്നം: സച്ചിൻ തെൻഡുൽക്കർ

**ജേണൽ ഫോക്കസ്**



റവ. കെ.എം. ജോൺസൺ
പൂവൻതുരുത്ത്,
9497161022

ക്രിക്കറ്റ് കോർട്ട് വിട്ട സച്ചിന് കിട്ടിയ കത്തുകൾ അനവധിയാണ്. ആ കൂട്ടത്തിൽ ബിഷപ്പ് ഗീവർഗ്ഗീസ് മാർ അത്തനാസിയോസും എഴുതുകയുണ്ടായി. ആ കത്ത് മലയാള മനോരമ 30/11/2013 ശനിയാഴ്ച യൂത്ത് പ്ലസ്സിൽ പ്രസിദ്ധീകരിച്ചിരുന്നു.

**കത്തിലെ പ്രസക്ത ഭാഗങ്ങൾ:**

പ്രിയപ്പെട്ട സച്ചിൻ, വിനയവും ആർജവവും മൂല്യങ്ങളും ഉള്ളവരെ എനിക്ക് ഇഷ്ടമാണ്. ഈ ഗുണങ്ങൾക്കൊപ്പം മികവുകൂടി ഉള്ളവരെ അവഗണിക്കുവാനേ കഴിയില്ലല്ലോ? ഇൻഡ്യയുടെ അഭിമാനവും അന്തസ്സും താങ്കൾ കരുത്തോടെ ഉയർത്തിപ്പിടിച്ചു. ജീവിതത്തിന്റെ ഏതു രംഗത്തും വിജയത്തിനു ആവശ്യമായ സമർപ്പണവും ധൈര്യവും അച്ചടക്കവും സത്യസന്ധതയും സ്ഥിരോത്സാഹവും സൈഥര്യവും ഇല്ലായിരുന്നെങ്കിൽ അതു സാധിക്കയില്ലായിരുന്നു എന്നു ഞാൻ കരുതുന്നു. രാജ്യത്തോടുള്ള കടമയും കൂറും കുടുംബത്തോടും സമൂഹത്തോടും ഉള്ള സമർപ്പണവും; **തുലാസിന്റെ തട്ടുകൾ താങ്കൾ തുല്യമായി നിർത്തി......**മഹാന്മാർക്കെല്ലാം താൽപര്യമുള്ള ഒരു കാര്യം ഞാൻ പങ്കുവയ്ക്കട്ടെ. ഇൻഡ്യ മുറിവേറ്റു വിലപിക്കുകയാണ്. **അഴിമതിയുടെയും മതമൗലികവാദത്തിന്റെയും മുറിവുണക്കാൻ, ഭാഷയുടെയും പ്രദേശത്തിന്റെയും പേരിലുള്ള വിവേചനവും, വിജനവും സൃഷ്ടിക്കുന്ന മുറിവ്; ദാരിദ്ര്യത്തിന്റെ മുറിവ്, പരിസ്ഥിതി നാശത്തിന്റെ മുറിവ്....**ഈ വെല്ലുവിളികളെല്ലാം താങ്കൾ ഏറ്റെടുക്കണമെന്നില്ല. എന്തായാലും താങ്കളുടെ ഊർജ്ജവും ശിഷ്ടജീവിതവും ആ വെല്ലുവിളികളിൽ ചിലതെങ്കിലും ഏറ്റെടുക്കാൻ വിനിയോഗിക്കുമോ? പ്രായഭേദമില്ലാതെ ഒരു പാടു പേർക്കു താങ്കൾ ഒരു മാതൃകയാണ്. മാറ്റത്തിന്റെ തേര് മെല്ലെ ശ്രദ്ധയോടെ തെളിക്കേണ്ടതെങ്ങനെയെന്നു ചിന്തിക്കണം. **യേശുക്രിസ്തുവിന്റെ വാക്കുകളിൽ മാവിനെ ഒന്നാകെ മാറ്റുന്ന ചെറിയ പുളിപ്പാകുക.** ഈ മഹത്തായ ദൗത്യത്തിനുവേണ്ടി ആ ഭാവി ഞാൻ താങ്കൾക്കു സമർപ്പിക്കുന്നു.

**ദൈവം അനുഗ്രഹിക്കട്ടെ**
**ഗീവർഗീസ് മാർ**
**അത്തനാസിയോസ്.**

നമ്മുടെ ഭാഷയിൽ പറഞ്ഞാൽ ഒരു ലോക മനുഷ്യൻ (രക്ഷിക്കപ്പെടാത്തവൻ)നെക്കുറിച്ച് ഒരു സഭാ അദ്ധ്യക്ഷൻ രേഖപ്പെടുത്തിയ വാക്കുകളാണ് ഞാൻ മുകളിൽ ഉദ്ധരിച്ചത്. അതുകൊണ്ടുതന്നെ പ്രസ്തുത വാക്കുകൾക്ക് ജീവനും ചൈതന്യവും ഉണ്ട്. എന്തുകൊണ്ടും ആദരണീയനായ ഭാരതരത്നം സച്ചിൻ തെൻഡുൽക്കറിനെ ജേണൽ ഫോക്കസ് ചെയ്യുകയാണ്; ഒരു താരതമ്യം; ഒരു പഠനം. നന്മ സുവിശേഷിക്കുന്നവരുടെ കാലുകൾ എത്ര മനോഹരമാകുന്നുവെന്ന് അപ്പോൾ തിരിച്ചറിയും. നീയോ ദൈവത്തിന്റെ മനുഷ്യനായുള്ളോവേ.....ഇതൊന്നു വായിച്ചു മനം തിരിയുക.

24 സംവത്സരങ്ങൾ കായികലോകത്ത് രാജ്യത്തിന്റെ യശ്ശസ്സിൻ സൂര്യ പ്രഭ വിരിയിച്ച സച്ചിൻ പടിയിറങ്ങുമ്പോൾ വെറും ഭംഗിവാക്കിൽ ഒതുക്കാവുന്നതല്ല ആ വ്യക്തി മഹാത്മ്യം. ഇൻഡ്യൻ ക്രിക്കറ്റിന്റെ അഭിമാനസ്തംഭമായി ജ്വലിച്ച സൂത്യതേജസ്സ്. 16-ാം വയസ്സിലാണ് താൻ കായിക ജൈത്രയാത്ര ആരംഭിച്ചത്. ഒരു കായികതാരം എങ്ങനെയായിരിക്കണം എന്നതിന് ഉതിലും മികച്ച ഉദാഹരണം ഇൻഡ്യയിൽ ഇല്ല എന്നു തന്നെ പറയാം. (ഒരു ക്രിസ്ത്യാനി; പ്രത്യേകിച്ച് പെന്തക്കോസ്തു അനുഭവസ്ഥൻ, ഒരു ദൈവദാസൻ, ഇടയൻ, അദ്ധ്യക്ഷൻ...വേദപുസ്തകാടിസ്ഥാനത്തിൽ എങ്ങനെയായിരിക്കണം എന്ന് വിലയിരുത്തുന്നത്. ഇവിടെ ഉചിതം). **ടീം പരിശീലനത്തിന് ആദ്യം എത്തുകയും അവസാനം കളിക്കളം വിടുകയും ചെയ്യുന്ന ആത്മാർത്ഥത ഒരു പക്ഷേ സച്ചിന്റെ മാത്രം പ്രത്യേകതയാണ്.** (ആരാധനകൾക്ക് താമസിച്ചു പോകയും നേരത്തെ മടങ്ങിപ്പോരുകയും ചെയ്യുന്നവർ; ദൈവദാസന്മാരും വിശ്വാസികളും ഇതറിയാതിരിക്കരുത്) പുതിയ തലമുറയിലുള്ളവർക്ക് എന്നേയ്ക്കുമുള്ള ഒരു പാഠപുസ്തകമായി സച്ചിൻ അവരോധിക്കപ്പെടുകയാണ്. **കളിക്കളത്തിൽ നിറഞ്ഞുനിന്ന 24 സംവത്സരവും താൻ ഒരിക്കൽപോലും ഒരു വിവാദത്തിൽ ചെന്നു പെട്ടിട്ടില്ല.** (വിവാദങ്ങൾ വരുത്തിവയ്ക്കുന്നവരും വിവാദത്തിൽ ചെന്നുപെടുന്നവരും; ദൈവമക്കൾ; മുൻവരികൾ ശ്രദ്ധയോടെ വായിക്കുക).

അതുകൊണ്ടുതന്നെയാണ് ഇൻഡ്യയുടെ പരമോന്നത ബഹുമതിയായ ഭാരതരത്നം നൽകി ആദരിക്കുവാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചത്. (പെന്തക്കോസ്തു നേതാക്കളും പാസ്റ്ററന്മാരും പ്രമുഖ അയ്മേനികളും ഓണററിബിരുദങ്ങൾ സ്വീകരിക്കാറുണ്ടല്ലോ! ചിലരാകട്ടെ ഡോക്ടർ ഓഫ് തിയോളജിയും ഡോക്ടർ ഓഫ് ഡിവിനിറ്റിയും പണം കൊടുത്തു വാങ്ങി സ്വയം ചാർത്തി ബഹുമാനിതരാവുകയാണ്) ഭാരതരത്നം ലഭിക്കുന്ന ആദ്യകായികതാരവും ഏറ്റവും പ്രായം കുറഞ്ഞ വ്യക്തിയും എന്ന പ്രത്യേകതയും സച്ചിനിൽ നിക്ഷിപ്തമാണ്. ഡോ. മൻമോഹൻസിങ് ഫോണിൽ വിളിച്ചു അഭിനന്ദിച്ചത് അതിന്റെ ആഴം കൂട്ടുന്നു. കേന്ദ്ര സർക്കാരിന്റെ കുറിപ്പിൽ ഇങ്ങനെ പറയുന്നു: "സച്ചിൻ തെൻഡുൽക്കർ നിസ്സംശയം അസാധാരണനായ ക്രിക്കറ്ററാണ്. ആഗോള വ്യാപകമായി ജനലക്ഷങ്ങൾക്കു പ്രചോദനം പകരുന്ന ജീവിക്കുന്ന ഇതിഹാസം. ക്രിക്കറ്റിൽ അദ്ദേഹത്തിന്റെ നേട്ടം അതുല്യമാണ്. അദ്ദേഹം സൃഷ്ടിച്ച റെക്കോർഡുകൾ അനുപമാണ്. അദ്ദേഹം പ്രകടിപ്പിക്കുന്ന സ്പോർട്സ്മാൻ സ്പിരിറ്റ് മാതൃകാപരമാണ്...." നമ്മൾ, വിശ്വാസികളും ഇടയന്മാരും സുവിശേഷകരും സുവിശേഷ പ്രസംഗകരും പ്രവാചകന്മാരും (?) ഒക്കെ പ്രകടിപ്പിക്കുന്ന ദൈവരാജ്യത്തെക്കുറിച്ചുള്ള സ്പിരിറ്റ് ഇവിടെ താരതമ്യം ചെയ്യുന്നത് ഉചിതമാണ്).

**"എല്ലാവരുടെയും കരങ്ങൾ ശുദ്ധമാകണമെന്നില്ല" ഒളിമ്പ്യൻ അത്‌ലിറ്റ് മിൽഖാസിംഗ് പറയുന്നു "പക്ഷേ ശുദ്ധമായ കരങ്ങൾ നേതൃസ്ഥാനത്തായാൽ കാര്യങ്ങൾ നേരെയാകും.** ഒരു രാജ്യസഭാംഗമായ സച്ചിനെ മന്ത്രിയാക്കാൻ സർക്കാരിനു ബുദ്ധിമുട്ടേണ്ടി വരികയില്ല" (തിരുവനന്തപുരം ജില്ലയിൽ ഒരു സഭാ നേതാവ് മൂത്തമകൾക്ക് സ്ത്രീധനമായി മൂന്നുകോടി രൂപയും ഇളയ മോൾക്ക് രണ്ടു കോടിരൂപായും ആസ്തി കൊടുത്തത് ഈ ലേഖകന് അറിയാം. **അവിടെയുള്ള ദൈവദാസന്മാർ ദാരിദ്ര്യത്തിൽ ഉഴലുമ്പോഴാണ് ദലിത് ക്രൈസ്തവ ഉദ്ധാരണത്തിനായി പാർട്ട്നേഴ്സ് ഇന്റർ നാഷണൽ സംഘടന നൽകുന്ന പണം ഇങ്ങനെ വസൂലാക്കി താൻ കോടീശ്വരനായത്.** ഇങ്ങനെയുള്ള പണം ദൈവജനത്തിനു അർഹതപ്പെട്ടതാണ്; പക്ഷേ സഭാ നേതാക്കൾ ധനവാന്മാരാകുന്നതിന്റെ മർമ്മം ഇതൊക്കെത്തന്നെയാണ് താനും).

ഹൃദയമുള്ളവരെല്ലാം കരഞ്ഞുപോയ നിമിഷമായിരുന്നു. സച്ചിന്റെ വിടവാങ്ങൽ രംഗം. ലോകം ഒരു മനുഷ്യനിലേക്ക് ചുരുങ്ങിയ നിമിഷം. എങ്ങനെ കഴിയുന്നു ഒരു മനുഷ്യന് ഒരു ജനതയുടെ മുഴുവൻ സ്നേഹാദരങ്ങൾ പിടിച്ചുപറ്റാൻ? കളി ജീവിതത്തെ സാധ്വീനിച്ച ഓരോ വ്യക്തിയേയും സച്ചിൻ എടുത്തുപറഞ്ഞപ്പോൾ കളിയുമായി ഒരു ബന്ധവും ഇല്ലാത്തവരുടെയും കണ്ണുകൾ നിറഞ്ഞു. 1000 കോടിയിലധികം കളിയിലൂടെ സച്ചിൻ സമ്പാദിച്ചിട്ടുണ്ട് (അടിച്ചെടുത്തതോ, വസൂലാക്കിയതോ, വകമാറ്റി ചെലവാക്കിയതോ ഫണ്ടു തിരിച്ചുവിട്ടതോ ഒന്നുമല്ല; നേരായ മാർഗ്ഗത്തിലൂടെ ലഭ്യമായതുമാത്രം) അന്ന് എളിമയുടെ ആൾരൂപത്തെ ജനങ്ങൾ കണ്ടു (ഞെളിയാതെ ഭയപ്പെട്ടുക എന്ന വചനം ദൈവദാസന്മാർ ഓർക്കുന്നതു നന്ന്). സച്ചിൻ നന്ദി പറഞ്ഞു. അവസാനം 22 വാര മണ്ണിനു നടുവിൽ നിന്നു പ്രാർത്ഥിച്ചു. മണ്ണിൽ ജ്വലിച്ച ഇതിഹാസം കണ്ണീർ തുടച്ചു യാത്രയായി. 121 കോടി ജനങ്ങൾ (വേണമെങ്കിൽ പെന്തക്കോസ്തിലെ അമിതഭക്തിക്കാരെ ഒഴിവാക്കാം) ഒരേ വ്യക്തിയിലേക്ക്; ഒരേ ഫോക്കസിലേക്ക്...വെൽഡൺ സച്ചിൻ; വെൽഡൺ. ബിലീവേഴ്സ് ജേണലിന്റെ അഭിനന്ദനങ്ങൾ.

**ആകയാൽ സകല ദുഷ്ടതയും എല്ലാചതിവും വ്യാജഭാവവും അസൂയയും എല്ലാ നുണയും** (2000 വർഷങ്ങൾക്കു മുമ്പേ ഇതൊക്കെ ഉണ്ടായിരുന്നു; ഇന്നും). **നീക്കികളഞ്ഞു ഇപ്പോൾ ജനിച്ച ശിശുക്കളെപ്പോലെ രക്ഷക്കായി വളരുവാൻ മായമില്ലാത്ത വചനം എന്ന പാൽ കുടിപ്പാൻ വാഞ്ഛിപ്പീൻ എന്ന പത്രോസ് പറയുന്നുണ്ട്** (1 പത്രോസ് 5:1-5) യേശുക്രിസ്തുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട വൃതന്മാർക്കാണ് ഈ മുന്നറിയിപ്പു നൽകിയിട്ടുള്ളത്. ദൈവത്തിന്റെ ആട്ടിൻകൂട്ടത്തെ മേയിക്കുവാനുള്ള ദൗത്യം മൂപ്പന്മാർക്കു ഭരമേൽപിക്കുമ്പോൾ, അതു നിർബന്ധത്താൽ ചെയ്യരുതെന്നും പ്രത്യുത ദൈവഹിതത്തിനു ഒത്തവണ്ണം മനഃപൂർവ്വം ചെയ്യണമെന്നും പത്രോസ് പ്രബോധിപ്പിക്കുന്നു.

**ഇത് സഭ എന്ന ക്രിസ്തുവിന്റെ ശരീരത്തിനു പൊതുവേയുള്ള പ്രബോധനമാണെങ്കിൽ, അദ്ധ്യക്ഷന്മാർക്കും അദ്ധ്യക്ഷസ്ഥാനം കാംക്ഷിക്കുന്നവർക്കും എഴുതിയിരിക്കുന്നത് (പൗലോസ്) എത്ര അധികം?**

"നീയോ എന്റെ ഉപദേശം, നടപ്പു, ഉപദേശം, വിശ്വാസം, ദീർഘക്ഷമ, സ്നേഹം, സഹിഷ്ണത എന്നിവയും.....കണ്ടറിഞ്ഞിരിക്കുന്നു" (1 തിമെ. 3:10) കാരണം അതേ അദ്ധ്യായത്തിലെ 19വരെയുള്ള വാക്യങ്ങളും ചേർത്തുവായിക്കുക. തീത്തോസ് 1:7ൽ പൗലോസ് വീണ്ടും പറയുന്നു "അദ്ധ്യക്ഷൻ ദൈവത്തിന്റെ ഗൃഹവിചാരകനാകയാൽ അനിന്ദ്യനായിരിക്കേണം; തന്നിഷ്ടക്കാരനും, കോപിയും, മദ്യപ്രിയനും തല്ലുകാരനും, ദുർലാഭമോഗിയും അരുത്. അതിഥിപ്രിയനും, സൽഗുണപ്രിയനും, സുബോധശീലനും, നീതിമാനും, നിർമ്മലനും, ജിതേന്ദ്രിയനും, പത്ഥ്യോപദേശത്താൽ പ്രബോധിപ്പിപ്പാനും വിരോധികൾക്കു ബോധം വരുത്തുവാനും ശക്തനാകേണ്ടതിനു ഉപദേശപ്രകാരമുള്ള വിശ്വാസ്യവചനം മുറുകെ പിടിക്കുന്നവനും ആയിരിക്കേണം (തീത്തോ. 1:7-9) തീർന്നില്ല; വീണ്ടും പറയട്ടെ; "നീയോ സകലത്തിനും നിർമ്മദൻ ആയിരിക്ക, കഷ്ടം സഹിക്ക, സുവിശേഷകന്റെ പ്രവൃത്തി ചെയ്കനിന്റെ ശുശ്രൂഷ നിറപടിയായി നിവർത്തിക്ക" (2 തിമൊ. 4:5-6) അവസാനത്തെ താക്കീത്; "നീയോ ദൈവത്തിന്റെ മനുഷ്യനായുള്ളോവേ, അത് വിട്ടോടി (ദ്രവ്യാഗ്രഹം) നീതി, ഭക്തി, വിശ്വാസം, സ്നേഹം, ക്ഷമ, സൗമ്യത എന്നിവയെ പിൻതുടരുക (1 തിമെ. 6:11).

ഈ വചനങ്ങൾ വച്ച് നാം സ്വയം വിലയിരുത്തുമ്പോഴാണ് നമുക്കുള്ള അപചയം ബോധ്യപ്പെടുന്നത്. ഭാരതരത്നം സച്ചിൻ തെൻഡുൽക്കറിന്റെ മഹത്വം നമുക്കു ചൂണ്ടു പലകയാകുന്നത്. അതെ; അതേ; മെനേ; മെനേ, **തെക്കേൽ,** ഊഫർസീൻ (ദാനി. 5:27).

## 05 'കൃപ'യുടെ ഹോൾസെയിൽ.....

ങ്ങൾക്കുവേണ്ടി യാഗമല്ല നിത്യാഗ്നിയെ ശേഷിക്കുന്നുള്ളൂ എന്ന് വചനം അടിവരയിട്ട് പ്രഖ്യാപിക്കുമ്പോൾ ആ വചനം പ്രസംഗിക്കാൻ മടിക്കുന്ന കൃപയുടെ വക്താക്കൾ ജനത്തെ വഞ്ചിക്കുകയാണ്, പേരിനും, പ്രശസ്തിക്കും വേണ്ടി വ്യത്യസ്തത തേടുന്ന ഇവരെ ദൈവമക്കൾ സൂക്ഷിച്ച് ഒഴിഞ്ഞുകൊള്ളേണ്ടതാണ്. ദൈവകൃപയുടെ മഹത്വം പാപികൾ കേൾക്കട്ടെ. അവർ രക്ഷിക്കപെടട്ടെ. ദൈവത്തെയും ദൈവ സ്നേഹത്തേയും അറിയട്ടെ. അല്ലാതെ രക്ഷിക്കപ്പെട്ടവരോട് ഉത്തരവാദിത്വങ്ങളും കടമകളും ചെയ്യാൻ ഇത് ബോധിപ്പിക്കുന്നതിനു പകരം എല്ലാം ദൈവം ചെയ്തുകൊള്ളും എന്ന പൂച്ച തിയോളജി (Cat Theology) പ്രസംഗിച്ച് ജനത്തെ ചൂഷണം ചെയ്ത് കീശ നിറയ്ക്കുന്ന കപട ആത്മികവാദികളേ, ദൈവം കാര്യം തീർക്കുന്ന നാളിൽ നിങ്ങളുടെ കൈകൾ ബലപ്പെട്ടിരിക്കുമോ? മനുഷ്യൻ ശരീരത്തിലിരിക്കുമ്പോൾ ചെയ്തത് നല്ലതാകിലും ചീത്തയാകിലും അതിന് തക്കവണ്ണം പ്രാപിപ്പാൻ എല്ലാവരും ദൈവത്തിന്റെ ന്യായാസനത്തിന് മുൻപിൽ നിൽക്കേണ്ടതാകുന്നു. കാരണം അവൻ കൃപാലു മാത്രമല്ല ന്യായാധിപനും കൂടിയാണ്.

## ഉണർവിൻ അഗ്നി- 2013

**ചാലക്കുടി:** എ.ജി. ചാലക്കുടി സെക്ഷന്റെ ആഭിമുഖ്യത്തിൽ ചാലക്കുടി മുനിസിപ്പൽ ടൗൺ ഹോൾ ഗ്രൗണ്ടിൽ (ഫ്ളവർ ഷോ ഗ്രൗണ്ട്) 2013 ഡിസംബർ 13,14,15 തീയതികളിൽ വൈകിട്ട് 6 മുതൽ 9 വരെ "ഉണർവ്വിൻ അഗ്നി-2013" ആത്മിക ആരാധനയും തിരുവചന പ്രഘോഷണവും നടക്കുന്നു. ഡോ.മാത്യു ജോർജ്, എം.ഡി., റവ.റ്റി.ജെ.സാമുവൽ (സൂപ്രണ്ട് എ.ജി.മലയാളം ഡിസ്ട്രിക്ട്) റവ.കെ.ജെ.തോമസ് (കുമളി) എന്നിവരാണ് പ്രഭാഷകർ, ചാലക്കുടി സെക്ഷൻ നടത്തുന്ന ഈ കൺവൻഷന്റെ വിജയത്തിനായി ഏവരും പ്രാർത്ഥിക്കണമെന്നും ഈ കൂട്ടായ്മയിൽ പങ്കെടുക്കണമെന്നും പബ്ലിസിറ്റി കൺവീനർ എം.എ.ചെറിയാൻ, പ്രസ്ബിറ്റർ പാസ്റ്റർ പ്രകാശ് ജോൺ എന്നിവർ അറിയിക്കുന്നു.

## കൺവൻഷൻ

**നെയ്യാറ്റിൻകര:** നാറാണി ചർച്ച് ഓഫ് ഗോഡിന്റെ ആഭിമുഖ്യത്തിൽ നവംബർ 24 മുതൽ ഡിസംബർ1വരെ ചർച്ച് ഗ്രൗണ്ടിൽ നടന്നു. ഡിസ്ട്രിക്ട് പാസ്റ്റർ റവ: പി. എ. ജെറാൾഡ് ഉത്ഘാടനം നിർവ്വഹിച്ചു. പാസ്റ്ററന്മാരായ അജി ആന്റണി, ജെയ്സ് പാണ്ടനാട്, രാജേഷ് ഏലപ്പാറ, ബൈജു ചിറ്റാർ, ബിനു ജോർജ്, രതീഷ് ബാബു, വിനോദ്കുമാർ എന്നിവർ പ്രസംഗിച്ചു. സയനാൻ ഗോസ്പൽ വോയ്സ് ഗാനങ്ങൾ ആലപിച്ചു.

## ഗോസ്പൽ ഫെസ്റ്റ് 2013

**വട്ടപ്പാറ:** ഇന്ത്യ ഗോസ്പൽ ചർച്ചിന്റെ ആഭിമുഖ്യത്തിൽ ഡിസംബർ 9 മുതൽ 12 വരെ ഗോസ്പൽ ഫെസ്റ്റ് 2013 ചിറ്റാഴ ജംഗ്ഷനിൽ നടന്നു. പാസ്റ്ററന്മാരായ പി. സി. ചെറിയാൻ, കെ. ഒ. തോമസ്, ജെയ്സ് പാണ്ടനാട് എന്നിവർ പ്രസംഗിച്ചു. സ്പിരിച്ചൽ ബീറ്റ്സ് ഗാനശുശ്രൂഷ നിർവ്വഹിച്ചു. പാസ്റ്റർ ഏലിയാസർ നേതൃത്വം നൽകി.

# പി. സി. ഐ. പത്താം വാർഷിക സമ്മേളനം

2014 ഫെബ്രുവരി 13 വ്യാഴാഴ്ച കോട്ടയം കെ. പി. എസ്. മേനോൻ ഓഡിറ്റോറിയത്തിൽ 10-ാം വാർഷിക സമ്മേളനം നടത്തും. റവ. പ്രതാപ്സിംഗ്, ചെന്നൈ മുഖ്യ പ്രഭാഷകൻ ആയിരിക്കും. പെന്തക്കോസ്ത് സഭകളുടെ ചുമതലകൾ വഹിക്കുന്നവർ വിവിധ സെഷനുകളിൽ ശുശ്രൂഷിക്കും. മന്ത്രിമാർ, എം. പി.മാർ, എം. എൽ. എമാർ, രാഷ്ട്രീയ-സാമൂഹ്യ പ്രവർത്തകർ, മാധ്യമ പ്രവർത്തകർ തുടങ്ങിയവർ പങ്കെടുക്കും.

രാവിലെ 10 മുതൽ പ്രവർത്തക സമ്മേളനവും, ഉച്ചകഴിഞ്ഞ് 3 മുതൽ പൊതുസമ്മേളനവും, വൈകുന്നേരം 6.30 മുതൽ സുവിശേഷയോഗവും നടക്കും. വിവാഹം, ഭവനനിർമ്മാണം, ചികിത്സാ ഇനങ്ങളിലായി 25 ലക്ഷത്തിൽ പരം രൂപയുടെ സഹായങ്ങൾ പൊതുസമ്മേളനത്തിൽ വിതരണം ചെയ്യും. കൂടാതെ തയ്യൽ മെഷീനുകളും വീൽ ചെയറുകളും വിതരണം ചെയ്യുന്നതാണ്. പാസ്റ്റർമാരായ ജെ. ജോസഫ്, കെ. എ. ഉമ്മൻ സഹോദരന്മാരായ കെ. എ. ഏബ്രഹാം, കെ. എൻ. റസ്സൽ, മോൻസി മാങ്കുളങ്ങര തുടങ്ങിയവർ സമ്മേളനങ്ങൾക്ക് നേതൃത്വം വഹിക്കും.

# എ. ജി. ഇവാഞ്ചലിസം ഡിപ്പാർട്ട്മെന്റ് കേരളയാത്ര

**പുനലൂർ:** അസംബ്ലീസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്ട് കൗൺസിൽ ഇവാഞ്ചലിസം ഡിപ്പാർട്ടുമെന്റ് നടത്തിയ കേരളയാത്ര വൻ വിജയം. ലഹരിമരുന്ന് ഉപയോഗങ്ങൾക്കെതിരെ സുവിശേഷ സന്ദേശത്തിലൂടെ മോചനം വരുത്താൻ നടത്തിയ സുവിശേഷയാത്രയാണ് കേരളയാത്ര എന്ന പേരിൽ ജില്ലകളിൽ പ്രയാണം നടത്തുന്നത്. മദ്ധ്യമേഖലയിലെ എല്ലാ ജില്ലകളിലും സഞ്ചാരം പൂർത്തിയാക്കി. 2013 ഒക്ടോബർ 7-ാം തീയതി രാവിലെ പുനലൂരിൽ റവ. എ. ബനാൻസോസ് (മദ്ധ്യമേഖല ഡയറക്ടർ) പ്രാർത്ഥിച്ച് ആരംഭിച്ച യാത്ര റവ. രാജൻ എബ്രഹാം (എ.ജി. ഡിസ്ട്രിക്ട് എക്സിക്യൂട്ടീവ് അംഗം) ഫ്ളാഗ് ഓഫ് ചെയ്തു. 2013 നവംബർ 4-ാം തീയതി കൊല്ലം, ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകൾ സഞ്ചരിച്ച് അടൂരിൽ സമാപിച്ചു. റവ. ഷൈജു തങ്കച്ചൻ (എ.ജി, എം.ഡി.സി ഇവാഞ്ചലിസം ഡയറക്ടർ) ജാഥാ ക്യാപ്റ്റനായി പ്രവർത്തിക്കുന്നു. റവ. ഷാബു ജോൺ, റവ. ജോൺസൺ ചാക്കോ, റവ. മോഹനകുമാർ, റവ.ടി.ടി.സൈമൺ, ഇവ.രാജീവ് ജോൺ, റവ.ഷൈജു തങ്കച്ചൻ എന്നിവർ മുഖ്യസന്ദേശം നൽകി.

## 01 കൃപയുടെ സുവിശേഷം എന്ന....

ക്കാം. യഹോവയുടെ സാക്ഷികൾ, ക്രിസ്റ്റാ ഡൽഫിയൻസ്, ക്രിസ്ത്യൻ സയൻസ് തുടങ്ങിയ പേരുകളിലും അപകടം ഇല്ല. പക്ഷെ, ഇവരുടെ പഠിപ്പിക്കൽ കടുത്ത വേദവിപരീതങ്ങളാണ്. ഇഹലോകജീവിതത്തിൽ നിർദ്ദിഷ്ടമായ ധാർമ്മിക നിയമങ്ങളോ, പ്രമാണങ്ങളോ ലംഘിക്കുക വഴി നമ്മൾ പാപം ചെയ്യുന്നില്ല. കാരണം ക്രിസ്തുവിന്റെ മരണത്താൽ ന്യായപ്രമാണത്തിന് നീക്കം വന്നിരിക്കുന്നു. പാപബോധം ജനിപ്പിക്കുന്നതോ നിയമലംഘനത്തെക്കുറിച്ച് അറിവുപകരുന്നതായ പ്രസംഗങ്ങൾ പാടില്ല. കാരണം ഇതാ കൃപാ കാലയളവാണ്. ഇങ്ങനെ ബൈബിളിന്റെ അടിസ്ഥാനമൂല്യങ്ങളിൽ നിന്നും മാറിചിന്തിക്കുന്ന ഇവരുടെ ലക്ഷ്യം ആചാര്യ രജനീഷും എപ്പിക്ക്യൂറിയന്മാരും പഠിപ്പിച്ച ജഡീകവും ഭൗതീകവുമായ ആസക്തികളെ ക്രൈസ്തവ സഭയിൽ അടിച്ചേൽപ്പിക്കുക എന്നതാണ്. ലോകമയത്വം അതിന്റെ എല്ലാ ദൗർലഭ്യങ്ങളോടുകൂടി സഭയ്ക്കുള്ളിലേക്ക് കടത്താൻ ഇത്തരം ചെറുപ്പക്കാർ മുന്നിട്ടിറങ്ങുന്നത് ജാഗ്രതയോടെ ദൈവമക്കൾ വീക്ഷിക്കണം.


## Matrimonial

ആത്മീയമായി ഉന്നതനിലവാരം പുലർത്തുന്ന പെന്തക്കോസ്ത് യുവതി. 37, 5 ' 3" MA (Eco) DCA, Clinical & Pastoral Counselling. (in Serampur University) ഇരുനിറം. 7 വർഷമായി ഒരു ക്രിസ്തീയ സംഘടനയുടെ കീഴിൽ സ്റ്റുഡന്റ് കൗൺസലർ ആയി ജോലി ചെയ്യുന്നു. പൂർണ്ണസമയം കർതൃശുശ്രൂഷ ചെയ്യുന്നവരോ, ജോലിയോടൊപ്പം സുവിശേഷവേല ചെയ്യുന്നവരോ ആയ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. (Cast No Bar) (വിവാഹബന്ധം വേർപെടുത്തിയവരെ താത്പര്യമില്ല)

**Ph : 9526334655, 9995968515**


# ബെഥേൽ ജനറൽ കൺവൻഷൻ

**നെടുങ്ങാടപ്പള്ളി:** ദി ബെഥേൽ ചർച്ച് ഇൻ ഇന്ത്യാ ജനറൽ കൺവൻഷൻ ഡിസംബർ 26-29വരെ നെടുങ്ങാടപ്പള്ളി ബെഥേൽ ഗ്രൗണ്ടിൽ നടക്കുന്നു. സഭാ പ്രസിഡന്റ് പാസ്റ്റർ വർഗീസ് തോമസ് ഉദ്ഘാടനം ചെയ്യുന്ന കൺവൻഷനിൽ പാസ്റ്റർമാരായ പി. സി. ചെറിയാൻ, ലാസർ വി. മാത്യു, ജോസഫ് ഏബ്രഹാം, ഷാജു സി. ജോസഫ്, അനിൽ കൊടിത്തോട്ടം തുടങ്ങിയവർ പ്രസംഗിക്കും. കോട്ടയം ബേർശേബാ ഗോസ്പൽ വോയ്സ് ഗാനങ്ങൾ ആലപിക്കും. പാസ്റ്റർമാരായ ഏ. കെ. ഏണസ്റ്റ്, റ്റി. എസ്. അപ്പുക്കുട്ടൻ, സജി ജേക്കബ് എന്നിവർ നേതൃത്വം നൽകും. യോഗത്തോടനുബന്ധിച്ച് സ്നാനം, പൊതു സമ്മേളനം, വനിതാ യുവജന സമ്മേളനങ്ങൾ നടക്കും.

# ഐക്യ കൂട്ടായ്മ

**ചങ്ങനാശ്ശേരി:** ചങ്ങനാശ്ശേരിയിലും പരിസരങ്ങളിലുമുള്ളയെല്ലാ പെന്തക്കോസ്ത് + യുണൈറ്റഡ് പെന്തക്കോസ്ത് ഫെലോഷിപ്പിന്റെ 13-ാം മത് വാർഷിക സമ്മേളനവും ബൈബിൾ ക്വിസ് മത്സര വിജയികൾക്കുള്ള സമ്മാന ദാനവും ഡിസംബർ 22-ന് ഞായറാഴ്ച 3 മണിക്ക് ഇടിഞ്ഞില്ലം ഇൻഡ്യാ ദൈവസഭയിൽ നടക്കും. യു.പി.എഫ്. പ്രസിഡന്റ് പാസ്റ്റർ സണ്ണി സഖറിയ അദ്ധ്യക്ഷത വഹിക്കുകയും ഇവാ: പി.ഐ. ഏബ്രഹാം മുഖ്യ പ്രഭാഷണം നടത്തുന്നതുമാണ്.

## കൊച്ചുവർത്തമാനം



പാസ്റ്റർ ബിജു ജോയി തുവയൂർ
ഗൾഫ് എഡിറ്റർ
ബിലീവേഴ്സ് ജേണൽ



**പുതിയ പംക്തി ആരംഭിക്കുന്നു**

# ഇങ്ങനെയൊക്കെ വേണോ പ്രാർത്ഥന

ഈയിടെ ഞാൻ പങ്കെടുത്ത ഒരു ഗംഭീരയോഗം വെറും യോഗമല്ല അനുഗ്രഹിക്കപ്പെട്ടതും അറിവും - കൃപയും നിറഞ്ഞ ഒരു യോഗം ദൈവകരങ്ങളിൽ ഉപയോഗിക്കപ്പെടുന്ന കർത്തൃഭൃത്യന്മാരുടെ - പഠന ക്ലാസ്സ്. പണ്ട് നമ്മുടെ സമൂഹത്തിൽ ഉപദേശ വിശദീകരണക്ലാസ്സുകൾ (ബൈബിൾ ക്ലാസ്സുകൾ) നിരന്തരം നടന്നിരുന്നു. ഊർജ്ജസ്വലമായ സഭാ - സാമൂഹിക -ജീവിതത്തിനും പ്രത്യാശയും പ്രതീക്ഷയും വിശ്വാസജീവിതത്തിനേകുന്നതുമായ പഠനക്ലാസ്സുകൾ. അതിന്ന് വളരെ കുറഞ്ഞുപ്പോയിരിക്കുന്നു. അതുനിമിത്തം അലസതയും അഹങ്കാരവും വിദ്വേഷവും ഒക്കെ നമ്മുടെ സമൂഹത്തിൽ വന്നു ഭവിച്ചും ഇരിക്കുകയാണ്. വചനത്തിലേക്കുള്ള മടങ്ങി വരവാണ് ഉണർവ്വിന് നിദാനം - ഹാ ദൈവം നമ്മെ രക്ഷിക്കട്ടെ. പറഞ്ഞു വന്ന കാര്യത്തിലേക്ക് തിരിച്ചുവരാം. യോഗം താമസിച്ചാണ് തുടങ്ങിയത്. കൃത്യസമയത്തു തുടങ്ങിയാൽ നാം പിൻതുടർന്നു വരുന്ന പാരമ്പര്യത്തിന് ക്ഷതമേൽക്കും. വേണ്ടാ അങ്ങനൊന്നും നമ്മൾ ചെയ്യരുത്.. എങ്കിലും പ്രസംഗിക്കാനെത്തിയ വിലയേറിയ ദാസന്മാരുടെ വീരഗാഥകൾ "ശക്തിയുക്തം" പ്രസ്താവിച്ചു. അപ്പോഴും സമയം മുമ്പോട്ടു പോകുന്നു എന്നത് എല്ലാവരും മറന്നു. സ്വന്ത, ബന്ധു നേതൃ വിശദീകരണ പ്രകീർത്തനങ്ങൾ ഏകദേശം ഒന്നവസാനിച്ചപ്പോഴേക്കും പിന്നെ പ്രാർത്ഥനയ്ക്കായിട്ട് അന്തമില്ലാത്ത വിശദീകരണം നായകർ (യോഗം നയിക്കുന്നയാൾ) നൽകി. പിന്നെയല്ലേ കളി. പ്രാർത്ഥിക്കാനെത്തിയ 'ദാസൻ' എത്തിച്ചേർന്ന അഭിക്ഷിക്തന്മാരെക്കുറിച്ച് പ്രസംഗം നടത്തി ഞെട്ടിച്ചുകളഞ്ഞു. ഏടുകളിൽ നിന്നും അനുഭവത്തിന്റെ ഓർമ്മകളിൽ നിന്നും പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളിൽ നിന്നും എന്നുവേണ്ടാ സകല "മണ്ഡല"ങ്ങളിൽ നിന്നും ഒരു വിശദീകരണം അങ്ങ് നടത്തി. വാസ്തവത്തിൽ ഇതൊക്കെ അനുചിത നടപടികളല്ലേ. പ്രാർത്ഥനയ്ക്ക് അവസരം ലഭിക്കുന്നത് വിശദീകരണത്തിനല്ല പ്രാർത്ഥനയ്ക്ക് മാത്രം ആണെന്ന് നാം എന്നു തിരിച്ചറിയും. പ്രാർത്ഥനയ്ക്ക് ക്ഷണിച്ചാൽ "പ്രാർത്ഥിക്കാം" എന്നുപോലും പറയേണ്ട കാര്യമില്ല. വളരെ ചുരുക്കം വാക്കുകളിൽ പ്രാർത്ഥിച്ച് ഇരിക്കുന്നതല്ലേ ഉചിതം. ഇത്തരം 'ആളു' കളികൊണ്ട് നമ്മുടെ എത്രയോ നല്ല യോഗങ്ങളാണ് വിരസമായി മാറുന്നത് നമ്മുടെ യോഗങ്ങൾക്കും മാന്യമായ "പ്രോട്ടോകോൾ" ആവശ്യമാണ്....നമ്മൾ മനസു വെച്ചാൽ നാമും നമ്മുടെ സമൂഹവും രക്ഷപ്പെടും....ഹാവൂ...ആർക്കറിയാം. നമുക്കീ കാര്യങ്ങൾക്കൊക്കൊ മാറ്റം ഉണ്ടാകാൻ മനമുരുകി പ്രാർത്ഥിക്കാം....അല്ലാതെന്തു ചെയ്യാൻ...ശുഭം ഉണ്ടാകട്ടെ...

# നിത്യതയിൽ



### പാസ്റ്റർ ഗീവർഗീസ് രാജൻ (രാജൻ വർഗീസ്)

**കൊട്ടാരക്കര:** ഐ. പി. സി. കുന്നത്തൂർ ഏരിയാ പാസ്റ്റർ കൊട്ടാരക്കര കരിക്കം പെനിയേൽ ബംഗ്ലാവിൽ പാസ്റ്റർ ഗീവർഗീസ് രാജൻ (രാജൻ വർഗീസ് -71) കർത്താവിൽ നിദ്രപ്രാപിച്ചു. സംസ്കാരം നവംബർ 20 ബുധനാഴ്ച ഐപ്പള്ളൂർ ഇന്ത്യാ പെന്തക്കോസ്ത് ദൈവസഭയുടെ കരിക്കം സെമിത്തേരിയിൽ നടന്നു. ഭാര്യ: വെട്ടിക്കവല ചരുവിള പുത്തൻവീട്ടിൽ റൂത്തമ്മ രാജൻ മക്കൾ: സാം വർഗീസ്, സാം ജി. രാജൻ, സൂസൻ ജേക്കബ്, സാന്റി കെ. കോശി, ഷേറൻ പീറ്റർ, മരുമക്കൾ: ലീനാ , മിനി, ജേക്കബ് വി. ഈപ്പൻ, പാ. കോശി കെ.കുര്യൻ, പാ. പീറ്റർ പോൾ. പാസ്റ്റേഴ്സ് ബഞ്ചമിൻ വർഗീസ്, ജോർജ് ഡാനിയേൽ, ഷാജൻ പി. ചെറുവത്തൂർ എന്നിവർ ശുശ്രൂഷയ്ക്ക് നേതൃത്വം നല്കി. പാസ്റ്റർ കെ.സി ജോൺ വചന ശുശ്രൂഷയും പാസ്റ്റർ ഫിലിപ്പ് പി.തോമസ് സംസ്കാര ശുശ്രൂഷയും നടത്തി.



### മേരിക്കുട്ടി

**നിരണം:** ഇരുമനശ്ശേരിൽ പരേതനായ എം.കെ.കോശിയുടെ ഭാര്യ മേരിക്കുട്ടി (82) നിര്യാതയായി. സംസ്ക്കാരം അംസംബ്ലീസ് ഓഫ് ഗോഡ് സഭയുടെ കുത്തിയതോട് സെമിത്തേരിയിൽ നടന്നു. മക്കൾ: മറിയാമ്മ സാമുവേൽ, സാറാമ്മ, ഏബ്രഹാം കോശി, പാ.മാത്യൂസ് കോശി, ജോൺ കോശി, സൂസൻ. മരുമക്കൾ: റവ.റ്റി.ജെ.സാമുവൽ, പാ.കെ.റ്റി.വർഗീസ്, ഏലിയാമ്മ, റൂബി, സൂസൻ, പാ.റെജി പി.ജോൺ. വസതിയിൽ നടന്ന ശുശ്രൂഷകൾക്കു ചർച്ച് ഓഫ് ഗോഡ് അസി.ഓവർസിയർ പാ.പി.ജി.മാത്യൂസ് നേതൃത്വം നൽകി. ശുശ്രൂഷ എ.ജി.മലയാളം ഡിസ്ട്രിക്ട് സെക്രട്ടറി പാ.ബാബു ജോർജ് നിർവഹിച്ചു.



### എൻ.സി. ഏബ്രഹാം

**വാകത്താനം:** നരിമറ്റത്തിൽ കുടുംബാംഗവും ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് വൈ.പി.ഇ. ബോർഡ് മെമ്പർ പാസ്റ്റർ ഏബ്രഹാം സ്കറിയയുടെ പിതാവുമായ റിട്ട: സുബേദാർ എൻ.സി. ഏബ്രഹാം (അവറാച്ചൻ 78) നിത്യതയിൽ. സംസ്ക്കാര ശുശ്രൂഷ വാകത്താനം ടാബർനാക്കിൾ സഭയുടെ സെമിത്തേരിയിൽ നടത്തി. ഭാര്യ പരേതയായ ശോശാമ്മ. മക്കൾ : മിനി, പാസ്റ്റർ ഏബ്രഹാം സ്കറിയ, കൊച്ചുമോൾ. മരുമക്കൾ: ജോർജ്ജുകുട്ടി (ഞാലിയാകുഴി), തോമസ് (ദുബായ്), ഷൈനി.

## 02 വിധിയും വിചാരണയും...

റുണ്ട് പോലും. ഈ സമയത്ത് നമ്മുടെ ഇടയിലെ ഛോട്ടാ പ്രഭാഷകന്മാരെ ഈ ബഡാ വാലാകൾ ക്ഷണിക്കും. ഇവനെത്ര മഹാൻ എന്ന് ഛോട്ടാ പ്രഭാഷകർ കരുതിയിരിക്കുന്നവർ തങ്ങളെ വിളിച്ചു എന്ന കാരണത്താൽ അവരുടെ മാസ്റ്റർ ഫീസുകൾ അവിടെ ഇറക്കുകയും ചെയ്യും. പക്ഷേ സംഭവിക്കുന്ന രഹസ്യം പിന്നീടേ മനസ്സിലാകൂ. നമ്മുടെ ബഡാവാലാകൾ ഇതു മുഴുവൻ ടേപ്പ് ചെയ്തോ പകർത്തിയോ അടുത്ത വേദികളിൽ പ്രചരിപ്പിച്ചു തുടങ്ങും. ചെറിയവൻ പറയുന്നതിന് വിലയില്ലല്ലോ. അതു വലിയവൻ പറഞ്ഞു കഴിയുമ്പോൾ അതെന്നന്നേക്കും അവന്റേതായി മാറും. ഈ കൺവൻഷൻ കാലത്തും മോഷണ വസ്തുക്കളുമായി ഇവർ വേദികളിലെത്തും ശ്രദ്ധയോടെ ഇരുന്നാൽ തൊണ്ടി സഹിതം പിടിക്കാം.

## 03 വേദ പഠനം...

ധികം പുസ്തകങ്ങൾ തന്നത് പൗലോസാണ്,

അപ്പൊസ്തലന്മാരുടെ ശുശ്രൂഷയിൽ അത്ഭുതങ്ങളും അതിശയങ്ങളും നടന്നതുപോലെ പൗലോസിന്റെ ശുശ്രൂഷയിലും അത്ഭുതങ്ങളും അതിശയങ്ങളും നടന്നു. 2 കൊരി. 12:12.

തുടരും....

ലേഖനം

# പാപമില്ലാത്തതിന്റെ തെളിവോ പടകിലെ നിറവ്?



ഷൈജു ഡാനിയേൽ
അടൂർ
shyjudani@gmail.com

രാത്രി മുഴുവൻ ഗന്നസരെത്തു തടാകത്തിലെ ജാലവേല വരുത്തി വച്ച ശൂന്യത ശിമോൻ ഉൾപ്പെടെയുള്ളവരെ നിരാശരാക്കി. കാലിയായ പടകുകൾ കരക്കടുപ്പിച്ചു നിൽക്കവേ കർത്താവ് അതിലൊന്നിൽ കയറി. കയറിയത് ശിമോന്റെ പടകിൽ. പടകൽപ്പം നീക്കുവാനാവശ്യപ്പെട്ടനന്തരം അവനതിലിരുന്നു അനുയായികളെ ഉപദേശിക്കുവാനാരംഭിച്ചു. സംസാരം തീർന്നതും സർവ്വശക്തൻ സാഗരമദ്ധ്യത്തിലേക്കു മീൻപിടുത്തത്തിനായി വലയിറക്കുവാൻ ആവശ്യപ്പെടുമ്പോൾ പ്രതീക്ഷയില്ലാത്തതിന്റെ ഭാവം പ്രകടമാണ്. എന്നിരുന്നാലും നിന്റെ വാക്കിനു വലയിറക്കാം എന്ന മറുപടി! വീശി എറിഞ്ഞ വലയിൽ കയറിയത് പെരുത്ത മീൻ കൂട്ടം! വലിച്ചടുപ്പിക്കുവാൻ കഴിയാത്തത്ര നിറവ്! കണ്ടുനിന്നവരും കൂടെ കൂടി കഷ്ടപ്പെട്ടു വലിച്ചടുപ്പിച്ചു നിറച്ചെടുത്തത് രണ്ടു പടകുകൾ!!! തലേ രാത്രിയിലെ ശൂന്യത അതിശയിപ്പിക്കുന്ന സമൃദ്ധിക്ക് വഴിമാറിയ വർണ്ണനാതീതമായ നിമിഷം. നിറഞ്ഞു കിടക്കുന്ന പടകുകളുടെ പിന്നിൽ നിന്നുകൊണ്ട് ശിമോൻ, പടകു നിറച്ച കർത്താവിനോടായി കാൽക്കൽ വീണു കരഞ്ഞു പറഞ്ഞു "എന്നെ വിട്ടു പോകേണം, ഞാൻ പാപിയായൊരു മനുഷ്യൻ". കേട്ടയുടനെ കർത്താവ് നീ പാപിയല്ലാത്തതിന്റെ തെളിവല്ലേ ശിമോനെ നിന്റെ മുന്നിലെ ഈ നിറവ് എന്ന് പറഞ്ഞ് അബദ്ധത്തിൽ പറഞ്ഞ പത്രോസിന്റെ പ്രസ്താവനയെ തിരുത്തി അവിടെ ഒരു സമൃദ്ധി ദൈവശാസ്ത്രം അവതരിപ്പിച്ചില്ല എന്നത് ശ്രദ്ധയോടെ നിരീക്ഷിക്കേണ്ടതാണ്. പാപിയായ പത്രോസിന്റെ പടകു നിറച്ച കർത്താവോ അതോ പടകിലെ നിറവ് കണ്ടിട്ടും പാപിയാണെന്ന് സമ്മതിച്ച പത്രോസോ തെറ്റുകാരൻ? രണ്ടും തെറ്റെന്നു പറയുന്ന ആധുനിക വാദം അവിടെ നിൽക്കട്ടെ. പാപിയുടെ പടകും നിറയാം, പടക നിറയുമ്പോഴും പാപിയായിരിക്കുകയും ആവാം. നവയുഗ ദൈവശാസ്ത്ര വ്യാഖ്യാനങ്ങൾ വശമില്ലാത്ത ഈ നിരക്ഷര മുക്കവന് പടകു നിറയുന്നത് ദൈവാനുഗ്രഹമാണെന്നു മനസിലാകാനുള്ള കൃപ ഇല്ലാതെ പോയതായിരിക്കാം ഈ അബദ്ധ പ്രസ്താവനയ്ക്ക് കാരണം. നിറഞ്ഞിരിക്കുന്ന പടകുകളുടെ മുന്നിൽ നിന്ന് ഞാൻ പാപിയാണെന്ന് പറയുന്ന പത്രോസ് ഏതായാലും പുത്തൻ ഉണർവ്വുകാരന്റെ വക്താവല്ലെന്നു വ്യക്തം! ശൂന്യതയും നിറവും സമൃദ്ധി -ശാപ ശാസ്ത്രങ്ങളുടെ അവിവേക വ്യാഖ്യാനങ്ങൾ കൊണ്ട് വികലമാക്കുന്ന ആധുനിക വാദം അപരിഷ്കൃതമാണെന്ന് മാത്രമല്ല വചനത്തിനു പുറത്തുമാണ് ഇവ രണ്ടും ക്രിസ്തീയ ജീവിതത്തിൽ അനുവദിക്കപ്പെട്ടിട്ടാല്ലത്തതായതിനാൽ അവ മാറി മാറി വരാം!

നിർഭാഗ്യവശാൽ നിറവാണ് ദൈവാനുഗ്രഹത്തിന്റെ ലക്ഷണം എന്ന ഒരു ചിന്ത ഇടക്കാലങ്ങളിൽ നമുക്കിടയിൽ പ്രബലമായി. ശൂന്യത നിറക്കാനുള്ള മാർഗ്ഗമായി യേശുക്രിസ്തു നവയുഗ പ്രഭാഷണ വേദികളിൽ പ്രസംഗിക്കപ്പെട്ടു. ഒഴിഞ്ഞു വരൂ; നിറഞ്ഞു പോക എന്ന വിളംബരം കേട്ടാളുകൾ ഓടി കൂടി. പാപമോചനം നൽകുന്ന ക്രിസ്തുവിനെ പണം നൽകുന്ന ക്രിസ്തുവായി അവതരിപ്പിച്ചു. അതിമനോഹരമായി അലങ്കരിച്ച ആധുനിക വേദികളിൽ അതിരു കടക്കുന്ന ആട്ടവും പാട്ടിന്റെയും അകമ്പടിയോടെ അനുഗ്രഹശാസ്ത്രം നിറഞ്ഞാടിയപ്പോൾ അനുതാപമുണ്ടാകാത്ത ജനഹൃദയങ്ങളിൽ അരക്ഷിതാവസ്ഥ നിഴൽമൂടി! സുവിശേഷ യോഗം എന്നറിയപ്പെട്ടിരുന്നവ ക്രൂസേഡുകളിലേക്ക് മാറിയപ്പോൾ സമൃദ്ധി ശാസ്ത്രം വിളിച്ചു കൂവി സാധാരണക്കാരെ വഞ്ചിച്ചു സായൂജ്യരാകുന്നവർ സത്യസുവിശേഷത്തെ അവഗണിക്കുകയാണ് ചെയ്യുന്നത്. സമ്പത്തിനെ ബന്ധിക്കുന്ന അന്ധകാര വ്യാപാരത്തെ ചങ്ങലക്കു തളക്കാൻ കരാറെടുത്ത ചില കപട വേലക്കാർ കരം കൊടുക്കാൻ കാൽ കാശില്ലാതിരുന്ന കർത്താവിനെ കനകസിംഹാസനത്തിലിരുത്തി കാശുകൊടുത്ത് കാര്യം തീർക്കുന്ന ഇടപാടുകാരനായി വ്യാഖ്യാനിച്ച് സാമ്പത്തിക വിടുതലിൻ ശുശ്രൂഷകളും അനുബന്ധകലാപരിപാടികളും ആത്മീക വേദികളിൽ അരങ്ങു തകർത്തു. മുഴുരാത്രിയിലെ അധ്വാനം സമ്മാനിച്ച ശൂന്യത വെളിപ്പെട്ടുകിട്ടാത്ത ഏതോ പോരാട്ടത്തിന്റെ പിൻതുടർച്ചയാണെന്നു പ്രചരിപ്പിക്കപ്പെട്ടു. "കഷ്ടതയനുഭവിച്ച ഈയ്യോബിനെ" മനപൂർവ്വം മറന്നിട്ടു ഇരട്ടിയായി കയ്യിൽ മടക്കി കിട്ടിയ "അനുഗ്രഹിക്കപ്പെട്ട ഈയ്യോബിനെ" കൂട്ടുപിടിച്ച് നിറവിന്റെ വ്യാഖ്യാതാക്കൾ നിറഞ്ഞാടിയപ്പോൾ നിര്യാണകാലമെത്തിയ പൗലോസിനു അവകാശപ്പെടുവാൻ ചർമ്മലിഖിതങ്ങളും പുതപ്പും മാത്രം!!

നാം പാപിയായിരിക്കുമ്പോഴും നമ്മുടെ പടകുകൾ നിറയാം. നിറഞ്ഞിരിക്കുന്ന പടകുകൾ ആകരുത് നമ്മുടെ ക്രിസ്തുബാന്ധവത്തിന്റെ മാപിനി. ഒറ്റ വീശലിൽ വന്നു കയറിയ പെരുത്ത മീൻകൂട്ടം വിശുദ്ധനായി സ്വർഗ്ഗം അംഗീകരിച്ചതിന്റെ തെളിവല്ല. വീടും വയലും തോട്ടങ്ങളും അധികാരവും പദവികളും ശുശ്രൂഷകളും താലന്തുകളും ആരോഗ്യവും സൗന്ദര്യവും എല്ലാമെല്ലാം നീതിമാനായതിനാൽ നൽകപ്പെട്ട നന്മയാണെന്ന് നിരൂപിക്കുന്നതു നന്നല്ല. നമ്മിലുണ്ടാകുന്ന സമൃദ്ധികൾ നമ്മുടെ പാപത്തെ മറയ്ക്കുന്ന മാധ്യമമാകരുതു. പടകുകൾ നിറഞ്ഞിരിക്കുമ്പോഴും നമ്മുടെ പാപങ്ങളെക്കുറിച്ചുള്ള ബോധ്യം യഥാർത്ഥ അനുതാപത്തിന്റെ ലക്ഷണമാണ്. സമൃദ്ധിയുടെ അടിസ്ഥാനത്തിൽ ദൈവാനുഗ്രഹത്തെ വിലയിരുത്തുന്നുഎന്നുവരികിൽ സ്വന്തമായി ഒന്നും നേടാതെ കഠിനമായി കർത്താവിനായി അധ്വാനിച്ചു ഒടുവിൽ ഇഹലോക വാസം വെടിഞ്ഞു കർതൃസന്നിധിയിൽ വിശ്രമിക്കുന്ന വിശുദ്ധന്മാർക്കു തെറ്റ് പറ്റിയെന്നുവരില്ലേ? അദ്ധ്വാനം, പ്രയാസം, പലവട്ടം ഉറക്കിളപ്പു, പൈദാഹം, പട്ടിണി, ശീതം, നഗ്നത, തടവു, കലഹം, ഉറക്കിളെപ്പ്, ഇത്യാദി പീഡകൾ പലവുരു സഹിച്ചു നമ്മുടെ പൂർവ്വപിതാക്കന്മാർ, ഇപ്പോഴും ഇതൊക്കെ നേരിടുന്ന ദൈവമക്കൾ. ഇവരൊക്കെ ശാപത്തിനടിമകളോ? പൗലോസിന്റെ ഭാഷയിൽ "താഴ്ചയിൽ ഇരിപ്പാനും സമൃദ്ധിയിൽ ഇരിപ്പാനും എനിക്കു അറിയാം; തൃപ്തനായിരിപ്പാനും വിശന്നിരിപ്പാനും സമൃദ്ധിയിൽ ഇരിപ്പാനും ബുദ്ധിമുട്ടു അനുഭവിപ്പാനും എല്ലാം ഞാൻ ശീലിച്ചിരിക്കുന്നു (ഫിലി. 4:12)". ഒന്നുമില്ലാത്ത പടകു പെരുത്ത മീൻ കൂട്ടവും ഈ പരദേശപ്രയാണത്തിൽ നമുക്ക് പ്രതീക്ഷിക്കാം. ഏതെങ്കിലും ഒന്നിനെ മാത്രം ചുറ്റിപ്പറ്റിയുള്ള വേദശാത്ര വ്യാഖ്യാനങ്ങൾ എല്ലാ കാലത്തും തിരുവചനത്തിനു പുറത്താണ്. ശൂന്യതയും നിറവും താഴ്ചയും സമൃദ്ധിയും ഒരു ഭക്തന്റെ ജീവിതത്തിൽ ഉണ്ടാകും. ഇവയിലെല്ലാം അതിനോടുള്ള നമ്മുടെ മനോഭാവം വചനിടാസ്ഥാനത്തിൽ ക്രമീകൃതമായിരിക്കണം. അങ്ങനെ വരുമ്പോൾ പടകിലെ നിറവ് എപ്പോഴും പാപമില്ലാതത്തിന്റെ തെളിവല്ല!!!

## കൺവൻഷൻ

**കാട്ടാക്കട:** അരുവിക്കുഴി ന്യൂ ഇൻഡ്യ ചർച്ച് ഓഫ് ഗോഡിന്റെ ഒരുക്കിയ സുവിശേഷ മഹായോഗം നവംബർ 15 മുതൽ 17 വരെ ചർച്ച് ഗ്രൗണ്ടിൽ നടന്നു. പാസ്റ്റർമാരായ ഷമീർ (കൊല്ലം), ജെയ്സ് പാണ്ടനാട്, സിസ്റ്റർ ശ്രീലേഖ (മാവേലിക്കര) എന്നിവർ പ്രസംഗിച്ചു. പറുദീസാ വോയ്സ് ഗാനങ്ങളാലപിച്ചു. പാസ്റ്റർ ശാമുവൽ ജോൺ നേതൃത്വം നൽകി.

**പേരൂർക്കട:** പേരൂർക്കട ചർച്ച് ഓഫ് ഗോഡ് ഒരുക്കിയ കൺവൻഷൻ നവംബർ 15 മുതൽ 17 വരെ പേരൂർക്കട നഥാൻ ഹോട്ടലിൽവച്ച് നടന്നു. തിരുവനന്തപുരം നോർത്ത് ഡിസ്ട്രിക്ട് പാസ്റ്റർ റവ. ജോസ് ബേബി ഉദ്ഘാടനം നിർവ്വഹിച്ചു. പാസ്റ്റർമാരായ ആന്റണി ഫ്രാൻസിസ്, ജെയ്സ് പാണ്ടനാട്, പി.ആർ. ബേബി എന്നിവർ പ്രസംഗിച്ചു. അഡോണായ് വർഷിപ്പേഴ്സ് ഗാനശുശ്രൂഷ നിർവ്വഹിച്ചു. പാസ്റ്റർ കെ. തോമസ് ജോർജ്ജ് നേതൃത്വം നൽകി.

**കുന്നംകുളം:** അയ്യംപറമ്പ് അപ്പൊസ്തൊലിക് ചർച്ച് ഓഫ് ഗോഡിന്റെ ആഭിമുഖ്യത്തിൽ നവംബർ 29 മുതൽ ഡിസംബർ 1 വരെ അയ്യംപറമ്പ് ഹോരേബ് ഹാളിന് സമീപം കൺവൻഷൻ നടന്നു. പാസ്റ്റർമാരായ അനീഷ് (കൊല്ലം), കുമാർദാസ് (തിരുവന്തപുരം), ജെയ്സ് പാണ്ടനാട്, സിസ്റ്റർ ലൂസി ബാബു (പത്തനാപുരം) എന്നിവർ പ്രസംഗിച്ചു. സ്പിരിചൽ സിംഗേഴ്സ് ഗാനങ്ങളാലപിച്ചു. പാസ്റ്റർ സാമുവേൽ പോൾ നേതൃത്വം നൽകി.

## കൺവൻഷൻ

ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യാ ചെറുതോണി ദൈവസഭയുടെ ആഭിമുഖ്യത്തിൽ ഹൈറേഞ്ച് സ്പിരിച്വൽ ഫെസ്റ്റിവൽ 2013 ഡിസംബർ 19,20,21,22 തീയതികളിൽ ചെറുതോണി പോലീസ് കോ-ഓപ്പറേറ്റീവ് ഓഡിറ്റോറിയത്തിൽ വച്ച് നടക്കും. ഈ കൺവൻഷനിൽ 19,20 തീയതികളിൽ രാവിലെ 10 മുതൽ 1 മണി വരെ പവ്വർ കോൺഫറൻസും, 21-ന് ഫാമിലി & യൂത്ത് കൗൺസിലിംഗും നടത്തപ്പെടുന്നു. പാസ്റ്റർമാരായ എബി ഏബ്രഹാം, പി.സി.ചെറിയാൻ (ചർച്ച് ഓഫ് ഗോഡ് സ്റ്റേറ്റ് മിഷൻ ബോർഡ് ഡയറക്ടർ), പി.ജെ. ജയിംസ് (ചർച്ച് ഓഫ് ഗോഡ് സ്റ്റേറ്റ് ഓവർസിയർ), ഷാജി ഇടുക്കി, എ.റ്റി.ജോസഫ്,ടോണി ഫ്രാൻസിസ് എന്നിവർ വചനം ശുശ്രൂഷിക്കും. കുമ്പനാട് അഗല്ല്യോസ് കൺവൻഷനിൽ ആദ്യോടന്തം ഗാനശുശ്രൂഷ നിർവ്വഹിക്കും. പാസ്റ്റർ ബിനു. കെ.ചെറിയാൻ, ബ്രദർ ജോൺസൻ കെ.എം. എന്നിവ നേതൃത്വം നൽകും.

## ഡിസ്ട്രിക്ട് കൺവൻഷൻ

**പത്തനംതിട്ട:** ശാരോൻ ചർച്ച് പത്തനംതിട്ട ഡിസ്ട്രിക്ട് കൺവൻഷൻ 2014 ജനുവരി 2മുതൽ 5 വരെ മേക്കൊഴൂർ മോടിയിൽ ഗ്രൗണ്ടിൽ വച്ച് നടക്കും. ഡിസ്ട്രിക്ട് മിനിസ്റ്റർ പാസ്റ്റർ വി. ജെ. തോമസ് ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകും.

## താലന്ത് പരിശോധന

ഏ. ജി. മലബാർ ഡിസ്ട്രിക്ട് സൺഡേസ്കൂൾ താലന്ത് പരിശോധന ഡിസംബർ 23-ന് തിങ്കളാഴ്ച കാലത്ത് 9.30 മുതൽ കോഴിക്കോട് നളന്തയിൽ വെച്ച് നടക്കും. സൂപ്രണ്ട് Rev : V.T. അബ്രഹാം ഉദ്ഘാടനം ചെയ്യും. പാസ്റ്റർ.കെ. എം. തോമസ് നിലമ്പൂർ പാസ്റ്റർ ഈശോ ജോൺപുല്ലിശ്ശേരി എന്നിവർ അദ്ധ്യക്ഷരായിരിക്കും.

## ഇവാഞ്ചലിസം ബോർഡ്

**മാവേലിക്കര:** ഐ.പി.സി. ആലപ്പുഴ ഈസ്റ്റ്സെന്റർ ഇവാഞ്ചലിസം ബോർഡിന്റേയും സോദരീ സമാജത്തിന്റേയും സംയുക്ത ആഭിമുഖ്യത്തിൽ നവംബർ 19- ന് വല്ലാരിമംഗലം, പൊന്നേഴ, എന്നിവിടങ്ങൾ കേന്ദ്രീകരിച്ച് പരസ്യയോഗങ്ങളും ഭവനസന്ദർശനവും നടന്നു. കർതൃദാസൻമാരായ സാംജോൺ,അനീഷ്, സുരേഷ് മാത്യു ലാസർ പോൾ എന്നിവർ പ്രസംഗിച്ചു. കെ.ജെ.മാത്യു,കെ. പി.ജോർജ്ജ്, അജയ്മാത്യു, സാബു വർഗ്ഗീസ് , ജോൺ സാമുവേൽ എന്നിവർ നേതൃത്വം നൽകി.

## ഐ. പി. സി. ജനറൽ കൗസിലിലേക്ക് തോമസ് കുര്യന് വൻ പരാജയം



ജോജി സാമുവേൽ

**ന്യൂയോർക്ക്:** ഐ. പി. സി. ഈസ്റ്റേ റീജിയൻ കൗസിൽ നിും ജനറൽ കൗസിൽ മെമ്പർ സ്ഥാനത്തേക്കു നട തെരഞ്ഞെടുപ്പിൽ ഐ. പി. സി. ഈസ്റ്റേ റീജിയൻ മുൻ പ്രസിഡന്റായിരു പാസ്റ്റർ മാത്യു സാമുവേലിന്റെ മകൻ ജോജി സാമുവേൽ തെരഞ്ഞെടുക്കപ്പെ'ു. നോർത്ത് അമേരിക്കയിലുള്ള ഐ. പി. സി.യുടെ ഏറ്റവും വലിയ റീജിയനായ ഈസ്റ്റേ റീജിയന് ഒരു കൗസിൽ മെമ്പർസ്ഥാനം കൂടി നൽകുവാൻ ഐ. പി. സി. ജനറൽ കൗസിൽ തീരുമാനിച്ചതിനെ തുടർാണ് ഈ തെരഞ്ഞെടുപ്പ് നടത്.

ജനറൽ കൗസിൽ സ്ഥാനത്തേക്ക് നട തെരഞ്ഞെടുപ്പിൽ രണ്ട് പേർ മത്സരിച്ചു. ജോജി സാമുവേലിനെതിരായി മത്സരിച്ച തോമസ് കുര്യൻ 2012-ൽ കാനഡായിൽ നട പിസിനാക്കിന്റെ സെക്ര'റിയായിരുു. 39 അംഗങ്ങൾ ഉള്ള ഐ. പി. സി. ഈസ്റ്റേ റീജിയൻ കൗസിൽ മെമ്പർമാരിൽ 29 പേർ വോ'ു രേഖപ്പെടുത്തി. ജോജി സാമുവേലിന് 21 വോ'ും തോമസ് കുര്യന് 8 വോ'ുമാണ് ലഭിച്ചത്. തെരഞ്ഞെടുപ്പിന് മുമ്പായി രണ്ട് സ്ഥാനാർത്ഥികൾക്കും തങ്ങളെകുറിച്ച് പറയുവാൻ അവസരം നൽകി. ആദ്യമായി പറഞ്ഞ ജോജി തന്റെ മുൻകാല പ്രവർത്തനങ്ങളെക്കുറിച്ചു പറഞ്ഞതിനോടൊപ്പം എെ തെരഞ്ഞെടുത്താൽ ഞാൻ ക്രിസ്തുനാമം അപമാനമാകാത്ത രീതിയിലുള്ള തീരുമാനങ്ങൾക്ക് അനുകൂല നിലപാട് കൗസിൽ അനുകൂലിക്കും എു പറഞ്ഞു. പാസ്റ്റർ ഈി ഏബ്രഹാം ശുശ്രൂഷിക്കു ന്യൂയോർക്ക് പെന്തക്കോസ്ത് അസംി യിൽ നട തെരഞ്ഞെടുപ്പിന് റീജിയൻ പ്രസിഡന്റ് പാസ്റ്റർ പി. ഫിലിപ്പ് അദ്ധ്യക്ഷത വഹിച്ചു.

## ആലയ സമർപ്പണം

**ഹരിപ്പാട്:** ഹരിപ്പാട് ടൗൺ ഗിൽഗാൽ ചർച്ച് ഓഫ് ഗോഡ് സഭയ്ക്കുവേണ്ടി പുതുതായി പണികഴിച്ച സഭാഹാളിന്റെ സമർപ്പണ ശുശ്രൂഷ ഹരിപ്പാട് ഡിസ്ട്രിക്ട് പാസ്റ്റർ റവ. ബാബു വർഗീസ് നിർവ്വഹിച്ചു. പാസ്റ്റർ ചാർളി വർഗ്ഗീസ് അദ്ധ്യക്ഷത വഹിച്ചു. പ്രൊഫ. എം. കെ. ശാമുവേൽ, പഞ്ചായത്ത ് പ്രസിഡന്റ് ശ്രീ. ചന്ദ്രൻ, വാർഡ് മെമ്പർ ശ്രീ. ഫിലിപ്പ് എന്നിവർ ആശംസകളർപ്പിച്ചു.

## പവർ കോൺഫറൻസ്

**ഒറ്റപ്പാലം:** അസംബ്ലീസ് ഓഫ് ഗോഡ് സഭയുടെ ആഭിമുഖ്യത്തിൽ ഡിസംബർ 19 മുതൽ 21 വരെ കാലത്ത് 10.30 മുതൽ 1.30 വരെ ഒറ്റപ്പാലം മെഗാമാളിൽ വെച്ച് പവർ കോൺഫറൻസ് നടക്കും. ബ്രദർ.അനിൽ കൊടിത്തോട്ടം, ഡോ. രാജു തോമസ് എന്നിവർ പ്രസംഗിക്കും. ഹെവൻലി വോയ്സ് സംഗീതശുശ്രൂഷ നയിക്കും. പാസ്റ്റർ കെ.കെ. വിൽസൺ നേതൃത്വം നൽകും.

കണ്ടതും കേട്ടതും

# "കൃപ കൃപയൊന്നെന്നാശ്രയമായ്"

ജയ്മോഹൻ അതിരുങ്കൽ
9567759748

ആധുനിക ചിത്രകലയെന്നൊരു കലാരൂപമുണ്ട്. കുറെ നിറങ്ങൾ അവിടെയും ഇവിടെയുമെല്ലാം വാരിത്തേച്ച്, ഒരു കണ്ണും വേറൊരു ഭാഗത്തു ചുണ്ടും ഒക്കെയായി വരയ്ക്കുന്നതാണത്. അങ്ങനെയുള്ള ശില്പങ്ങളുമുണ്ട്. കാണുന്നവർക്കു തലപെരുക്കും- ഒന്നും മനസ്സിലാകുകയുമില്ല. ഗ്രേറ്റർ കൊച്ചിൻ ഡെവലപ്മെന്റ് അഥോറിറ്റിയുടെ ഓഫീസിനു മുന്നിലുള്ള (കടവന്ത്ര, കൊച്ചി) ശില്പങ്ങൾ കണ്ടാൽ മതി; അന്തിച്ചുപോകും. എന്തിനാണ് ഈ വികൃതികളെന്ന് ആലോചിച്ചാൽ (ചോദിച്ചാൽ) വേണ്ടപ്പെട്ടവർ അതിന്റെ അർത്ഥം പറഞ്ഞു തരും. നമുക്കൊന്നും അവ കണ്ടു മനസ്സിലാക്കാനുള്ള ബുദ്ധിയില്ലല്ലോ. 'ബുദ്ധിജീവികൾ' എന്നൊരു വകുപ്പിൽപ്പെട്ടവർക്കേ അതു മനസ്സിലാകൂ എന്നാണു വയ്പ്.



രക്ഷിക്കപ്പെടുന്നതിന് മുമ്പ് ഒരു നാടകം കണ്ടതോർക്കുന്നു. 'എൻ.എൻ. പിള്ളയും നാടകകുടുംബവും' അവതരിപ്പിച്ച 'ഈശ്വരൻ അറസ്റ്റിൽ' എന്ന നാടകമായിരുന്നു അത്. നാടകത്തിൽ ഈശ്വരൻ (ദൈവം) അനിയനും പിശാചു ചേട്ടനുമാണ്. എൻ.എൻ. പിള്ള ഐൻസ്റ്റീനായും വേഷമിടുന്നു. എനിക്കതു കണ്ടിട്ട് ഒന്നും മനസ്സിലായില്ല. ഉടനെ എന്നെപ്പോലെ തന്നെ ഒന്നും മനസ്സിലാകാത്ത വേറൊരാൾ പറയുന്നത് കേട്ടു, 'കൊള്ളാമായിരുന്നു അല്ലേ?' അദ്ദേഹത്തിന് അതിന്റെ സാരം മനസ്സിലായിയെന്നു ബോദ്ധ്യപ്പെടുത്തി 'ബുദ്ധി' തെളിയിക്കാനുള്ള ശ്രമമായിരുന്നു അത്. തലകറക്കമുണ്ടാക്കുന്ന നാടകങ്ങളും നോവലുകളും കാർട്ടൂണുകളുമൊക്കെ ഇക്കൂട്ടത്തിലുണ്ട്. ഒ. വി. വിജയന്റെ കാർട്ടൂണുകൾ കണ്ടിട്ടുണ്ട്. എന്താണ് അവയിലൂടെ ഉദ്ദേശിക്കുന്നതെന്നു മനസ്സിലാവുകയില്ല! അദ്ദേഹം മരിച്ചപ്പോൾ ഒരാളിങ്ങനെ എഴുതി: " അദ്ദേഹത്തിന്റെ കാർട്ടൂൺ ശൈലിക്ക് അനുകരണങ്ങൾ പോലുമുണ്ടായിട്ടില്ല!" ആരാണ് ആ ശൈലി അനുകരിക്കാൻ ബദ്ധപ്പെടുന്നത്! ഒരു രവിശങ്കർ അതുപോലെ വരയ്ക്കുന്നതു കണ്ടിട്ടുണ്ട്. കാർട്ടൂണെന്നു പറഞ്ഞാൽ അതു ചിരിപ്പിക്കുന്നതായിരിക്കണം. അതിലൂടെ ചിന്തിപ്പിക്കുന്നതുമാകാം. അതിൽ ലക്ഷ്മൺ, റ്റോംസ്, ഗോപീകൃഷ്ണൻ എന്നിവരാണു മുമ്പർ.

നവംബർ 16-30 ലക്കം ഹല്ലേലുയ്യാ കണ്ടപ്പോൾ ഈ മോഡേൺ ആർട്ട് ചിത്രത്തിന്റെ കാര്യം ഓർമ്മ വന്നു. ജയിംസ് മേമനയെന്ന പ്രേംകുമാർ ജയിംസിന്റെ അഭിമുഖം വായിച്ചപ്പോൾ തലയ്ക്കൊരു പെരുപ്പു പോലെ തോന്നി. ഇത്രയും കാലം ആർക്കും മനസ്സിലാകാതെ കിടന്ന ഒരു കാര്യം ഈ അന്ത്യകാലത്തു വെളിപ്പെട്ടതെങ്ങനെയെന്നോർത്തുപോയി. സുവിശേഷങ്ങളിലെ യേശുവിനെത്തന്നെയല്ലേ അപ്പോസ്തലനായ പൗലോസ് പ്രസംഗിച്ചത്? ദാവീദിന്റെ സന്തതിയായി ജനിച്ചു മരിച്ച് അടക്കപ്പെട്ട് ഉയിർത്തെഴുന്നേറ്റ യേശുവും ലേഖനങ്ങളിലെ യേശുവും വ്യത്യസ്തരാണോ? മറ്റൊരു സുവിശേഷമെന്നാൽ, യേശുക്രിസ്തുവിലുള്ള വിശ്വാസം മാത്രം പോരാ, ന്യായപ്രമാണത്തിലെ അനുഷ്ഠാനങ്ങൾകൂടെ രക്ഷയ്ക്ക് ആവശ്യമാണെന്ന ഉപദേശമാണ്. മറ്റ് അപ്പോസ്തലന്മാർക്കു ലഭിച്ച അതേ കൃപ തന്നെയാണു പൗലോസിനും ലഭിച്ചത്, നമുക്കും ലഭിച്ചത്. അവരൊക്കെ കർത്താവിനെ റബ്ബീയെന്നു നാട്ടുനടപ്പുപോലെ വിളിച്ചെങ്കിലും അവർക്കറിയാമായിരുന്നു കർത്താവു ദൈവപുത്രനാണെന്ന്. "നീ ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാണെ'ന്നു പിന്നെയെങ്ങനെയാണു പറയുക? "നിങ്ങളെന്നെ കർത്താവും ഗുരുവുമെന്നു വിളിക്കുന്നു"- കർത്താവു പറഞ്ഞതാണിത്. "എന്റെ കർത്താവും എന്റെ ദൈവവുമേ" എന്നു തോമസ് വിളിച്ചിരുന്നല്ലോ. അന്നത്തെ നാട്ടുനടപ്പുപോലെ ശിഷ്യന്മാർ കർത്താവിനെ വിളിച്ചുവെന്നു മാത്രം. പലപ്പോഴും ഭൂതങ്ങൾ സത്യം വിളിച്ചുപറഞ്ഞപ്പോൾ, കർത്താവ് അവയെ വിലക്കിയിട്ടുമുണ്ട്. മറ്റു ശിഷ്യന്മാർക്ക് ലഭിക്കാത്ത ഉപദേശസത്യങ്ങളൊന്നും തന്നെ പുതിയതായി പൗലോസിനു കർത്താവു നൽകിയില്ല. പൗലോസിനു കർത്താവു പഠിക്കാൻ അവസരമുണ്ടാക്കിക്കൊടുത്തുവെന്നു മാത്രം. ശിഷ്യൻമാർക്ക് ലഭിച്ച അവസരം പൗലോസിനു ലഭിച്ചിരുന്നില്ലല്ലോ. അപ്പോസ്തലപ്രവൃത്തികൾ അടിസ്ഥാനമാക്കി ഉപദേശം സ്ഥാപിച്ചതിൽ കുഴപ്പമൊന്നുമില്ല. ഒരാൾ രക്ഷിക്കപ്പെടുമ്പോൾത്തന്നെ നീതീകരണവും വിശുദ്ധീകരണവും വീണ്ടുംജനനവുമെല്ലാം നടക്കുകയല്ലേ? വ്യത്യസ്തമായ പദപ്രയോഗങ്ങൾ ഉയർത്തിപ്പിടിച്ച് ആശയക്കുഴപ്പമുണ്ടാക്കുകയല്ലല്ലോ ആശാസ്യമായിട്ടുള്ളത്.

കർത്താവായ യേശു കല്പിച്ച സ്നാനം ത്രിയേകദൈവത്തിന്റെ നാമത്തിലുള്ളതാണ്. അതാണ് അനുസരിക്കേണ്ടതും 'in', into എന്നീ രണ്ടു പദങ്ങളുപയോഗിച്ചുവെന്നു കരുതി സ്നാനത്തിനെന്താണു വ്യത്യാസം വരാൻ പോകുന്നത്? ഭാഷകൾക്ക് എല്ലായിടത്തും പരിമിതിയുണ്ട്. ഉദാഹരണത്തിന്, ഗുരു എന്നതിനു തുല്യമായ പദം ഇംഗ്ലീഷിലില്ല. Master എന്നാൽ ഗുരു ആകുന്നില്ല. ഗുരു, മാസ്റ്ററെക്കാൾ ഉയർന്നവനും വലിയവനുമാണ്. ക്രിസ്തുവിനോടു ചേരുക എന്നതിന് into the name of എന്ന് ഉപയോഗിക്കേണ്ടതുണ്ടോ? അല്ലെങ്കിൽത്തന്നെ 'ക്രിസ്തുവിനോടു ചേരുവാൻ സ്നാനമേറ്റവരായ' എന്നത് ഒരു പുതിയ പ്രയോഗമല്ലല്ലോ.

ജയിംസ് മേമനയെന്നയാളിനെ എനിക്കു നേരത്തെ അറിയാം. അദ്ദേഹം കർണാടകത്തിലെ മുണ്ട്ഗോഡുനിന്ന് ഒരു റ്റീമായി ഹൈറേഞ്ചിൽ പോയി യോഗം നടത്തി. കുമ്പനാട്ടുനിന്നു പാട്ടുകാരേയും കൊണ്ടുപോയി. ഹൈറേഞ്ചിലെ സമുദായക്കാരെയും പെന്തെക്കോസ്തുകാരെയുമെല്ലാം കൂട്ടി വരുത്തി യോഗം നടത്തി. ആകെപ്പാടെ പാട്ടുപാടി ഇളക്കപ്പെരുക്കമുണ്ടാക്കിയിട്ടു പോന്നു. ഞാൻ അന്ന് അദ്ദേഹത്തോടു ചോദിച്ചു, എന്തായിരുന്നു ഈ യോഗം? അദ്ദേഹം പറഞ്ഞത്, 'പരിശുദ്ധാത്മാവിലുള്ള കൂട്ടായ്മ'. രക്ഷയുടെ ദൂത് (സുവിശേഷം) അവിടെ പറഞ്ഞതേയില്ല. സമുദായക്കാർക്കെല്ലാം വലിയ സന്തോഷമായിരുന്നു.

മനസ്സിലാകാത്ത കാര്യം മനസ്സിലാകാത്ത രീതിയിൽ പറയുക, അതു മനസ്സിലായിയെന്ന ഭാവേന ഇരിക്കുക. ഇതൊക്കെയാണ് ഇന്നു സുവിശേഷലോകത്തിൽ നടക്കുന്നത്. ഇതിനൊക്കെ മറുപടി നൽകി അടിച്ചൊതുക്കാൻ നേതാക്കൻമാർക്കു നേരവുമില്ല, ഉള്ളവർക്കു കാര്യം അറിയുകയുമില്ല. ഏതു ദുരുപദേശം പറഞ്ഞാലും അതിന്റെ വാലിൽ തൂങ്ങാനും അതു പ്രചരിപ്പിക്കാനും ആളുണ്ട്. മദാമ്മ സ്വപ്നം കണ്ടതേയുള്ളൂ- ഒന്നാന്തരമൊരു കൾട്ട് രൂപപ്പെട്ടു. എന്നെ അത്ഭുതപ്പെടുത്തുന്നത്, അതെല്ലാം മൊത്തമായും ചില്ലറയായും കച്ചവടം ചെയ്യാൻ കേരളത്തിൽ ആളുണ്ടായിയെന്നതാണ്. ഇനിയെന്തെല്ലാം 'ചാടിക്കൽ ഗ്രേസ്' വരാൻ പോകുന്നു; കാത്തിരുന്നു കാണാം- അന്ത്യകാലം!

**നീക്കിബാക്കി:** ഇൻഡ്യയിലെ ഏറ്റവും വലിയ ഒരു പെന്തക്കോസ്തുസഭയാണു മദ്രാസിലുള്ള മോഹൻ പാസ്റ്ററുടെ സഭ. അതിനു സമീപത്തു തന്നെ ഇപ്പോഴൊരു വമ്പൻ കൾട്ട് സഭയുണ്ട്, കോടികൾ ചെലവിട്ട്, അമേരിക്കൻ മോഡലിൽ പണി കഴിപ്പിച്ചിരിക്കുന്ന അന്ത്യകാലവിശുദ്ധൻമാരുടെ സഭ - മിറ്റ്റോംനിയുടെ പള്ളി!

## സമർപ്പണം



**ആയൂർ:** ഇൻഡ്യൻ പെന്തക്കോസ്ത് ദൈവസഭ മലപ്പേരൂർ ബഥേൽ സഭയ്ക്കുവേണ്ടി പുതുതായി പണിത ആരാധനാലയത്തിന്റെ സമർപ്പണ ശുശ്രൂഷയും ഉദ്ഘാടനവും ഐ.പി.സി. ആയൂർ സെന്റർ ശുശ്രൂഷകൻ പാസ്റ്റർ വർഗ്ഗീസ് മത്തായി നിർവ്വഹിച്ചു. സഭാശുശ്രൂഷകൻ പാസ്റ്റർ സാബു മാത്യു അദ്ധ്യക്ഷത വഹിച്ചു. പാസ്റ്റർമാരായ ജോൺ സാമുവേൽ,തോമസ് ഫിലിപ്പ്,കെ.പി.ഏബ്രഹാം,വിത്സൻ വർഗ്ഗീസ്,ഷാജൻ ഏബ്രഹാം,ഷൈജു മാത്യു, ബ്രദർ ജോസ് ഫിലിപ്പ് തുടങ്ങിയവർ പ്രസംഗിച്ചു.

ന്യൂ പൻവേൽ ചർച്ച് ഓഫ് ഗോഡ്
വാർഷികവും ഉപവാസപ്രാർത്ഥനയും
ഉപവാസപ്രാർത്ഥന: ഡിസംബർ 29,30,31
വാർഷികം: ഡിസംബർ 29
മുഖ്യാതിഥി
പാസ്റ്റർ ജോസഫ് മാത്യു (റീജണൽ ഓവർസിയർ)
ഏവർക്കും സ്വാഗതം
പൻവേലിൽ ജോലിക്കും മറ്റു ആവശ്യങ്ങൾക്കുമായി വരുന്നവർക്കും
ഇവിടെ താമസിക്കുന്ന വിശ്വാസികൾക്കും
ആത്മീക ആരാധനയ്ക്കും കൂട്ടായ്മയ്ക്കുമായി ബന്ധപ്പെടുക.
സണ്ടേസ്കൂൾ: ഞായർ രാവിലെ 9.30 – 10 വരെ
ആരാധന: ഞായർ രാവിലെ 10 –1 വരെ
ഉപവാസപ്രാർത്ഥന: വെള്ളി രാവിലെ 10–12.30 വരെ
കോട്ടേജ് മീറ്റിംഗ് : ശനി രാത്രി 7.30 –9 വരെ
For More Details PR. ALEXKUTTY
PH: 9833945489
Address
E 202, Apeksha Complex
Akurli, New Panvel, Navi Mumbai

ഉടൻ പ്രസിദ്ധീകരിക്കുന്നു

കർണ്ണാടകയിലെ ഗ്രാമീണജനതയുടെ
ജീവിത സ്പന്ദനങ്ങൾ
ഒപ്പിയെടുത്ത് ക്രിസ്തീയ പശ്ചാത്തലത്തിൽ
ഹൃദയ സ്പർശിയായി അവതരിപ്പിച്ചിരിക്കുന്ന
ചെറുകഥാ സമാഹാരം
മഴ തേടുന്ന വേഴാമ്പൽ
ജോസഫ് കാടമല, 9740979040

MOB: 9447368795
beljourn@gmail.Com
beljourn.com/ www.bjournal.org
VOL 06, ISSUE 23

BELIEVERS JOURNAL

BELIEVERS JOURNAL
P. O. BOX NO. 31, MANJADI P.O
THIRUVALLA, KERALA - 689 105
Publishing Date
10/12/2013

RNI. NO. KERMAL/2008/26530 | POSTAL REG. NO. KL/7LA/225/2012-14

# പവർ ടു ചെയ്ഞ്ച് ക്യാമ്പെയിന് മുംബൈയിൽ തുടക്കം

പരസ്യങ്ങളിലൂടേയും മാധ്യമങ്ങളിലൂടേയും യേശു ജീവിതത്തിൽ വരുത്തുന്ന മാറ്റം വിളിച്ചോതുന്ന സുവിശേഷ ക്യാമ്പയിൻ പവർ ടു ചെയ്ഞ്ചിന് നവംബർ 15-ന് മുംബൈ നഗരത്തിൽ തുടക്കമായി. കിട്ടാവുന്ന എല്ലാ മാധ്യമങ്ങളിലൂടേയും സുവിശേഷ സത്യം ജനങ്ങളിൽ എത്തിക്കുന്ന ഈ സംരംഭം കൊണ്ട് ജനലക്ഷങ്ങളാണ് സുവിശേഷം കേൾക്കുന്നത്. മുംബൈ നഗരത്തിലെ 1200 -ഓളം സഭകളുടെ കൂട്ടായ്മയാണ് ഈ പരിപാടി സംഘടിപ്പിക്കുന്നത്. Power to Change -ന്റെ നാഷണൽ കൺവീനർ പാസ്റ്റർ ശേഖർ കല്യാൺപൂരിന്റെ നേതൃത്വത്തിൽ നടക്കുന്ന ഈ ക്യാമ്പയിൻ പൊതുജനങ്ങളുടെ ശ്രദ്ധ ആകർഷിച്ചു കഴിഞ്ഞു. പവർ ടു ചെയിഞ്ചിന്റെ പരസ്യങ്ങൾ പ്രമുഖ റെയിൽവേ സ്റ്റേഷനുകൾ, ലോക്കൽ ട്രെയിനുകൾ, ബസുകൾ, ദിനപത്രങ്ങൾ, ടി.വി, റേഡിയോ, ബാനർ, ഹോർഡിംഗ്സ്, ഇന്റർനെറ്റ്, സോഷ്യൽ മീഡിയ, നോട്ടീസ് അങ്ങനെ കിട്ടാവുന്ന എല്ലാ മാധ്യമങ്ങളിലൂടേയും സുവിശേഷസത്യം ജനങ്ങളിലെത്തിക്കുന്നു.ഏകദേശം 5000 കോളുകളാണ് പ്രതിദിനം ഞങ്ങളുടെ കോൾ സെന്ററിലെത്തുന്നത്.




ഞാൻ എട്ട് കേസുകൾ കൈകാര്യം ചെയ്തു. ഇത് ജനങ്ങൾക്ക് പ്രത്യാശയുടെ സന്ദേശം നൽകുന്നു പാസ്റ്റർ ശേഖർ കല്യാൺപുർ പറഞ്ഞു. ജീവിതത്തിന്റെ നാനാ തുറകളിൽപ്പെട്ട 14 പേരുടെ ജീവൻ മാറ്റി മറിച്ച ശക്തിയുടെ രഹസ്യം അനുഭവിക്കുവാൻ പരസ്യത്തിൽ കൊടുത്തിരിക്കുന്ന toll-free നമ്പരിൽ വിളിക്കുവാൻ ഇത് ആഹ്വാനം ചെയ്യുന്നു. അങ്ങനെ വിളിക്കുന്നവർക്ക് ഈ 14 പേരുടെ അനുഭവസാക്ഷ്യം ഉൾപ്പെടുന്ന പുസ്തകം പവർ ടു ചെയിഞ്ചിന്റെ പ്രവർത്തകർ സൗജന്യമായി വീട്ടിൽ എത്തിച്ചുകൊടുക്കും. ഈ ക്യാമ്പെയിന്റെ ഭാഗമായി മുംബൈ ധാരാവിയിൽ നടന്ന സുവിശേഷയോഗത്തിൽ പതിനായിരങ്ങൾ പങ്കെടുത്തു. ബോളിവുഡ് ഹാസ്യനടനും വിശ്വാസിയുമായ ജോണി ലിവർ മുഖ്യാതിഥി ആയിരുന്നു. 14 പേരുടെ സാക്ഷ്യം അടങ്ങിയ പുസ്തകത്തിൽ ഓട്ടോ ഡ്രൈവർ മുതൽ വൻ വ്യവസായി വരെ യേശുവുമായുള്ള തങ്ങളുടെ അനുഭവം വിവരിക്കുന്നു. "ഇത് അന്ത്യകാലമാണ്. യുദ്ധങ്ങളും അഴിമതിയും പ്രകൃതി ദുരന്തങ്ങളും ദാരിദ്ര്യവും നമ്മെ അസ്വസ്ഥരാക്കുന്നു. ഇവിടെ പണക്കാരനും പാവപ്പെട്ടവനും ഒരുപോലെ ദുഃഖിതരാണ്. ജനം അസമാധാനത്തിലാണ്. ദൈവം നമ്മെ സ്വതന്ത്രരാക്കി. നമുക്ക് സൗജന്യമായി ലഭിച്ച ഈ സന്തോഷം മറ്റുള്ളവരോട് പങ്ക് വയ്ക്കുവാൻ നാം കടപ്പെട്ടവരാണ്. പാസ്റ്റർ ശേഖർ

പ്രകാശ് പി. കോശി

ബിലീവേഴ്സ് ജേണലിനോട് പറഞ്ഞു. വിവിധ ഭാഷകളിൽ പ്രിന്റു ചെയ്ത സൗജന്യപുസ്തകം ആവശ്യപ്പെടുന്നവർക്ക് നൽകാൻ ഇതിന്റെ സംഘാടകർ തയ്യാറാണ്. മുംബൈ നഗരവാസികൾ 75% പേരും ലോക്കൽ ട്രെയിനിൽ യാത്ര ചെയ്യുന്നവരാണ്. അതുകൊണ്ട് തന്നെ ട്രെയിനുകളിലും സ്റ്റേഷനിലും നിറഞ്ഞു നിൽക്കുന്ന ഈ ക്യാമ്പയിൻ പരസ്യങ്ങൾ അവഗണിക്കുവാൻ ആർക്കും കഴിയുകയില്ല. ഡിസംബർ 15- ന് അവസാനിക്കുന്ന ഈ പരിപാടി മൂലം ലക്ഷങ്ങൾക്ക് ക്രിസ്തുവിനെ കണ്ടെത്തുവാൻ സാധിക്കും എന്ന് സംഘാടകർ വിശ്വസിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് പാസ്റ്റർ ശേഖർ കല്യാൺപൂരിനെ വിളിക്കാം 09821077769.







Printed & Published by Peter Mathew Owned By M.V. Philip Mekkattu House, Payippad P.O, Alappuzha- 690 556, Samkutty Mathew Koipurath House, Makkapuzha.P.O., Ranni,PTA - 689 676, Peter Mathew, Valliyathu House, Kallumkal P.O., Thiruvalla, PTA- 689 111. Published From P.B. No. 8, R.S.P.O.Thiruvalla, Pin: 689 111 Pathanamthitta (Dist) & Printed at Cochin Printech Pvt Ltd., Udyogamandal P.O., Ernakulam Dist. Kerala, Editor - Samkutty Mathew.